ഗിരിദീപം

ജനുവരി 2026

2026
HAPPY NEW YEAR

ജനുവരി 06 ദനഹാത്തിരുനാൾ

നവവൈദികർക്ക് അഭിനന്ദനങ്ങൾ

Rrv. Fr. Joseph (Arun)
Ayilukunnel

Rev. Fr. Jacob (Allwyn)
Kashamkattil

Rev. Fr. Xavier (Arun)
Kuriyalanickal

Rev. Fr. George (Albert)
Mappilaparambil

Rev. Fr. Clement
Narikuzhiyil

Rev. Fr. Joseph (Sebin)
Palackal

Rev. Fr. Joseph (Roshin)
Parakkalayil

Rev. Fr. Mathew (Arun)
Pookkulathel

Rev. Fr. Joseph (Amal)
Pookkulathel

Rev. Fr. Devasia (Ajoice)
Pottakulathil

Rev. Fr. Kuriakose (Bovin)
Puliyanappallil

Rev. Fr. Jacob
Thundiyil

Rev. Fr. Martin (Melwin)
Thurackal

Rev. Fr. Mathew
Vadakkel

ജനുവരി 2026

വാല്യം 09
ലക്കം 01

ഗിരിദീപം

തലശ്ശേരി അതിരൂപതയുടെ മുഖപത്രം

Archbishops House, Holloway Road, Thalassery, Kerala, India - 670101
Ph: 0091-490 2341058; Email: curiaadtly@gmail.com; Web: www.archdioceseoftellicherry.org

ഗിരിദീപം

തലശ്ശേരി അതിരൂപതയുടെ മുഖപത്രം

1. Prot. No. 766/2025, Circular No. 01/2026 05
2. Prot. No. 767/2025, Circular No. 02/2026 09
3. Prot. No. 756/2025, Circular No. 17/2025 12
4. കച്ചേരിക്കാര്യം 15
5. പാസ്റ്ററൽ കൗൺസിൽ റിപ്പോർട്ട് 24
6. മരിയൻ തീർത്ഥാടനം 27
7. വൈദികക്ഷേമം 31
8. കാറ്റക്കെറ്റിക്കൽ അപ്പൊസ്റ്റോലേറ്റ് 33
9. ബൈബിൾ അപ്പൊസ്റ്റോലേറ്റ് 40
10. ചിൽഡ്രൻ അപ്പൊസ്റ്റോലേറ്റ് 41
    തിരുബാലസഖ്യം 45
11. യൂത്ത് അപ്പൊസ്റ്റോലേറ്റ് 47
12. ഫാമിലി അപ്പൊസ്റ്റോലേറ്റ് 50
13. എജ്യൂക്കേഷണൽ അപ്പൊസ്റ്റോലേറ്റ് 59
    വിമൽജ്യോതി എഞ്ചിനീയറിംഗ് കോളേജ് 62
    നിർമ്മലഗിരി കോളേജ് 65
14. ലെയ്റ്റി അപ്പൊസ്റ്റോലേറ്റ്
    എയ്ഞ്ചൽ ഡയാലിസിസ് 69
    കരിസ്മാറ്റിക് 70
    ADAM 73
    കെ.സി.ബി.സി. മദ്യവിരുദ്ധസമിതി 75
15. സോഷ്യൽ സർവ്വീസ് അപ്പൊസ്റ്റോലേറ്റ് 78
    ബയോമൗണ്ടൻ 83
    ഇൻഫാം 87
16. ധ്യാനകേന്ദ്രങ്ങളിലൂടെ 89
17. വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന് (പാംപ്ലാനി പിതാവ്) 90
18. Engagements - January (Archbishop Mar Joseph Pamplany) 92
19. വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന് (ഞറളക്കാട്ട് പിതാവ്) 94
20. Engagements - January (Archbishop Mar George Njaralakatt) 96
21. വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന് (വലിയമറ്റം പിതാവ്) 97
22. Engagements - January (Archbishop Mar George Valiamattam) 98

സർക്കുലർ

മാർ ജോസഫ് പാംപ്ലാനി

Prot. No. 766/2025, Circular No. 01/2026

സമുദായ ശക്തീകരണ വർഷം 2026

ഈശോയിൽ പ്രിയ സഹോദരീസഹോദരന്മാരെ,

2026 സമുദായ ശക്തീകരണ വർഷമായി സീറോ മലബാർ സഭയിലെ മുഴുവൻ രൂപതകളിലും ആചരിക്കുകയാണ്. കഴിഞ്ഞ വർഷം നമ്മുടെ അതിരൂപതയിൽ സമുദായ ശക്തീകരണ വർഷം ആചരിച്ചിരുന്നുവെങ്കിലും ഈ വർഷവും സമുദായ ശക്തീകരണ വർഷം തുടരുവാനാണ് വിവിധ കാനോനിക സമിതികൾ തീരുമാനമെടുത്തിരിക്കുന്നത്. സമുദായ ശക്തീകരണ വർഷാചരണത്തിന്റെ ഭാഗമായി സീറോ മലബാർ സഭയിൽ പൊതുവായി നല്കപ്പെടുന്ന കർമ്മപദ്ധതികളോടൊപ്പം അതിരൂപതാതലത്തിൽ വിഭാവനം ചെയ്യുന്ന അജപാലന പദ്ധതികളും ഒരുമിച്ച് കൂടുതൽ കാര്യക്ഷമമായ വർഷാചരണമാണ് ഈ വർഷം നമ്മുടെ അതിരൂപതയിൽ ലക്ഷ്യം വയ്ക്കുന്നത്.

"വിശ്വസിച്ചിരുന്നവരെല്ലാം ഒരു സമൂഹമായിത്തീർന്നു" (അപ്പ 2, 41-44) എന്ന തിരുവചനം സഭ ഈ ലോകത്ത് ഒരു സമൂഹമെന്ന നിലയിലാണ് നിലനില്ക്കുന്നതെന്ന സത്യം അനുസ്മരിപ്പിക്കുന്നുണ്ട്. ഈശോ സഭയെ ഏല്പിച്ച ദൗത്യം കാര്യക്ഷമമായി പൂർത്തീകരിക്കുവാൻ ഒരു സമുദായം എന്ന നിലയിൽ നാം കെട്ടുറപ്പോടെ നിലകൊള്ളേണ്ടിയിരിക്കുന്നു. വിശ്വാസികൾക്കിടയിൽ സമുദായബോധം വളർത്തുകയും സീറോമലബാർ സമുദായം എന്ന നിലയിൽ നാം നേരിടുന്ന പ്രതിസന്ധികളെയും വെല്ലുവിളികളെയുംകുറിച്ച് അംഗങ്ങളെ ബോധവത്കരിക്കുകയും ഹ്രസ്വകാല, ദീർഘകാല പദ്ധതികൾ ആസൂത്രണം ചെയ്ത് സാധ്യമായ പരിഹാര നടപടികൾ സ്വീകരിക്കുകയുമാണ് സമുദായ ശക്തീകരണ വർഷം 2026 ന്റെ ആത്യന്തീക ലക്ഷ്യമായി സീറോ മലബാർ സഭയിൽ നിർണ്ണയിച്ചിരിക്കുന്നത്. സർക്കാർ

തലത്തിലും സഭാതലത്തിലും നടന്ന പഠനങ്ങളുടെ വെളിച്ചത്തിൽ കേരള ക്രൈസ്തവർക്ക് പൊതുവായതും സീറോ മലബാർ സമുദായാംഗങ്ങൾക്ക് പ്രത്യേകമായും വിവിധ മേഖലകളിൽ പിന്നോക്കാവസ്ഥയുണ്ടെന്നാണ് വ്യക്തമാകുന്നത്.

ഇന്ത്യയിലെ ഏറ്റവും പുരാതനമായ സമുദായങ്ങളിലൊന്നാണ് സീറോമലബാർ സഭ. 50 ലക്ഷത്തോളം വിശ്വാസികളും 35 രൂപതകളും പതിനായിരത്തിൽപരം വൈദികരും മുപ്പത്തിരണ്ടായിരത്തോളം സമർപ്പിതരും ഉൾക്കൊള്ളുന്നതാണ് നമ്മുടെ സഭ. സാമൂഹിക സാമ്പത്തിക മേഖലകളിൽ ഉയർന്ന സ്ഥാനം ഈ സമുദായാംഗങ്ങൾ വഹിച്ചിരുന്നു. എന്നാൽ ഒരു സമുദായമെന്ന നിലയിൽ ഏറെ ആശങ്കപ്പെടേണ്ട സാഹചര്യങ്ങൾ നാം ഇന്ന് നേരിടുന്നുണ്ട്. വിവിധ മേഖലകളിൽ നാം ശക്തിപ്പെടേണ്ടതുണ്ട്. സമുദായ വർഷാചരണം നാം തുടരുമ്പോൾ ഒന്നാമതായി, സഭാതലത്തിൽ പൊതുവായി നടപ്പിലാക്കുവാൻ നിർദ്ദേശിക്കുന്ന കർമ്മപദ്ധതികളെ ഇടവകാതലത്തിലും ഫൊറോനാതലത്തിലും കാര്യക്ഷമമായി നടപ്പിലാക്കാൻ എല്ലാവരുടെയും പരിശ്രമമുണ്ടാകണമെന്ന് പ്രത്യേകം അഭ്യർത്ഥിക്കുന്നു. ഇടവകാതലത്തിൽ ദൈവജനത്തിന് സമുദായ ശക്തീകരണ വർഷാചരണത്തിന്റെ പ്രാധാന്യം മനസ്സിലാക്കി കൊടുക്കുവാൻ ബഹു. വികാരിയച്ചന്മാർ പ്രത്യേകം താല്പര്യപ്പെടുമല്ലോ.

രണ്ടാമതായി, കഴിഞ്ഞ വർഷം സമുദായ ശക്തീകരണ വർഷാചരണത്തിന്റെ ഭാഗമായി വിവിധ അപ്പസ്തോലേറ്റുകളുടെ നേതൃത്വത്തിൽ വിഭാവനം ചെയ്ത കർമ്മപദ്ധതികൾ കൂടുതൽ കാര്യക്ഷമമായി ഈ വർഷവും തുടരേണ്ടതാണ്. 2025 ലെ പ്രവർത്തനങ്ങളുടെ വിലയിരുത്തലിൽ ഒട്ടേറെ അഭിമാനകരമായ പ്രവർത്തനങ്ങൾ സമുദായശക്തീകരണ വർഷാചരണത്തിന്റെ ഭാഗമായി നമ്മുടെ അതിരൂപതയിൽ നടപ്പിലാക്കാൻ നമുക്കു കഴിഞ്ഞു. സമുദായശക്തീകരണ വർഷത്തിൽ സമുദായാംഗങ്ങളുടെ എണ്ണത്തിൽ വർദ്ധനവുണ്ടാകണമെന്ന മർമ്മപ്രധാനമായ ആശയം ഫാമിലി അപ്പൊസ്തോലേറ്റിന്റെ കീഴിലുള്ള പ്രൊലൈഫ് പ്രസ്ഥാനം വഴി ദൈവജനത്തിന്റെ പക്കലേക്ക് എത്തിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. വലിയ കുടുംബങ്ങളെ സഹായിക്കുന്ന 'താരാട്ട്', 'കരുതൽ', 'കുഞ്ഞേ നിനക്കായി', 'കൈത്താങ്ങ്', 'ജീവോത്സവം' തുടങ്ങിയ നവീന പദ്ധതികളെല്ലാം സമുദായ ശക്തീകരണ വർഷത്തിലെ എടുത്തുപറയേണ്ട പ്രവർത്തനങ്ങളായിരുന്നു. മുഴുവൻ അപ്പൊസ്തോലേറ്റുകളും ഊർജ്ജസ്വലമായ പ്രവർത്തനങ്ങളാണ് കാഴ്ചവച്ചത്. ഏവരെയും ഞാൻ അഭിനന്ദിക്കുന്നതോടൊപ്പം സമുദായത്തെ

ശക്തിപ്പെടുത്തുന്ന കൂടുതൽ നവീനമായ പദ്ധതികൾ കാര്യക്ഷമമായി നടപ്പിലാക്കുവാൻ പരിശ്രമിക്കണമെന്ന് ഓർമ്മിപ്പിക്കുകയും ചെയ്യുന്നു.

മൂന്നാമതായി, കുടുംബകൂട്ടായ്മകൾ ഈ വർഷം കൂടുതൽ സജീവമായി നടത്തുവാൻ പരിശ്രമിക്കണം. ഇടവകകളുടെ ഏറ്റവും അടിസ്ഥാനപരമായ കൂട്ടായ്മകൾ കുടുംബകൂട്ടായ്മകളാണ്. നമ്മുടെ അതിരൂപതയിൽ കുടുംബകൂട്ടായ്മകൾ കൃത്യമായി നടക്കുന്ന ധാരാളം ഇടവകകൾ ഉണ്ടെങ്കിലും സമുദായശക്തീകരണ വർഷത്തിൽ കൂടുതൽ ശ്രദ്ധ കുടുംബകൂട്ടായ്മകളുടെ നടത്തിപ്പിൽ ഉണ്ടാകുവാൻ ശ്രദ്ധ ചെലുത്തണം. സമുദായത്തെ സംബന്ധിക്കുന്ന വിഷയങ്ങൾ ചർച്ച ചെയ്യുകയും ഒരുമിച്ച് പ്രാർത്ഥിക്കുകയും ഇടവകയെ സംബന്ധിച്ചുള്ള കാര്യങ്ങളിൽ ദൈവജനത്തിന് കൂടുതൽ പങ്കാളിത്തമുണ്ടാകുകയും ചെയ്യുന്നത് കുടുംബകൂട്ടായ്മകളിലൂടെയാണ്. വലിയ ഇടവകകളാണെങ്കിലും ബഹു. വൈദികരുടെയും സമർപ്പിതരുടെയും സാന്നിധ്യം കുടുംബകൂട്ടായ്മകളിൽ ഉറപ്പുവരുത്തുകയും മുടക്കം കൂടാതെ കുടുംബകൂട്ടായ്മകൾ നടത്തുകയും ചെയ്യുവാൻ ഈ വർഷം പ്രത്യേകം ശ്രദ്ധിക്കുമല്ലോ.

നാലാമതായി, എല്ലാ ഇടവകകളിലും കത്തോലിക്കാ കോൺഗ്രസിന്റെ പ്രവർത്തനങ്ങൾ ആരംഭിക്കുകയും സമുദായാംഗങ്ങളെ ഒരുമിച്ച് ചേർക്കുവാനുള്ള പരിശ്രമങ്ങൾ നടത്തുകയും ചെയ്യണം. സമുദായ വിഷയങ്ങൾ ചർച്ച ചെയ്യുന്നതിനും പഠിക്കുന്നതിനും പ്രതികരിക്കുന്നതിനും സമുദായാംഗങ്ങൾക്ക് ഒരുമിച്ച് ചേരുവാനുള്ള പൊതുവേദിയായി കത്തോലിക്കാ കോൺഗ്രസിനെ ഇടവകകളിൽ രൂപപ്പെടുത്തണം. സഭയ്ക്കും സമുദായത്തിനുമെതിരായി വരുന്ന എല്ലാ നീക്കങ്ങളെയും പ്രതിരോധിക്കുവാൻ കത്തോലിക്കാ കോൺഗ്രസിലൂടെ ദൈവജനത്തെ നമുക്ക് സജ്ജമാക്കാം. സാമൂഹിക രാഷ്ട്രീയ മേഖലകളിൽ ക്രിയാത്മകമായി ഇടപെടുന്ന, ആനുകാലിക വിഷയങ്ങളോട് ക്രൈസ്തവ മൂല്യങ്ങളെ അടിസ്ഥാനമാക്കി പ്രതികരിക്കുന്ന സമൂഹത്തെ ഇടവകയിൽ നാം രൂപപ്പെടുത്തണം.

അവസാനമായി, മലബാറിന്റെ വളർച്ചയിൽ കുടിയേറ്റ ജനത വഹിച്ച പങ്ക് വ്യക്തമായി വരുംതലമുറകൾക്കും മനസ്സിലാകുംവിധം മലബാർ കുടിയേറ്റത്തിന്റെ ചരിത്ര രചന പൂർത്തിയാക്കേണ്ടതുണ്ട്. 1920 കളിൽ ഒറ്റപ്പെട്ട കുടുംബങ്ങളായി ആരംഭിച്ച കുടിയേറ്റം 1940 കളിൽ സംഘടിതഭാവം കൈവരിച്ചു. തിരുവിതാംകൂറിൽനിന്ന് മലബാറിലേക്കുള്ള ആദ്യകുടിയേറ്റം നടന്നത് 1926 ൽ പാലക്കാട് ജില്ലയിലെ

മണ്ണാർക്കാടേക്കായിരുന്നു. 1928 ൽ കണ്ണൂർ ജില്ലയിലെ കോളയാടേക്കും കുടിയേറ്റമുണ്ടായി. ഓരോ പ്രദേശങ്ങൾക്കും ഉണ്ടായിട്ടുള്ള വളർച്ചയിൽ നമ്മുടെ സമുദായം വഹിച്ച പങ്ക് കൃത്യമായി രേഖപ്പെടുത്തേണ്ടത് നമ്മുടെ കടമയാണ്. ഓരോ ഇടവകയിലും പ്രത്യേക കമ്മറ്റിയെ രൂപീകരിച്ച് പ്രസ്തുത പ്രദേശത്തിന്റെ ചരിത്ര രചനക്കുവേണ്ട കാര്യങ്ങൾ ക്രമീകരിക്കുവാൻ ബഹു. വികാരിയച്ചന്മാർ പ്രത്യേക താല്പര്യം കാണിക്കുമല്ലോ. കുടിയേറ്റ ജനതയുടെ സംഭാവനകൾ വിവരിക്കുന്ന പുസ്തകങ്ങൾ, സിംമ്പോസിയം, ഷോർട്ട് ഫിലിമുകൾ, ഡോക്യുമെന്ററികൾ എന്നിവ നിർമ്മിച്ച് ദൈവജനത്തിന് നല്കണം. ഒരു സമുദായത്തെ തകർക്കാനുള്ള എളുപ്പവഴി അതിന്റെ മഹത്തായ ചരിത്രത്തെ തമസ്കരിക്കുന്നതാണെന്ന സത്യം നാം മറക്കരുത്.

നമ്മുടെ സമുദായത്തെ ശക്തിപ്പെടുത്തേണ്ടത് വരും തലമുറകളോട് നാം ചെയ്യേണ്ട ഏറ്റവും അടിസ്ഥാനപരമായ ഉത്തരവാദിത്വമാണ്. കെട്ടുറപ്പുള്ള ഒരു സമുദായത്തിന്റെ ഭാഗമാകാതെ നമുക്കോ വരും തലമുറകൾക്കോ വളർച്ചയില്ലെന്ന സത്യം നമുക്ക് മനസ്സിലാക്കാം. 2026 ജനുവരി മാസത്തെ ആദ്യത്തെ ഞായറാഴ്ച പള്ളികളിൽ സമുദായ ശക്തീകരണ വർഷാചരണത്തിന്റെ തുടർച്ചയെക്കുറിച്ച് ദൈവജനത്തെ അറിയിച്ച് ദിവ്യബലിമധ്യേ തിരി തെളിയിക്കണം. 'സീറോമലബാർ സഭ സമുദായശക്തീകരണ വർഷം 2026' എന്ന ബോർഡ് പള്ളികളിൽ സ്ഥാപിക്കണം.

കർത്താവിന്റെ തിരുസഭയിലെ അംഗങ്ങളായ നമ്മെ കെട്ടുറപ്പുള്ള സമുദായമാക്കി അവിടുന്ന് വളർത്തട്ടെ. ഇടവകയെയും സമുദായത്തെയും സ്നേഹിക്കുന്നവരായി നമുക്ക് വളരാം. നിങ്ങൾ ഏവരെയും പിതാവിന്റെയും † പുത്രന്റെയും † പരിശുദ്ധാത്മാവിന്റെയും † നാമത്തിൽ ആശീർവ്വദിക്കുന്നു.

സ്നേഹപൂർവ്വം നിങ്ങളുടെ പിതാവ്,

† മാർ ജോസഫ് പാംപ്ലാനി
തലശ്ശേരി അതിരൂപതാ മെത്രാപ്പോലീത്ത

2025 ഡിസംബർ 28 ന് തിരുക്കുടുംബത്തിന്റെ തിരുനാൾ ദിനത്തിൽ തലശ്ശേരി അതിരൂപതാ കാര്യാലയത്തിൽ നിന്ന് നൽകപ്പെട്ടത്.

NB: ഈ സർക്കുലർ 2026 ജനുവരി 04-ാം തീയതി ഞായറാഴ്ച വി. കുർബാന മധ്യേ എല്ലാ ഇടവകപ്പള്ളികളിലും വി. കുർബാന നടക്കുന്ന മറ്റ് സ്ഥലങ്ങളിലും വായിക്കേണ്ടതാണ്.

സർക്കുലർ

മാർ ജോസഫ് പാംപ്ലാനി

Prot. No. 767/2025, Circular No. 02/2026

തലശ്ശേരി അതിരൂപത ബൈബിൾ കൺവെൻഷൻ

ഈശോയിൽ പ്രിയ സഹോദരീസഹോദരന്മാരെ,

തലശ്ശേരി അതിരൂപതയുടെ പ്ലാറ്റിനം ജൂബിലി ആഘോഷത്തിനൊരുക്കമായി ബൈബിൾ കൺവെൻഷനുകൾ സംഘടിപ്പിക്കുവാൻ വിവിധ സമിതികൾ തീരുമാനമെടുത്തിരുന്നു. ഇതിൻപ്രകാരം ആദ്യത്തെ ബൈബിൾ കൺവെൻഷൻ കഴിഞ്ഞ വർഷം മാർച്ച് മാസത്തിൽ ചെമ്പേരിയിൽവച്ച് നടത്തുകയുണ്ടായി. ഈ വർഷത്തെ ബൈബിൾ കൺവെൻഷൻ 2026 ജനുവരി 30, 31, ഫെബ്രുവരി 1, 2, 3 തീയതികളിലായി ഉച്ചകഴിഞ്ഞ് 4:00 മണി മുതൽ രാത്രി 9:00 മണിവരെ വെള്ളരിക്കുണ്ട് ലിറ്റിൽ ഫ്ളവർ ഫൊറോനാ ദൈവാലയ അങ്കണത്തിൽ വച്ച് നടത്തുകയാണ്. സുപ്രസിദ്ധ വചനപ്രഘോഷകനും അട്ടപ്പാടി സെഹിയോൻ ധ്യാനകേന്ദ്രത്തിന്റെ സ്ഥാപക ഡയറക്ടറുമായ ബഹു. സേവ്യർ ഖാൻ വട്ടായിലച്ചനും ടീം അംഗങ്ങളുമാണ് കൺവെൻഷന് നേതൃത്വം നല്കുന്നത്.

അഞ്ച് ദിവസങ്ങളിലായി നടക്കുന്ന ബൈബിൾ കൺവെൻഷൻ നമ്മുടെ അതിരൂപതക്കുമുഴുവൻ ആത്മീയ ഉണർവിന്റെ അവസരമാകും. ദൈവവചനം ശ്രവിക്കുവാനും വചനം പഠിക്കുവാനും അതുവഴി പരിശുദ്ധാത്മാവിനാൽ നിറഞ്ഞ് വരപ്രസാദത്തിൽ ജീവിക്കുവാനും വ്യക്തികളെ പ്രാപ്തരാക്കുന്ന വിധത്തിലാണ് ബൈബിൾ കൺവെൻഷനിലെ വിവിധ ആത്മീയ ശുശ്രൂഷകൾ ക്രമീകരിച്ചിരിക്കുന്നത്. "സമയം പൂർത്തിയായി ദൈവരാജ്യം സമീപിച്ചിരിക്കുന്നു, അനുതപിച്ച് സുവിശേഷത്തിൽ വിശ്വസിക്കുവിൻ" (മർക്കോ 1, 15) എന്ന തിരുവചനമനുസരിച്ച്

ജീവിതത്തെ നവീകരിക്കുവാൻ നമുക്ക് പരിശ്രമിക്കാം. അനുതാപത്തിന്റെയും മാനസാന്തരത്തിന്റെയും വഴികളിലേക്ക് തിരുവചനം നമ്മെ നയിക്കും. നിത്യജീവനെ ലക്ഷ്യം വച്ചുള്ള ജീവിതമാണ് നമ്മുടേതെന്ന യാഥാർത്ഥ്യം തിരുവചനം നമ്മെ ബോധ്യപ്പെടുത്തും. ആത്മീയ ജീവിതത്തിലെ വ്യക്തിപരമായ ഉണർവ്വ് നമ്മുടെ കുടുംബങ്ങളുടെയും ഇടവകകളുടെയും സമൂഹത്തിന്റെയും ഉണർവ്വായി മാറും. തിരുവചന ശ്രവണം നമ്മുടെ ജീവിതത്തെ നവീകരണത്തിലേക്ക് നയിക്കും.

ഓരോ ക്രിസ്ത്യാനിയുടെയും ജീവിതം നിരന്തരമായ ആത്മീയ സമരത്തിന്റേതാണ്. നമ്മുടെ ശത്രു പിശാചാണ്. നരകപിശാചിനെ പരാജയപ്പെടുത്തുവാനുള്ള ആയുധമാണ് ദൈവവചനം. "അവസാനമായി കർത്താവിലും അവിടുത്തെ ശക്തിയുടെ പ്രഭാവത്തിലും കരുത്തുള്ളവരാകുവിൻ. സാത്താന്റെ കുടിലതന്ത്രങ്ങളെ എതിർത്ത് നില്ക്കുവാൻ ദൈവത്തിന്റെ എല്ലാ ആയുധങ്ങളും ധരിക്കുവിൻ, എന്തെന്നാൽ നമ്മൾ മാംസത്തിനും രക്തത്തിനും എതിരായിട്ടല്ല, പ്രഭുത്വങ്ങൾക്കും ആധിപത്യങ്ങൾക്കും ഈ അന്ധകാരലോകത്തിന്റെ അധിപന്മാർക്കും സ്വർഗ്ഗീയ ഇടങ്ങളിൽ വസിക്കുന്ന തിന്മയുടെ ദുരാത്മാക്കൾക്കുമെതിരായിട്ടാണ് പടവെട്ടുന്നത്. അതിനാൽ ദൈവത്തിന്റെ എല്ലാ ആയുധങ്ങളും ധരിക്കുവിൻ ... ദൈവവചനമാകുന്ന ആത്മാവിന്റെ വാൾ എടുക്കുകയും ചെയ്യുവിൻ" (എഫേ 6, 10-17) എന്ന പൗലോസ് അപ്പസ്തോലന്റെ ആഹ്വാനം ഈ യാഥാർത്ഥ്യത്തെ സ്ഥിരീകരിക്കുന്നതാണ്.

വെള്ളരിക്കുണ്ടിൽ നടക്കുന്ന ഈ ബൈബിൾ കൺവെൻഷനിൽ കഴിയുന്നിടത്തോളം ആളുകൾ സംബന്ധിക്കുമല്ലോ. കാസർഗോഡ് ജില്ലയിലെ വിവിധ ഫൊറോനകളിലെ ദൈവജനത്തിന്റെ പ്രത്യേക പങ്കാളിത്തമാണ് പ്രതീക്ഷിക്കുന്നതെങ്കിലും മറ്റ് ഫൊറോനാകളിൽ നിന്നും കൺവെൻഷനായി കഴിയുന്നിടത്തോളം ദൈവജനം എത്തിച്ചേരുമല്ലോ. ഇടവകാതലങ്ങളിൽ വാഹനങ്ങൾ ക്രമീകരിച്ച് ദൈവവചനവിരുന്നിൽ പരമാവധി ആളുകളെ പങ്കെടുപ്പിക്കുവാൻ ബഹു. വികാരിയച്ചന്മാർ ശ്രദ്ധിക്കുമല്ലോ. കൺവെൻഷൻ ദിനങ്ങളിൽ തിരുവചനം കൊണ്ട് കർത്താവ് നമ്മുടെ അതിരൂപതയെ വിശുദ്ധീകരിക്കും. വചനം കേൾക്കുവാൻ വലിയ സമൂഹമായി എത്തുന്നത് കൂട്ടായ സാക്ഷ്യത്തിന്റെ അവസരം കൂടിയാണ്. കൺവെൻഷൻ വിജയത്തിനായി നമുക്ക് പ്രാർത്ഥിക്കാം. കർത്താവിന്റെ വചനം നമുക്ക് സൗഖ്യം നല്കട്ടെ. "ദൈവത്തിന്റെ വചനം സജീവവും ഊർജ്ജസ്വലവുമാണ്, ഇരുതലവാളിനെക്കാൾ മൂർച്ചയേറിയതും ചേതനയിലും ആത്മാവിലും സന്ധിബന്ധങ്ങളിലും മജ്ജയിലും തുളച്ചുകയറി ഹൃദയത്തിന്റെ വിചാര

ങ്ങളെയും നിയോഗങ്ങളെയും വിവേചിക്കുന്നതുമാണ്" (ഹെബ്രാ 4, 12). ദൈവവചനത്തിന്റെ ശക്തി വെളിപ്പെടുത്തുന്ന ഈ തിരുവചനത്തിന്റെ അഭിഷേകം നമ്മിൽ നിറയട്ടെ. വചനം നമ്മെ പ്രത്യാശയിലേക്കും സ്നേഹത്തിലേക്കും നയിക്കും. ആഗതമാകുന്ന വലിയ നോമ്പിനുള്ള ഏറ്റവും നല്ല ഒരുക്കമായി ഈ ബൈബിൾ കൺവെൻഷൻ മാറട്ടെ എന്ന് ആശംസിക്കുന്നു. നിങ്ങൾ ഏവരെയും വചനവിരുന്നാസ്വദിക്കുവാൻ വെള്ളരിക്കുണ്ടിലേക്ക് ക്ഷണിക്കുന്നു.

തിരുവചനത്തിന്റെ ശക്തി നാമെല്ലാവരുടെയുംമേൽ വ്യാപരിക്കട്ടെയെന്ന് പ്രാർത്ഥിച്ചുകൊണ്ട് പിതാവിന്റെയും ✝ പുത്രന്റെയും ✝ പരിശുദ്ധാത്മാവിന്റെയും ✝ നാമത്തിൽ നിങ്ങൾ ഏവരെയും ആശീർവ്വദിക്കുന്നു.

സ്നേഹപൂർവ്വം നിങ്ങളുടെ പിതാവ്,

✝ മാർ ജോസഫ് പാംപ്ലാനി
തലശ്ശേരി അതിരൂപതാ മെത്രാപ്പോലീത്ത

2025 ഡിസംബർ 25 ന് ക്രിസ്തുമസ് ദിനത്തിൽ തലശ്ശേരി അതിരൂപതാ കാര്യാലയത്തിൽ നിന്ന് നൽകപ്പെട്ടത്.

NB: ഈ സർക്കുലർ 2026 ജനുവരി 11-ാം തീയതി ഞായറാഴ്ച വി. കുർബാന മധ്യേ എല്ലാ ഇടവകപ്പള്ളികളിലും വി. കുർബാന നടക്കുന്ന മറ്റ് സ്ഥലങ്ങളിലും വായിക്കേണ്ടതാണ്.

സർക്കുലർ

മാർ ജോസഫ് പാംപ്ലാനി

Prot. No. 756/2025, Circular No. 17/2025

കരുണാലയം
സുവർണ്ണ ജൂബിലിയുടെ നിറവിൽ

ഈശോയിൽ സ്നേഹമുള്ളവരെ,

തലശ്ശേരി അതിരൂപതയുടെ നേതൃത്വത്തിൽ അശരണരും ആലംബഹീനരുമായ സഹോദരങ്ങൾക്കായി ചെമ്പേരിയിൽ പ്രവർത്തിക്കുന്ന കരുണാലയം സുവർണ്ണ ജൂബിലിയുടെ നിറവിൽ എത്തിയിരിക്കുകയാണ്. തലശ്ശേരി അതിരൂപതയുടെ ജീവകാരുണ്യത്തിന്റെ മുഖമായ കരുണാലയം പാവപ്പെട്ടവരും തിരസ്കൃതരുമായ വൃദ്ധ മാതാപിതാക്കൾക്കൊരു അഭയകേന്ദ്രമായി നിലകൊള്ളുകയാണ്. 'മലബാറിന്റെ മോസസ്' എന്നറിയപ്പെടുന്ന മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി പിതാവിന്റെ പൗരോഹിത്യ രജതജൂബിലി സ്മാരകമായി 1975 ആഗസ്റ്റ് 24 നാണ് കരുണാലയം സ്ഥാപിതമായത്. കരുണാലയത്തിന്റെ ജൂബിലി ആഘോഷങ്ങൾ 2025 ഡിസംബർ 28 ഞായറാഴ്ച ഉച്ചകഴിഞ്ഞ് 3 മണിക്ക് ചെമ്പേരി കരുണാലയത്തിൽവച്ച് നടത്തുകയാണ്.

കഴിഞ്ഞ 50 വർഷങ്ങൾ ആയിരത്തിലധികം വൃദ്ധജനങ്ങൾക്ക് ആശ്വാസമാകുവാനും അഭയമേകുവാനും കരുണാലയത്തിനു കഴിഞ്ഞിട്ടുണ്ട്. സ്വന്തം ഭവനത്തിൽ നിന്നും സമൂഹത്തിൽ നിന്നും പല കാരണങ്ങളാൽ മാറ്റിനിറുത്തപ്പെട്ടവരെ ദൈവസ്നേഹത്തിന്റെ കുടക്കീഴിൽ ചേർത്തുപിടിക്കുവാൻ കരുണാലയത്തിനു കഴിഞ്ഞു. കരുണാലയത്തിന്റെ വളർച്ചക്കായി കഠിനാദ്ധ്വാനം ചെയ്ത എല്ലാ ഡയറക്ടർ അച്ചന്മാരുടെയും സന്യസ്തരുടെയും പ്രത്യേകമായി ഫ്രാൻസിസ്കൻ ക്ലാരിസ്റ്റ്

സന്യാസിനീ സമൂഹത്തിന്റെയും ഇപ്പോൾ ശുശ്രൂഷ ചെയ്യുന്ന സിസ്റ്റേഴ്സ് ഓഫ് ഡെസ്റ്റിറ്റ്യൂട്ട് സന്യാസിനീ സമൂഹത്തിന്റെയും വൈദിക വിദ്യാർത്ഥികളുടെയും നിസ്വാർത്ഥമായ ശുശ്രൂഷകൾ കരുണാലയത്തിന്റെ വളർച്ചയിൽ നിർണ്ണായകമായ പങ്ക് വഹിച്ചിട്ടുണ്ട്. ആരംഭം മുതൽ ഈ സ്ഥാപനത്തെ ചേർത്ത് പിടിച്ച ചെമ്പേരി ഇടവകാസമൂഹത്തിനും വിമല ഹോസ്പിറ്റലിലെ ഡോക്ടർമാർക്കും നേഴ്സുമാർക്കും അതിരൂപതയിലെ വിവിധ ഇടവകകളിലെ ഭക്തസംഘനാംഗങ്ങൾക്കും ഹൃദ്യമായ നന്ദി അറിയിക്കുന്നു. വ്യാപാരി വ്യവസായികൾ, വിവിധ ക്ലബുകൾ, സന്നദ്ധസംഘടനകൾ എന്നിവരുടെ സഹകരണങ്ങളും നന്ദിയോടെ ഓർമ്മിക്കുന്നു.

തലശ്ശേരി അതിരൂപതയുടെ ജൂബിലി സ്മാരകമായി ചെമ്പേരി കരുണാലയത്തോട് ചേർന്ന് മരണാസന്നരായ ക്യാൻസർ രോഗികൾക്കായി 2003 ഡിസംബർ 3 ന് ആരംഭിച്ച 'സാന്ത്വനം' പാലിയേറ്റീവ് കെയർ സെന്റർ അനേകം കുടുംബങ്ങൾക്ക് ആശ്വാസകേന്ദ്രമാണ്. ക്യാൻസർ രോഗത്തിന്റെ വേദനകളിലും ദുഃഖങ്ങളിലും പ്രയാസപ്പെടുന്നവർക്ക് കാരുണ്യത്തിന്റെയും കരുതലിന്റെയും മഹത്തായ ശുശ്രൂഷ നല്കുവാൻ സാന്ത്വനം പാലിയേറ്റീവ് കെയർ സെന്ററിന് കഴിയുന്നുണ്ട്. ഇതിനോടകം അഞ്ഞൂറിലേറെ ക്യാൻസർ രോഗികൾ സാന്ത്വനത്തിന്റെ ശുശ്രൂഷ സ്വീകരിച്ച് നിത്യസമ്മാനത്തിനായി കടന്നുപോയിട്ടുണ്ട്.

കരുണാലയം സുവർണ്ണ ജൂബിലി ആഘോഷിക്കുമ്പോൾ അതിരൂപതയിലെ മുഴുവൻ വൈദികരെയും സന്യസ്തരെയും അൽമായ സഹോദരങ്ങളെയും നന്ദിയോടെ ഓർക്കുന്നു. നിങ്ങളുടെ ആത്മാർത്ഥമായ സഹകരണത്തിലൂടെയാണ് ഈ സ്ഥാപനം നടത്തപ്പെടുന്നത്. നിങ്ങളുടെ കുടുംബങ്ങളിലെ ആഘോഷാവസരത്തിലും മറ്റ് സന്ദർഭങ്ങളിലും ചെമ്പേരി കരുണാലയത്തെ സഹായിക്കുവാൻ നിങ്ങൾ കാണിക്കുന്ന സന്മനസ്സിനെ നന്ദിയോടെ ഓർമ്മിക്കുന്നു. തലശ്ശേരി അതിരൂപതയിലെ വിവിധ ഭക്തസംഘടനകൾ വഴിയുള്ള സഹായങ്ങളും ശുശ്രൂഷകളും കരുണാലയത്തിന്റെ മുന്നോട്ടുള്ള പ്രവർത്തനങ്ങൾക്ക് അത്യന്താപേക്ഷിതമാണ്. ഇടവകകളിൽ നടത്തപ്പെടുന്ന മരണാനന്തര ചടങ്ങുകളിൽ നേർച്ചയായി ലഭിക്കുന്ന തുകയിൽ പകുതി കരുണാലയത്തിന്റെ നടത്തിപ്പിനായി മാറ്റി വയ്ക്കുന്ന പതിവ് നമുക്ക് തുടരാം. ഇക്കാര്യത്തിൽ ബഹു. വികാരിയച്ചന്മാരുടെ സഹകരണത്തിന് പ്രത്യേകം നന്ദി അറിയിക്കുന്നു.

കഴിഞ്ഞ അൻപതു വർഷങ്ങളായി ഈശോയുടെ കരുണാർദ്ര സ്നേഹം ആളുകളിലേക്ക് എത്തിക്കുവാൻ കരുണാലയത്തെ ഉപകരണമാക്കിയ ദൈവത്തിന് നമുക്ക് നന്ദി പറയാം. പാവപ്പെട്ടവരിൽ ഈശോയെ കണ്ടുകൊണ്ടുള്ള പ്രവർത്തനങ്ങൾ കൂടുതൽ സജീവമാക്കുവാനും തലശ്ശേരി അതിരൂപതയുടെ ജീവകാരുണ്യത്തിന്റെ മുഖമായി സമൂഹത്തിൽ നിലകൊള്ളുവാനും കരുണാലയത്തിന് ഇനിയും കഴിയട്ടെ എന്ന് ആശംസിക്കുന്നു. കരുണാലയത്തിന്റെ വളർച്ചയിൽ സഹകരിക്കുന്ന എല്ലാവരെയും പ്രത്യേകമായി അവിടെ ശുശ്രൂഷ ചെയ്യുന്നവരെയും പിതാവിന്റെയും ✝ പുത്രന്റെയും ✝ പരിശുദ്ധാത്മാവിന്റെയും ✝ നാമത്തിൽ ആശീർവ്വദിച്ചുകൊണ്ട്

സ്നേഹപൂർവ്വം നിങ്ങളുടെ പിതാവ്,

✝ മാർ ജോസഫ് പാംപ്ലാനി
തലശ്ശേരി അതിരൂപതാ മെത്രാപ്പോലീത്ത

2025 ഡിസംബർ 08 ന് അമലോത്ഭവതിരുനാൾ ദിനത്തിൽ തലശ്ശേരി അതിരൂപതാ കാര്യാലയത്തിൽ നിന്ന് നൽകപ്പെട്ടത്.

NB: ഈ സർക്കുലർ 2025 ഡിസംബർ 14-ാം തീയതി ഞായറാഴ്ച വി. കുർബാന മധ്യേ എല്ലാ ഇടവകപ്പള്ളികളിലും വി. കുർബാന നടക്കുന്ന മറ്റ് സ്ഥലങ്ങളിലും വായിച്ചതാണ്.

Prot. No.773/2025

വിജ്ഞാപനം

പാരീഷ് കൗൺസിൽ അംഗങ്ങളുടെ തിരഞ്ഞെടുപ്പ്

പ്രിയപ്പെട്ട അച്ചന്മാരെ,

2023-2025 വർഷങ്ങളിലെ ഇടവക പ്രതിനിധി യോഗങ്ങളുടെ (പാരീഷ് കൗൺസിൽ) കാലാവധി 2026 മാർച്ച് 31 ന് അവസാനിക്കുകയാണല്ലോ. ഇടവകയുടെ നാനാവിധത്തിലുള്ള വളർച്ചയ്ക്കു വേണ്ടി ബഹു. വൈദികർക്കൊപ്പം ആത്മാർത്ഥമായ സേവനം ചെയ്ത പാരീഷ് കൗൺസിൽ അംഗങ്ങളെ നന്ദിയോടെ ഓർമ്മിക്കുന്നു. ഈശോയുടെ സഭയെ സ്നേഹിക്കുന്ന ശ്രേഷ്ഠമായ ഒരു അല്മായ സമൂഹത്താൽ നമ്മുടെ അതിരൂപത അനുഗ്രഹീതയാണ്. തങ്ങളുടെ ആരോഗ്യവും സമ്പത്തും സമയവും പരിധികളില്ലാതെ ഇടവകയ്ക്കുവേണ്ടിയും അതിരൂപതയിലെ പൊതുകാര്യങ്ങൾക്കുമായി സമർപ്പിച്ച പ്രിയപ്പെട്ട സഹോദരങ്ങളെ ഞാൻ നന്ദിയോടെ അനുസ്മരിക്കുന്നു. പുതിയ ഇടവക പ്രതി നിധികളെ 2026 മാർച്ച് 31 ന് മുമ്പ് തിരഞ്ഞെടുത്ത് എല്ലാ ഇടവകകളിലും പുതിയ പാരീഷ് കൗൺസിലിന് രൂപം കൊടുക്കുകയും അവരുടെ പേരുവിവരങ്ങൾ അതിരൂപത കച്ചേരിയിൽ അറിയിക്കുകയും ചെയ്യണം. പ്രതിനിധികളുടെ തിരഞ്ഞെടുപ്പിൽ പാലിക്കേണ്ട ക്രമവും വ്യവസ്ഥകളും താഴെ ചേർക്കുന്നു.

1. ഉദ്യോഗവശാലുള്ള അംഗങ്ങൾ

ഇടവകവികാരി, അസി. വികാരി (മാർ), തന്നാണ്ട് കൈക്കാരന്മാർ, ഇടവകയിൽനിന്നും അതിരൂപതാ പാസ്റ്ററൽ കൗൺസിൽ അംഗങ്ങളുണ്ടെങ്കിൽ അവർ, രൂപത അംഗീകരിച്ചിട്ടുള്ള സംഘടനകളുടെ പ്രസിഡന്റുമാർ, ഇൻഫാം, റ്റി.എസ്.എസ്.എസ്. എന്നിവയുടെ ഓരോ കത്തോലിക്കാ പ്രതിനിധി.

2. നാമനിർദ്ദേശം ചെയ്യപ്പെട്ട അംഗങ്ങൾ

ഇടവകയുടെ പുരോഗതിക്ക് സഹായിക്കുന്ന വിവിധ തലങ്ങളിൽ നിന്നുള്ള വിദഗ്ധരെ (ഉദാ. എഞ്ചീനിയർമാർ, അഡ്വക്കേറ്റ്സ്, ദൈവശാസ്ത്രബിരുദം നേടിയവർ) ഇടവക വികാരിക്ക് നാമനിർദ്ദേശം ചെയ്യാം. പത്തോ അതിൽ കൂടുതലോ ദളിത് ക്രൈസ്തവ കുടുംബങ്ങളുള്ള ഇടവകകളിൽ തെരഞ്ഞെടുപ്പുവഴി പ്രാതിനിധ്യം ലഭിക്കുന്നില്ലെങ്കിൽ ഇടവക വികാരി അവരിലൊരാളെ യോഗാംഗമായി നാമനിർദ്ദേശം ചെയ്യണം.

3. തിരഞ്ഞെടുക്കപ്പെടുന്ന അംഗങ്ങൾ

കുടുംബക്കൂട്ടായ്മ ഭാരവാഹികളിൽ നിന്നാണ് ഇടവക പ്രതിനിധിയോഗാംഗങ്ങളുടെ തിരഞ്ഞെടുപ്പ് നടത്തേണ്ടത്. നിലവിലുള്ള കുടുംബക്കൂട്ടായ്മ ഭാരവാഹികളുടെ കാലാവധിയും 2026 മാർച്ച് 31-ന് അവസാനിക്കും. (കുടുംബക്കൂട്ടായ്മ നിയമാവലി പേജ് 14), നമ്മുടെ അതിരൂപതയിലെ എല്ലാ ഇടവകകളിലും 2026 മാർച്ച് 31 ന് മുമ്പ് പുതിയ കുടുംബക്കൂട്ടായ്മ ഭാരവാഹികളെ തിരഞ്ഞെടുക്കണം.

1. കുടുംബക്കൂട്ടായ്മ യൂണിറ്റ് യോഗം ചേർന്ന് അതിൽ വച്ചാണ് ആ യൂണിറ്റിൽനിന്നുമുള്ള പ്രതിനിധികളെ തിരഞ്ഞെടുക്കേണ്ടത്. ഓരോ യൂണിറ്റിൽനിന്നും കുടുംബക്കൂട്ടായ്മ ഭാരവാഹികളായി പ്രസിഡന്റ്, വൈസ്പ്രസിഡന്റ്, സെക്രട്ടറി, ട്രഷറർ, കൺവീനർ എന്നിവരെ തിരഞ്ഞെടുക്കണം. കുടുംബക്കൂട്ടായ്മകളുടെ പ്രസിഡന്റ്, സെക്രട്ടറി എന്നിവരെ പാരീഷ് കൗൺസിൽ അംഗങ്ങളായി തിരഞ്ഞെടുക്കുന്നത് ഉചിതമായിരിക്കും.
2. ഓരോ ഇടവകയിലും പ്രതിനിധിയോഗത്തിലേക്ക് തിരഞ്ഞെടുക്കപ്പെടുന്നവരിൽ 35% വനിതകളായിരിക്കണം. (ഇടവകയിലെ മൊത്തം കുടുംബക്കൂട്ടായ്മ യൂണിറ്റുകളിൽനിന്നും നറുക്കെടുപ്പിലൂടെ 35% യൂണിറ്റുകളെ വനിതാസംവരണ യൂണിറ്റുകളായി നിശ്ചയിക്കുകയോ 70% യൂണിറ്റുകളിൽ രണ്ടു പ്രതിനിധികളിൽ ഒരാളെ വനിതകളിൽ നിന്ന് തിരഞ്ഞെടുക്കുകയോ ചെയ്യാം).
3. തിരഞ്ഞെടുപ്പിൽ ഓരോ കുടുംബത്തിലെയും കുടുംബനാഥനും കുടുംബനാഥയ്ക്കും വോട്ടവകാശം ഉണ്ടായിരിക്കും. ഇവർക്ക് വോട്ട് രേഖപ്പെടുത്താൻ അസൗകര്യമുള്ളപ്പോൾ കുടുംബത്തിലെ പ്രായപൂർത്തിയായ മറ്റൊരു പുരുഷനെയോ സ്ത്രീയെയോ രേഖാമൂലം ചുമതലപ്പെടുത്താവുന്നതാണ്.
4. ഇടവകയിലെ സമർപ്പിത സമൂഹങ്ങളുടെ പ്രതിനിധികളായി പുരുഷ

ന്മാരുടെ സമൂഹങ്ങളിൽനിന്നും ഒരാളെയും സ്ത്രീകളുടെ സമൂഹത്തിൽനിന്ന് ഒരാളെയും മൊത്തം സമൂഹങ്ങളുടെ പ്രതിനിധികളുടെ ഒരു മീറ്റിംഗ് ഇടവക വികാരി വിളിച്ചുകൂട്ടി തിരഞ്ഞെടുക്കണം. ഒന്നോ രണ്ടോ സന്യാസഭവനങ്ങൾ മാത്രമുള്ള ഇടവകകളിൽ എല്ലാഭവനങ്ങളുടെയും സുപ്പീരിയർമാരെയും അംഗങ്ങളാക്കാം.

5. സൺഡേസ്കൂൾ അധ്യാപകരുടെ ഒരു പ്രതിനിധിയെ അവർ തിരഞ്ഞെടുക്കുക.
6. ഇടവകയിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽനിന്നും ഇടവകക്കാരനായ പ്രതിനിധിയെ തിരഞ്ഞെടുക്കണം. അതുപോലെ ഇടവകയ്ക്ക് മറ്റ് സ്ഥാപനങ്ങൾ ഉണ്ടെങ്കിൽ അവയുടെ പ്രതിനിധിയെയും ഇടവകവികാരി വിളിച്ചുകൂട്ടുന്ന ഒരു മീറ്റിംഗിൽ വച്ച് തിരഞ്ഞെടുക്കേണ്ടതാണ്.

പ്രത്യേകം ശ്രദ്ധിക്കേണ്ടകാര്യങ്ങൾ

1. **യോഗ്യത :** ഇടവകാംഗങ്ങളുടെ അധ്യാത്മിക വളർച്ചയ്ക്കും സാമൂഹികവും സാംസ്കാരികവുമായ ഉന്നമനത്തിനും വിശ്വാസരൂപീകരണത്തിനും ഇടവകയുടെ നാനാവിധ വികസനപ്രവർത്തനങ്ങൾക്കും ബഹു. വികാരിയച്ചനോട് ചേർന്ന് പ്രവർത്തിക്കുവാൻ സന്മനസ്സും, സേവനതല്പരതയും, നേതൃത്വപാഠവും ഉള്ളവരെ തിരഞ്ഞെടുക്കുവാൻ പ്രോത്സാഹിപ്പിക്കണം. പരസ്യപാപികളോ, പള്ളിമുടക്കിൽപ്പെട്ടവരോ, സന്മാർഗ്ഗ ഭ്രംശകുറ്റങ്ങൾക്ക് ശിക്ഷിക്കപ്പെട്ടവരോ, നിരീശ്വരവാദം, യുക്തിവാദം, ഭൗതീകവാദം, വർഗ്ഗസമരം, സായുധവിപ്ലവം, ഏതെങ്കിലും പ്രത്യേക ജനവിഭാഗത്തിന്റെ സർവ്വാധിപത്യം തുടങ്ങിയ പ്രത്യേയ ശാസ്ത്രങ്ങളുടെ വക്താക്കളും തിരഞ്ഞെടുക്കപ്പെടാൻ യോഗ്യരല്ല. അതുപോലെ സഭാവിരുദ്ധ പ്രബോധനങ്ങൾ നടത്തുന്ന വിഘടിത വിഭാഗങ്ങളിൽ പ്രവർത്തിക്കുന്ന വ്യക്തികളും പാരീഷ് കൗൺസിൽ അംഗങ്ങളാകുവാൻ യോഗ്യരല്ല.
2. ഔദ്യോഗികാംഗങ്ങളും നോമിനേറ്റ് ചെയ്യപ്പെടുന്നവരുംകൂടി ആകെ അംഗങ്ങളുടെ മൂന്നിൽ ഒന്ന് കവിയരുത്.
3. തുടർച്ചയായി രണ്ടുപ്രാവശ്യത്തിൽ കൂടുതൽ ഒരാളെ വാർഡ് പ്രതിനിധിയായി തിരഞ്ഞെടുക്കാൻ പാടില്ല.
4. പുതിയ പാരീഷ് കൗൺസിലിൽ നിന്നും കോ-ഓർഡിനേറ്ററേയും പാരീഷ്കൗൺസിൽ സെക്രട്ടറിയെയും തിരഞ്ഞെടുക്കണം. നില

വിലുള്ള എല്ലാ ഇടവക കോഡിനേറ്റർമാരുടെയും (മൂന്ന് വർഷം പൂർത്തിയാകാത്തവരുൾപ്പെടെ) കാലാവധി മാർച്ച് 31-ഓടെ അവസാനിക്കും.

5. 2026-27 വർഷത്തേയ്ക്കുള്ള കൈക്കാരന്മാരെ പൊതുയോഗം തിരഞ്ഞെടുക്കുമ്പോൾ അതിൽ രണ്ടുപേരെങ്കിലും പുതിയ പാരീഷ്കൗൺസിലിലെ അംഗങ്ങളായിരിക്കണം.
6. പുതിയ പാരീഷ് കൗൺസിൽ അംഗങ്ങളുടെ സത്യപ്രതിജ്ഞ 2026 ഏപ്രിൽ 4-ാം തീയതി ശനിയാഴ്ചയോ ഏപ്രിൽ 5-ാം തീയതി ഞായറാഴ്ചയോ നടത്തേണ്ടതാണ്. പ്രതിജ്ഞയുടെ മാതൃക അതിരൂപതാ നിയമാവലിയിൽ നല്കിയിട്ടുണ്ട്.
7. പുതിയ പാരീഷ് കൗൺസിൽ അംഗങ്ങളുടെ ലിസ്റ്റ്, പുതിയ കോഡിനേറ്ററുടെ പേര്, ഫോൺ നമ്പർ എന്നിവ ആണ്ട് തിരട്ട് പാസ്സാക്കാൻ വരുമ്പോൾ കൊണ്ടുവരേണ്ടതാണ്.

സ്നേഹാശംസകളോടെ,

തലശ്ശേരി
25-12-2025

മാർ ജോസഫ് പാംപ്ലാനി
തലശ്ശേരി അതിരൂപതയുടെ മെത്രാപ്പോലീത്ത

1. പുതിയ നിയമനങ്ങൾ

i) റവ. ഫാ. തോമസ് കളത്തിൽ – വികാരി,
നെല്ലിയടുക്കം (അധിക ചുമതല)

2. ബഹു. അസി. വികാരിമാരുടെ സ്ഥലംമാറ്റം

ബഹു. അസി. വികാരിമാരുടെ സ്ഥലംമാറ്റം 2026 ജനുവരി 31 ശനിയാഴ്ചയായിരിക്കും.

3. തലശ്ശേരി അതിരൂപത ബൈബിൾ കൺവെൻഷൻ – വെള്ളരിക്കുണ്ട്

തലശ്ശേരി അതിരൂപതയുടെ പ്ലാറ്റിനം ജൂബിലി ആഘോഷങ്ങൾക്ക് ഒരുക്കമായി ബൈബിൾ കൺവെൻഷനുകൾ നടത്തുവാനുള്ള തീരുമാനപ്രകാരം രണ്ടാമത്തെ ബൈബിൾ കൺവെൻഷൻ 2026 ജനുവരി 30, 31 ഫെബ്രുവരി 1, 2, 3 തീയതികളിലായി വെള്ളരിക്കുണ്ട് ഫൊറോനാ ദൈവാലയാങ്കണത്തിൽ നടത്തുകയാണ്. സുപ്രസിദ്ധ വചനപ്രഘോഷകനും അട്ടപ്പാടി സെഹിയോൻ ധ്യാനകേന്ദ്രത്തിന്റെ സ്ഥാപക ഡയറക്ടറുമായ ബഹു. സേവ്യർ വട്ടായിലച്ചനും ടീം അംഗങ്ങളുമാണ് കൺവെൻഷൻ നയിക്കുന്നത്. കാസർഗോഡ് ജില്ലയിലെ ഫൊറോനാകളിലെ ദൈവജനത്തിന്റെ പ്രത്യേക പങ്കാളിത്തമാണ് ബൈബിൾ കൺവെൻഷന് പ്രതീക്ഷിക്കുന്നതെങ്കിലും സാധിക്കുന്നിടത്തോളം എല്ലാ ഫൊറോനാകളിൽ നിന്നും ഈ കൺവെൻഷനിൽ ദൈവജനത്തെ പങ്കെടുപ്പിക്കുവാൻ പരിശ്രമിക്കുമല്ലോ. അഭിവന്ദ്യ പിതാവ് രക്ഷാധികാരിയായും പ്രൊട്ടോസിഞ്ചെലൂസ് മോൺ. ആന്റണി മുതുകുന്നേലച്ചൻ ജനറൽ കൺവീനറായും വെള്ളരിക്കുണ്ട് ഫൊറോനാ വികാരി റവ. ഡോ. ജോൺസൺ അന്ത്യാംകുളമച്ചൻ കൺവീനറായും വിവിധ കമ്മിറ്റികൾ രൂപീകരിച്ച് പ്രവർത്തനങ്ങൾ ആരംഭിച്ചു. മോൺ. സെബാസ്റ്റ്യൻ പാലാക്കുഴി, മോൺ. മാത്യു ഇളംതുരുത്തിപ്പടവിൽ, ഫൊറോനാ വികാരിമാരായ റവ. ഫാ. ജോസഫ് തൈക്കുന്നുംപുറത്ത്, റവ. ഫാ. ജോസഫ് പൂവത്തോലിൽ, റവ. ഫാ. മാണി മേൽവെട്ടം, റവ. ഫാ. ജോർജ് കളപ്പുര, റവ. ഫാ. ജോർജ് വള്ളിമല എന്നിവരും കൺവെൻഷന്റെ വിജയത്തിനായുള്ള പ്രവർത്തനങ്ങൾക്ക് നേതൃത്വം വഹിക്കും.

4. ആദരാഞ്ജലികൾ

1. ശ്രീ. ജോസഫ് ചാത്തനാട്ട് (83) : ബഹു. ജോസഫ് ചാത്തനാട്ട് അച്ചന്റെ സഹോദരൻ ശ്രീ. ജോസഫ് ചാത്തനാട്ട് 2025 നവംബർ 26 ന്

നിര്യാതനായി. മൃതസംസ്ക്കാര ശുശ്രൂഷകൾ 2025 നവംബർ 28 ന് പാലാ രൂപതയിലെ പാദുവ അൽഫോൻസാഗിരി പള്ളി സെമിത്തേരിയിൽ നടന്നു. പ്രിയപ്പെട്ട സഹോദരന്റെ വേർപാടിൽ ദുഃഖിക്കുന്ന ബഹു. ചാത്തനാട്ടച്ചനും കുടുംബാംഗങ്ങൾക്കും തലശ്ശേരി അതിരൂപതയുടെ അനുശോചനങ്ങൾ അറിക്കുന്നു. പരേതന്റെ ആത്മശാന്തിക്കായി പ്രാർത്ഥിക്കാം.

2. ശ്രീ. ജോയി പുള്ളോലിക്കൽ (74) : ബഹു. തോമസ് പുള്ളോലിക്കൽ അച്ചന്റെ പ്രിയപ്പെട്ട പിതാവ് ശ്രീ. ജോയി പുള്ളോലിക്കൽ 2025 ഡിസംബർ 8 ന് നിര്യാതനായി. മൃതസംസ്ക്കാര ശുശ്രൂഷകൾ 2025 ഡിസംബർ 10 ന് മണിക്കടവ് സെന്റ് തോമസ് ഫൊറോനാ ദൈവാലയ സെമിത്തേരിയിൽ അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവിന്റെയും മാർ ജോർജ് വലിയമറ്റം പിതാവിന്റെയും കാർമികത്വത്തിൽ നടന്നു. പ്രിയപ്പെട്ട പിതാവിന്റെ വേർപാടിൽ ദുഃഖിക്കുന്ന തോമസ് അച്ചനും കുടുംബാംഗങ്ങൾക്കും തലശ്ശേരി അതിരൂപതാ കുടുംബത്തിന്റെ അനുശോചനങ്ങൾ അറിയിക്കുന്നു. പരേതന്റെ ആത്മശാന്തിക്കായി പ്രാർത്ഥിക്കാം.

5. സ്നേഹസ്മൃതി

1.	റവ. ഫാ. തോമസ് പറമ്പേട്ട്	– 02-01-2015
2.	റവ. ഫാ. ജോസഫ് പരിയാരം	– 06-01-1979
3.	റവ. ഫാ. ജോബ് മൈലാടിയിൽ സിഎംഐ	– 06-01-2016
4.	റവ. ഫാ. മാത്യു വള്ളോംകുന്നേൽ	– 09-01-2016
5.	റവ. ഫാ. ഫൗസ്റ്റിൻ പാറയിൽ സിഎംഐ	– 10-01-1994
6.	റവ. ഫാ. ജോസഫ് ആലക്കൽ	– 17-01-2014
7.	മോൺ. ജോസഫ് കണിയാമറ്റം	– 17-01-2014
8.	റവ. ഫാ. കെറുബിൻ പൊരിയത്ത് സിഎംഐ	– 18-01-1960
9.	റവ. ഫാ. ബർനാർഡിൻ സിഎംഐ	– 18-01-1989
10.	റവ. ഫാ. ജോസഫ് കോട്ടേപ്പറമ്പിൽ	– 21-01-2007
11.	റവ. ഫാ. ജോസഫ് മൈലാടൂർ	– 21-01-2016
12.	റവ. ഫാ. ജോസഫ് കുന്നേൽ സിഎംഐ	– 23-01-2003
13.	റവ. ഫാ. അബ്രാഹം പൊരുന്നോലിൽ	– 31-01-1986

ഫാ. ജോസഫ് മുട്ടത്തുകുന്നേൽ
ചാൻസലർ

അനുസ്മരണം

റവ. ഫാ. ഇമ്മാനുവേൽ കണ്ടത്തിൽ (93)

"എന്റെ പിന്നിലുള്ളവയെ വിസ്മരിച്ചിട്ട് മുമ്പിലുള്ളവയെ ലക്ഷ്യമാക്കി ഞാൻ മുന്നേറുന്നു. യേശുക്രിസ്തുവിലൂടെ ഉന്നതത്തിലുള്ള ദൈവത്തിന്റെ വിളിയാകുന്ന സമ്മാനത്തിനുവേണ്ടി ഞാൻ ലക്ഷ്യത്തിലേക്ക് പ്രയാണം ചെയ്യുന്നു" (ഫിലി. 3:13-14).

തലശ്ശേരി അതിരൂപതാംഗമായ റവ. ഫാ. ഇമ്മാനുവേൽ (മാണി) കണ്ടത്തിൽ 2025 ഡിസംബർ 17 ന് ഉച്ചകഴിഞ്ഞ് 2.45 ന് നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടു. കരിക്കോട്ടക്കരിയിലുള്ള സ്വഭവനത്തിൽ വിശ്രമ ജീവിതം നയിക്കുകയായിരുന്ന മാണി അച്ചൻ ഏതാനും നാളുകളായി വാർദ്ധക്യസഹജമായ രോഗങ്ങളാൽ പ്രയാസപ്പെടുകയായിരുന്നു. പാലാ രൂപതയിലെ കുറവിലങ്ങാട് ഇടവകയിൽ കണ്ടത്തിൽ പരേതരായ മാണി - ഏലി ദമ്പതികളുടെ നാലാമത്തെ മകനായി 1932 ജൂലൈ 5 ന് ബഹു. മാണിയച്ചൻ ജനിച്ചു. പരേതനായ ജോൺ, പരേതനായ ജോസഫ്, പരേതനായ സെബാസ്റ്റ്യൻ, മാത്യു, സി. ജെറോം എഫ്.സി.സി. (കല്ലോടി) എന്നിവരാണ് അച്ചന്റെ സഹോദരങ്ങൾ.

കുറവിലങ്ങാട് സെന്റ് ജോസഫ്സ് സ്കൂളിൽനിന്ന് സ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കിയശേഷം 1951 ൽ കോഴിക്കോട് രൂപതക്കുവേണ്ടി വൈദികനാകാൻ ആഗ്രഹിച്ച് കോഴിക്കോട് ക്രൈസ്റ്റ് ഹിൽ സെമിനാരിയിൽ വൈദിക പരിശീലനം ആരംഭിച്ചു. തലശ്ശേരി രൂപതസ്ഥാപിതമായതിനുശേഷം 1954 ൽ മാണിയച്ചൻ തലശ്ശേരി രൂപതക്കുവേണ്ടി മംഗലാപുരം സെന്റ് ജോസഫ്സ് സെമിനാരിയിൽ തത്വശാസ്ത്ര ദൈവശാസ്ത്ര പഠനങ്ങൾ പൂർത്തിയാക്കുകയും 1959 ഡിസംബർ 03 ന് മംഗലാപുരം ബിഷപ്പ് ആയിരുന്ന റെയ്മണ്ട് ഡിമല്ലോ പിതാവിൽനിന്ന് തിരുപ്പട്ടം സ്വീകരിക്കുകയും ചെയ്തു. പരിശുദ്ധ കന്യകാമറിയത്തിന്റെ

വലിയ ഭക്തനായിരുന്ന ബഹു. മാണിയച്ചൻ 1959 ഡിസംബർ 08 ന് അമലോത്ഭവ തിരുനാൾ ദിനമാണ് പ്രഥമ ദിവ്യബലി അർപ്പിച്ചത്.

പേരാവൂർ പള്ളിയിൽ അസ്തേന്തിയായിട്ടാണ് ബഹു. മാണിയച്ചൻ പൗരോഹിത്യ ജീവിതം ആരംഭിച്ചത്. നെടുംപുറംചാൽ, പെരുമ്പുന്ന പള്ളികൾക്ക് തുടക്കം കുറിക്കുന്നത് ഈ കാലഘട്ടത്തിലാണ്. കത്തോലിക്കാ കോൺഗ്രസ്സിന്റെ വലിയ ജനപങ്കാളിത്തം ഉണ്ടായിരുന്ന വാർഷികാഘോഷം പേരാവൂരിൽ മാണിയച്ചന്റെ ശുശ്രൂഷാ സമയത്താണ് നടന്നത്. രണ്ട് വർഷക്കാലം പേരാവൂരിൽ ശുശ്രൂഷ ചെയ്തതിനുശേഷം മാനന്തവാടി രൂപതയിലെ കുറുമ്പോല ഇടവകയിൽ വികാരിയായി ശുശ്രൂഷ ആരംഭിച്ചു. അസൗകര്യങ്ങൾ ധാരാളമുണ്ടായിരുന്ന ഈ ദേശത്ത് ധാരാളം വികസന പ്രവർത്തനങ്ങൾ അച്ചൻ നടത്തി. പരിശുദ്ധ കന്യകാമറിയത്തിന്റെ നാമത്തിൽ ഒരു ഗ്രോട്ടോ മാണിയച്ചൻ ഇവിടെ പണികഴിച്ചു. മാതൃ ഇടവകയായ കരിക്കോട്ടക്കരിയിൽ നിന്ന് 12600/ രൂപ ഗ്രോട്ടോ നിർമ്മാണത്തിനായി അച്ചൻ ശേഖരിച്ചു. കുറുമ്പോല ഇടവകയിൽ വികാരിയായി ജോലി ചെയ്യുമ്പോൾതന്നെ ഇടവകയുടെ വളരെ ദൂരെയുള്ള ഒരു വാർഡായിരുന്ന കുറുമണിക്കുന്നിൽ ഒരു ഇടവക രൂപീകരിക്കുവാൻ മാണിയച്ചൻ പരിശ്രമിച്ചു. 1963 ൽ കുറുമണിക്കുന്ന് ഇടവകയാകുകയും അച്ചൻ കുറുമണിക്കുന്നിന്റെയും വികാരിയായി ശുശ്രൂഷ ചെയ്യുകയും ചെയ്തു. 1967 വരെ കുറുമ്പോലയിൽ വികാരിയായി ശുശ്രൂഷ ചെയ്തു. ആ കാലഘട്ടത്തിൽതന്നെ കോട്ടത്തറ കുരിശുപള്ളിയുടെ ഉത്തരവാദിത്വവും മാണിയച്ചൻ നിർവ്വഹിച്ചു. 1967 ൽ ഇന്നത്തെ പാലക്കാട് രൂപതയിലുള്ള പാലക്കയം ഇടവകയിൽ ശുശ്രൂഷ ആരംഭിച്ചു. പാലക്കയം ഇടവകയുടെ ആദ്യവികാരിയായിരുന്നു മാണിയച്ചൻ. പാലക്കയത്തേക്കുള്ള റോഡിന്റെ നിർമ്മാണമടക്കമുള്ള വികസന പ്രവർത്തനങ്ങൾ അച്ചൻ അവിടെ നടത്തി.

പാലക്കയത്തുനിന്ന് കാപ്പിമല ഇടവകയിലേക്ക് ശുശ്രൂഷക്കായി എത്തി. കാപ്പിമലയിൽ സൺഡേസ്കൂൾ കെട്ടിടം നിർമ്മിച്ചു. അതിനുശേഷം കീഴ്പ്പള്ളി ഇടവകയിലാണ് സേവനം ചെയ്തത്. തുടർന്ന് ഇന്നത്തെ താമരശ്ശേരി രൂപതയിൽ പെരിന്തൽമണ്ണക്കടുത്ത് മാലാപറമ്പ് ഇടവകയുടെ വികാരിയായി. അവിടെ സൺഡേസ്കൂൾ കെട്ടിടം നിർമ്മിച്ചു. കൂടാതെ പാലച്ചോട് കുരിശുപള്ളി സ്ഥാപിച്ചു. പിന്നീട്

ഇടക്കോം, വിളക്കന്നൂർ, ചെങ്ങോം, കാർത്തികപുരം, അരീക്കമല, മാടത്തിൽ എന്നീ ഇടവകകളിൽ ബഹു. മാണിയച്ചൻ ശുശ്രൂഷ ചെയ്തു. മാടത്തിൽ ഇടവകയിൽ നിന്ന് രണ്ടായിരാമാണ്ട് മെയ് 21 നാണ് അച്ചൻ വിശ്രമ ജീവിതത്തിലേക്ക് പ്രവേശിച്ചത്. കരിക്കോട്ടക്കരി ഇടവകയിലുള്ള അച്ചന്റെ ഭവനത്തിലായിരുന്നു ബഹു. മാണിയച്ചൻ വിശ്രമജീവിതം നയിച്ചിരുന്നത്.

വളരെ ശാന്തനും സൗമ്യനുമായ പുരോഹിതനായിരുന്നു ബഹു. മാണിയച്ചൻ. നമ്മുടെ അതിരൂപതയുടെ ആദ്യകാലത്തെ ഇല്ലായ്മകളിലും അസൗകര്യങ്ങളിലും സന്തോഷത്തോടെ അച്ചൻ ശുശ്രൂഷ നിർവ്വഹിച്ചു. കുടിയേറ്റ ജനതയുടെ ബുദ്ധിമുട്ടുകളിൽ അവരിലൊരാളായി അച്ചൻ ജീവിച്ചു. അവിഭക്ത തലശ്ശേരി അതിരൂപതയുടെ വളർച്ചയിൽ ബഹു. മാണിയച്ചന്റെ സേവനങ്ങൾ വലിയ പങ്കുവഹിച്ചിട്ടുണ്ട്. ഈശോയുടെ പുരോഹിതൻ എന്ന നിലയിൽ വിശുദ്ധമായ ജീവിതം നയിച്ച് ആത്മാർത്ഥമായ പൗരോഹിത്യ ശുശ്രൂഷ നിർവ്വഹിച്ചാണ് ബഹു. മാണിയച്ചൻ നിത്യസമ്മാനത്തിനായി യാത്രയായിരിക്കുന്നത്. പ്രിയപ്പെട്ട മാണിയച്ചാ, അങ്ങയുടെ ഓർമ്മകൾക്കുമുമ്പിൽ ബാഷ്പാഞ്ജലികൾ.. നിത്യപുരോഹിതനായ ഈശോ അങ്ങയെ മഹത്വത്തിന്റെ കിരീടം ചൂടിക്കട്ടെ.

ഫാ. ജോസഫ് മുട്ടത്തുകുന്നേൽ
ചാൻസലർ

പാസ്റ്ററൽ കൗൺസിൽ റിപ്പോർട്ട്

തലശ്ശേരി അതിരൂപതയുടെ 19-ാം പാസ്റ്ററൽ കൗൺസിലിന്റെ ആറാം സമ്മേളനം 2025 നവംബർ 29 ന് തളിപ്പറമ്പ് സെന്റ് മേരീസ് ഫൊറോനാ ദൈവാലയത്തിൽവച്ച് നടത്തപ്പെട്ടു. റവ. സി. ഡോ. റീന എസ്.എച്ച്. പ്രാർഥനയ്ക്ക് നേതൃത്വം നൽകി. വികാരി ജനറാൾ മോൺ. സെബാസ്റ്റ്യൻ പാലാക്കുഴി യോഗത്തിന് സ്വാഗതം ആശംസിച്ചു. പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി മി. ജോർജ് തയ്യിൽ മുൻയോഗ റിപ്പോർട്ട് അവതരിപ്പിച്ചു. അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവ് യോഗത്തിന് അധ്യക്ഷത വഹിക്കുകയും ഉദ്ഘാടനം നിർവഹിക്കുകയും ചെയ്തു. തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലേയ്ക്കുള്ള തെരഞ്ഞെടുപ്പിൽ എല്ലാവരും വോട്ടവകാശം പ്രയോജനപ്പെടുത്തണമെന്നും എസ്.ഐ.ആർ ഫോം പൂരിപ്പിക്കേണ്ടതിന്റെ പ്രാധാന്യം മനസ്സിലാക്കി ആവശ്യമെങ്കിൽ ബി.എൽ.ഒ-മാരുമായി ആശയവിനിമയം നടത്തി വോട്ടേഴ്സ് ലിസ്റ്റിൽ തങ്ങളുടെ പേരുകൾ ഉണ്ടെന്ന് സമുദായാംഗങ്ങൾ ഉറപ്പ് വരുത്തേണ്ടതാണെന്നും പിതാവ് അദ്ധ്യക്ഷപ്രസംഗത്തിൽ അറിയിച്ചു. സമുദായത്തെ ശക്തിപ്പെടുത്തുവാൻ കഴിയുന്ന സ്ഥാനാർത്ഥികളെ വിജയിപ്പിക്കുവാൻ സമുദായാംഗങ്ങൾ ശ്രമിക്കണമെന്ന് അഭിവന്ദ്യ പിതാവ് പ്രസ്താവിച്ചു. സമുദായ വിഷയങ്ങളിൽ മാത്രമല്ല സാമൂഹിക വിഷയങ്ങളിലും കൃത്യമായ ഇടപെടൽ അൽമായ സമൂഹം നടത്തണമെന്നും അഭിവന്ദ്യ പിതാവ് നിർദ്ദേശിച്ചു. യേശുവിന്റെ നേതൃത്വശൈലിയാണ് നാം സ്വന്തമാക്കേണ്ടതെന്നും എല്ലാവരേയും കേൾക്കുന്ന സിനാഡാത്മ ശൈലിയാണ് സഭയിൽ ഉണ്ടാകേണ്ടതെന്നും പിതാവ് അദ്ധ്യക്ഷപ്രസംഗത്തിൽ പ്രസ്താവിച്ചു.

ഡിജിറ്റൽ ശിഷ്യത്വം ദൈവത്തിനും സഭയ്ക്കും എന്ന വിഷയത്തിൽ നിയമ വിദഗ്ദൻ അഡ്വ. ജിജിൽ ജോസഫ് കിഴക്കരക്കാട്ട് ക്ലാസ്സ് നയിച്ചു. നവ മാധ്യമങ്ങളുടെ സമാന്തരമായ ഇടങ്ങളെ ഗൗരവമായി സഭ കാണണമെന്നും സാങ്കേതിക വിദ്യകളുടെ അനുകൂല സാധ്യതകൾ സഭ പ്രയോജനപ്പെടുത്തണമെന്നും അദ്ദേഹം പറഞ്ഞു.

തുടർന്ന് വിവിധ വിഷയങ്ങളെ അടിസ്ഥാനമാക്കി ചർച്ചകൾ നടന്നു. സമുദായിക ശക്തീകരണ വർഷത്തിൽ തലശ്ശേരി അതിരൂപതയിലെ വിവിധ അപ്പൊസ്റ്റോലേറ്റുകൾ നടത്തിയ പ്രവർത്തനങ്ങളെക്കുറിച്ചുള്ള റിപ്പോർട്ട് പ്രോട്ടോസിഞ്ചെല്ലൂസ് മോൺ. ആന്റണി മുതുകുന്നേലച്ചൻ അവതരിപ്പിച്ചു. 2026 സീറോ മലബാർ സഭയിൽ സമുദായീക ശക്തീകരണ വർഷമായി ആചരിക്കുന്നതിനാൽ ഈ വർഷം തലശ്ശേരി അതി

രൂപതയിൽ സമുദായ ശക്തീകരണവുമായി ബന്ധപ്പെട്ട് ചെയ്ത കാര്യങ്ങൾ കൂടുതൽ ഊർജ്ജസ്വലമായി 2026 ലും തുടരുവാൻ തീരുമാനിച്ചു. എല്ലാ അപ്പൊസ്റ്റോലേറ്റുകളുടെയും പ്രവർത്തനങ്ങൾ കൂടുതൽ സജീവമാക്കുവാനും യോഗം നിർദ്ദേശിച്ചു.

എല്ലാ ഇടവകകളിലും സൺഡേ സ്കൂൾ കുട്ടികളുടെ മാതാപിതാക്കൾക്ക് ക്ലാസ്സ് നൽകേണ്ടതിന്റെ പ്രാധാന്യത്തെക്കുറിച്ച് യോഗത്തിൽ ചർച്ചയുണ്ടായി. പ്ലസ് ടു കഴിയുന്ന കുട്ടികളെ ഏതുവിധേനയും വിദേശത്തേക്ക് അയ്ക്കണമെന്നുള്ള മാതാപിതാക്കളുടെ ശൈലിയ്ക്ക് മാറ്റമുണ്ടാകണമെന്നും നമ്മുടെ നാട്ടിലെ സർക്കാർ ജോലികൾ നേടുവാൻ കുട്ടികളെ പ്രചോദിപ്പിക്കേണ്ടതിന്റെ ആവശ്യകത മാതാപിതാക്കളെ ബോധ്യപ്പെടുത്തേണ്ടതാണെന്നും യോഗാംഗങ്ങൾ അഭിപ്രായപ്പെട്ടു. തുടർന്ന് കോർപ്പറേറ്റ് സ്കൂളുകളിലേയ്ക്കുള്ള അധ്യാപക നിയമനങ്ങളുമായും സ്കൂൾ നടത്തിപ്പുമായും ബന്ധപ്പെട്ടുള്ള കാര്യങ്ങളെക്കുറിച്ചുള്ള വിഷയാവതരണം കോർപ്പറേറ്റ് മാനേജർ റവ. ഫാ. സ്കറിയ വടശ്ശേരിൽ അച്ചൻ നടത്തി. ചർച്ചകളുടെ വെളിച്ചത്തിൽ എടുത്ത തീരുമാനങ്ങൾ ചുവടെ ചേർക്കുന്നു.

1. **ലീവ് വേക്കൻസിയിലെ വേതനം**

   ലീവ് വേക്കൻസികളിൽ ജോലി ചെയ്യുന്ന അധ്യാപകർക്ക് സർക്കാർ ദിവസവേതനം അനുവദിക്കാത്ത സാഹചര്യത്തിൽ, അവർക്ക് കോർപ്പറേറ്റ് മാനേജ്മെന്റ് നേരിട്ട് ദിവസവേതനം നൽകാൻ തീരുമാനിച്ചു. അധ്യാപകർക്ക് ഇതൊരു സാമ്പത്തിക സഹായമാകും. ഭാവിയിൽ സ്ഥിരനിയമനത്തിനായി നിയമപരമായ അവകാശവാദം (Claim) ഉന്നയിക്കുന്ന സാഹചര്യം ഒഴിവാക്കാനും ഈ നടപടി സഹായകമാകും എന്ന് യോഗം വിലയിരുത്തി.

2. **പൂർവ്വ ഉദ്യോഗാർത്ഥികൾക്ക് മുൻഗണന**

   അധ്യാപക നിയമന മാനദണ്ഡങ്ങളുടെ ഭാഗമായി, കോർപ്പറേറ്റ് സ്കൂളുകളിൽ പഠിച്ച ഉദ്യോഗാർത്ഥികൾക്ക് 20 ഗ്രേസ് മാർക്ക് നൽകാൻ തീരുമാനിച്ചു.

3. **പ്രായപരിധി പരിഗണന**

   35 വയസ്സോ അതിൽ കൂടുതലോ പ്രായമുള്ള ഉദ്യോഗാർത്ഥികൾക്ക് അവസരങ്ങൾ കുറവായതിനാൽ, എഴുത്തുപരീക്ഷയിൽ മുൻപന്തിയിൽ വരുന്ന ആദ്യ 50 പേരിൽ ഉൾപ്പെടുന്ന 35 വയസ്സിനു മുകളിലുള്ള എല്ലാ ഉദ്യോഗാർത്ഥികൾക്കും ഇന്റർവ്യൂ, മോഡൽ ക്ലാസ് എന്നിവയിൽ പങ്കെടുക്കാൻ അവസരം നൽകുന്നതാണ്.

4. **പാനൽ കാലാവധി**

   ഓരോ രണ്ടുവർഷം കൂടുമ്പോഴും പുതിയതായി കോർപ്പറേറ്റ്

പരീക്ഷ നടത്തി പുതിയ പാനൽ ലിസ്റ്റ് രൂപീകരിച്ച് നിയമനം നടത്തുവാൻ തീരുമാനിച്ചു.

5. **കാലാവധി കഴിഞ്ഞ പാനലിലെ ഉദ്യോഗാർത്ഥികൾക്കുള്ള ആനുകൂല്യം**

പാനൽ ലിസ്റ്റിൽ ഉൾപ്പെടുകയും എന്നാൽ നിയമനം ലഭിക്കുന്നതിന് മുൻപ് പാനലിന്റെ കാലാവധി കഴിയുകയും ചെയ്യുന്ന ഉദ്യോഗാർത്ഥികൾക്ക്, തൊട്ടടുത്ത് വരുന്ന നിയമന നടപടികളിൽ 25 ഗ്രേസ് മാർക്ക് നൽകാൻ തീരുമാനിച്ചു.

6. **വേദപാഠം/സന്മാർഗശാസ്ത്രം യോഗ്യതാ മാർക്ക്**

കോർപ്പറേറ്റ് പരീക്ഷയുടെ ആകെ 150 മാർക്കിൽ 30 മാർക്ക് വേദപാഠം അല്ലെങ്കിൽ സന്മാർഗ വിഷയങ്ങൾക്കായിരിക്കും. ഇതിൽ കുറഞ്ഞത് 18 മാർക്കെങ്കിലും നേടുന്നവർക്ക് മാത്രമേ നിയമനത്തിന് അർഹതയുണ്ടായിരിക്കുകയുള്ളൂ എന്ന് നിശ്ചയിച്ചു.

7. **സുതാര്യത**

നിയമന നടപടികൾ പൂർണ്ണമായും സുതാര്യമാക്കുന്നതിന്റെ ഭാഗമായി, എല്ലാ വിഷയങ്ങളുടെയും പാനൽ ലിസ്റ്റുകൾ അതിരൂപതയുടെ ബുള്ളറ്റിൻ, വെബ്സൈറ്റ്, നോട്ടീസ് ബോർഡ് എന്നിവയിലൂടെ പ്രസിദ്ധീകരിക്കാൻ തീരുമാനിച്ചു

നവീനകാലത്തെ മാനസിക ആരോഗ്യം എന്ന വിഷയത്തെ സംബന്ധിച്ചുള്ള വിഷയാവതരണം മി. ജോണി വടക്കേക്കര അവതരിപ്പിച്ചു. കാത്തലിക് മെന്റൽ ഹെൽത്ത് മിനിസ്ട്രിയുടെ പ്രവർത്തനങ്ങൾ തലശ്ശേരി അതിരൂപതയിൽ കാര്യക്ഷമമായി ആരംഭിച്ചത് മാനസികാരോഗ്യ മേഖലയിൽ പ്രതിസന്ധികൾ അനുഭവിക്കുന്നവർക്ക് സഹായകരമാണെന്ന അഭിപ്രായം യോഗത്തിലുണ്ടായി. സ്കൂളുകളിൽ കൗൺസിലിംഗ് സൗകര്യങ്ങൾ കൂടുതൽ കാര്യക്ഷമമാക്കണമെന്ന നിർദ്ദേശവും യോഗത്തിലുണ്ടായി. ദിവംഗതനായ മല്പാൻ റവ. ഡോ. മൈക്കിൾ കാരിമറ്റം അച്ചന്റെ 'കൃപയുടെ കനൽ വഴികൾ' എന്ന പേരിലുള്ള ആത്മകഥ അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവ് പ്രൊട്ടോ സിഞ്ചെല്ലൂസ് മോൺ. ആന്റണി മുതുകുന്നേലച്ചന് ആദ്യപ്രതി നല്കി പ്രകാശനം ചെയ്തു. മോൺ. മാത്യു ഇളംതുരുത്തിപ്പടവിൽ യോഗാംഗങ്ങൾക്ക് നന്ദി പ്രകാശിപ്പിച്ചു. ഉച്ചകഴിഞ്ഞ് 1.30 ന് 2025 ലെ അവസാനത്തെ പാസ്റ്ററൽ കൗൺസിൽ യോഗം അവസാനിച്ചു.

മി. ജോർജ് തയ്യിൽ
സെക്രട്ടറി

ഫാ. ജോസഫ് മുട്ടത്തുകുന്നേൽ
ജനറൽ സെക്രട്ടറി

മരിയൻ തീർത്ഥാടനം

തലശ്ശേരി അതിരൂപത രണ്ടാമത് മരിയൻ തീർത്ഥാടനം 2025 ഡിസംബർ 5,6 തീയതികളിൽ നടന്നു. ജനപങ്കാളിത്തംകൊണ്ടും ദൂരംകൊണ്ടും മലബാറിലെ ഏറ്റവും വലിയ തീർത്ഥാടനമാണ് ചെമ്പേരി ലൂർദ്ദ് മാതാ ബസിലിക്കയിലേക്ക് നടന്നത്. പരിശുദ്ധ കന്യകാമറിയത്തിന്റെ അമലോത്ഭവ തിരുനാളിനോടനുബന്ധിച്ച് ചെമ്പേരി ലൂർദ്ദ് മാതാ ബസിലിക്കയിലേക്ക് ജപമാല ചൊല്ലി കാൽനടയായാണ് ഈ തീർത്ഥാടനം സംഘടിപ്പിച്ചത്. ആലക്കോട്, വായാട്ടുപറമ്പ്, ചെമ്പേരി, ചെമ്പന്തൊട്ടി, പൈസക്കരി, മണിക്കടവ്, നെല്ലിക്കാംപൊയിൽ, കുന്നോത്ത്, എടൂർ എന്നീ 9 ഫൊറോനാകളുടെ പ്രത്യേക പങ്കാളിത്തത്തോടെയാണ് ഈ തീർത്ഥാടനം നടന്നത്.

ഡിസംബർ 5 വെള്ളിയാഴ്ച വൈകുന്നേരം 4 മണിക്ക് ദിവ്യകാരുണ്യ ആരാധനക്കുശേഷം എടൂർ സെന്റ് മേരീസ് ആർക്കി എപ്പിസ്കോപ്പൽ തീർത്ഥാടനാലയത്തിൽ നിന്ന് അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവിന്റെ നേതൃത്വത്തിൽ ചെമ്പേരിയിലേക്കുള്ള തീർത്ഥാടനം ആരംഭിച്ചു. കുന്നോത്ത് ഫൊറോനായിലെ തീർത്ഥാടകർ വള്ളിത്തോട് സെന്റ് ജൂഡ് തീർത്ഥാടനകേന്ദ്രത്തിൽ ഒന്നിച്ചുചേർന്ന് ദിവ്യകാരുണ്യ ആരാധനയ്ക്കും ദിവ്യബലിക്കുംശേഷം എടൂർ നിന്ന് വന്ന തീർത്ഥാടക സംഘത്തോടൊപ്പം ചേർന്ന് മലയോര ഹൈവേയിലൂടെ തീർത്ഥാടനം തുടർന്നു. അഭിവന്ദ്യ മാർ ജോർജ് ഞറളക്കാട്ട് പിതാവാണ് കുന്നോത്ത് ഫൊറോനായിലെ തീർത്ഥാടകർക്കായി വി. ബലിയർപ്പിച്ചത്.

നെല്ലിക്കാംപൊയിൽ ഫൊറോനായിലെ തീർത്ഥാടകർ ഉളിക്കൽ ഉണ്ണിമിശിഹാ ദൈവാലയത്തിൽ ഒരുമിച്ച് ചേരുകയും പരിശുദ്ധ കന്യകാമറിയത്തെക്കുറിച്ചുള്ള വചന വിചിന്തനങ്ങളും ദിവ്യകാരുണ്യ ആരാധനയും വി. കുർബാനയും ഉൾപ്പെടെയുള്ള മരിയൻ സന്ധ്യക്കുശേഷം എടൂർ നിന്ന് വന്ന തീർത്ഥാടക സംഘത്തോടൊപ്പം ചെമ്പേരിയിലേക്ക് തീർത്ഥാടനം നടത്തി. ഉളിക്കൽ ഉണ്ണിമിശിഹാ ദൈവാലയത്തിൽ വികാരി ജനറാൾ മോൺ. സെബാസ്റ്റ്യൻ പാലാക്കുഴി അച്ചനാണ് വി. കുർബാനയ്ക്ക് മുഖ്യകാർമികത്വം വഹിച്ചത്. റവ. ഫാ. സെബാസ്റ്റ്യൻ തെങ്ങുംപള്ളിൽ മരിയൻ സന്ധ്യയ്ക്കു നേതൃത്വം നൽകി.

മണിക്കടവ് ഫൊറോനായിലെ തീർത്ഥാടകർ മണിക്കടവ് സെന്റ് തോമസ് ഫൊറോനാ ദൈവാലയത്തിൽ ഒന്നിച്ച് ചേർന്ന് വി. കുർബാനയ്ക്കുശേഷം മണിപ്പാറ വഴി ചെമ്പേരിയിലേക്ക് തീർത്ഥാടനം നടത്തി. മണിപ്പാറ സെന്റ് മേരീസ് ദൈവാലയത്തിൽ നടന്ന മരിയൻ സന്ധ്യയ്ക്കു മണിക്കടവ് ഫൊറോനാ വികാരി വെരി. റവ. ഫാ. പയസ്

പടിഞ്ഞാറെമുറിയിൽ നേതൃത്വം നല്കി. ചെമ്പന്തൊട്ടി ഫൊറോനായിലെ തീർത്ഥാടകർ ചെമ്പന്തൊട്ടി സെന്റ് ജോർജ് ഫൊറോനാ ദൈവാലയത്തിൽ ഒന്നിച്ച് ചേർന്ന് മരിയൻ സന്ധ്യയ്ക്കുശേഷം ചേപ്പറമ്പ് വഴി ചെമ്പേരിയിലേക്ക് തീർത്ഥാടനം നടത്തി. വികാരി ജനറാൾ മോൺ. മാത്യു ഇളംതുരുത്തിപ്പടവിലച്ചനും റവ. ഫാ. മാത്യു മുക്കുഴി അച്ചനും ചെമ്പന്തൊട്ടിയിൽ മരിയൻ സന്ധ്യയ്ക്കു നേതൃത്വം നല്കി. പൈസക്കരി ഫൊറോനായിലെ തീർത്ഥാടകർ ഫൊറോനാ വികാരി റവ. ഫാ. നോബിൾ ഓണംകുളം അച്ചന്റെ നേതൃത്വത്തിൽ പൈസക്കരി ദൈവമാതാ ഫൊറോനാ ദൈവാലയത്തിൽ ഒന്നിച്ച് ചേർന്ന് ദിവ്യബലിയർപ്പിച്ചശേഷം ചെമ്പേരിയിലേക്ക് തീർത്ഥാടനം നടത്തി.

ആലക്കോട് ഫൊറോനായിലെ തീർത്ഥാടകർ ആലക്കോട് സെന്റ് മേരീസ് ഫൊറോനാ ദൈവാലയത്തിൽ ഒന്നിച്ച് ചേരുകയും മരിയൻ സന്ധ്യയ്ക്കുശേഷം വെള്ളിയാഴ്ച രാത്രി 9 മണിക്ക് ചെമ്പേരിയിലേക്ക് തീർത്ഥാടനം ആരംഭിക്കുകയും ചെയ്തു. അതിരൂപതാ ചാൻസലർ റവ. ഫാ. ജോസഫ് മുട്ടത്തുകുന്നേലച്ചൻ മരിയൻ സന്ധ്യയ്ക്കു നേതൃത്വം നല്കി. വായാട്ടുപറമ്പ് ഫൊറോനായിലെ തീർത്ഥാടകർ വായാട്ടുപറമ്പ് സെന്റ് ജോസഫ്സ് ഫൊറോനാ ദൈവാലയത്തിൽ ഒരുമിച്ച് ചേർന്ന് മരിയൻ സന്ധ്യയിൽ പങ്കുചേർന്നു. അതിരൂപതാ പ്രൊക്യൂറേറ്റർ റവ. ഫാ. ജോസഫ് കാക്കരമറ്റത്തിലച്ചനാണ് ദിവ്യബലിയ്ക്കു മുഖ്യകാർമ്മികത്വം വഹിച്ചത്. റവ. ഫാ. സെബാസ്റ്റ്യൻ പുതുപ്പള്ളി മരിയൻ സന്ധ്യയ്ക്കു നേതൃത്വം നല്കി. ആലക്കോട് നിന്ന് വന്ന തീർത്ഥാടകരോടൊപ്പം വായാട്ടുപറമ്പ് ഫൊറോനായിലെ തീർത്ഥാടകർ ചെമ്പേരിയിലേക്ക് തീർത്ഥാടനം നടത്തി.

ഡിസംബർ 5 വെള്ളിയാഴ്ച രാത്രി ലൂർദ്ദ് മാതാ ബസിലിക്കയിൽ നടന്ന മരിയൻ സന്ധ്യയ്ക്ക് സീറോ മലബാർ സഭ പി.ആർ.ഒ. റവ. ഡോ. ടോം ഓലിക്കരോട്ട് നേതൃത്വം നല്കി. പ്രൊട്ടോ സിഞ്ചെല്ലൂസ് മോൺ. ആന്റണി മുതുകുന്നേൽ ദിവ്യബലിയർപ്പിച്ച് സന്ദേശം നല്കി.

ഡിസംബർ 6 ന് പുലർച്ചെ 2.30 തോടുകൂടി തീർത്ഥാടകർ ചെമ്പേരി ലൂർദ്ദ് മാതാ ബസിലിക്കയിൽ എത്തി. വാദ്യമേളങ്ങളോടെ അഭിവന്ദ്യ പിതാവിനെയും തീർത്ഥാടകരെയും ബസിലിക്ക അങ്കണത്തിലേക്ക് സ്വീകരിച്ചു. പുലർച്ചെ 3 മണിക്ക് തീർത്ഥാടകർക്കുവേണ്ടിയുള്ള ദിവ്യബലി ആരംഭിച്ചു. അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവ് മുഖ്യകാർമ്മികത്വം വഹിച്ച് വചനസന്ദേശം നല്കി. അഭിവന്ദ്യ മാർ ജോർജ് വലിയമറ്റം പിതാവും ബഹു. ജനറാൾ അച്ചന്മാരും സഹകാർമ്മികരായി. 125-ഓളം വൈദികർ തീർത്ഥാടകരായി എത്തിയിരുന്നു.

വി. കുർബാനയ്ക്കുശേഷം തലശ്ശേരി അതിരൂപതയിലെ മുഴുവൻ കുടുംബങ്ങളെയും പരിശുദ്ധ കന്യകാമറിയത്തിന്റെ വിമല ഹൃദയത്തിന് പ്രതിഷ്ഠിച്ചുള്ള പ്രാർത്ഥനകൾ നടന്നു.

തീർത്ഥാടകരെ സ്വീകരിക്കുവാൻ വിപുലമായ ഒരുക്കങ്ങളാണ് ചെമ്പേരിയിൽ നടത്തിയിരുന്നത്. അസൗകര്യങ്ങളില്ലാതെ ഏറ്റവും ഭംഗിയായി ഈ വർഷത്തെ മരിയൻ തീർത്ഥാടനത്തിനു വേണ്ട മുഴുവൻ കാര്യങ്ങളും ബസിലിക്ക റെക്ടർ റവ. ഡോ. ജോർജ് കാഞ്ഞിരക്കാട്ടച്ചന്റെയും ബഹു. കൊച്ചച്ചന്മാരുടെയും പള്ളികമ്മറ്റി അംഗങ്ങളുടെയും നേതൃത്വത്തിൽ നടത്തിയിരുന്നു. ഫൊറോനാ വികാരിമാരായ റവ. ഫാ. ആന്റണി പുന്നൂർ, റവ. ഫാ. തോമസ് തെങ്ങുംപള്ളിൽ, റവ. ഫാ. നോബിൾ ഓണംകുളം, റവ. ഫാ. ആന്റണി മഞ്ഞളാംകുന്നേൽ, റവ. ഫാ. പയസ് പടിഞ്ഞാറെമുറിയിൽ, റവ. ഫാ. ജോസഫ് കാവനാടി, റവ. ഫാ. സെബാസ്റ്റ്യൻ മൂക്കിലിക്കാട്ട്, റവ. ഫാ. തോമസ് വടക്കേമുറിയിൽ എന്നിവരുടെ നേതൃത്വത്തെ നന്ദിയോടെ ഓർക്കുന്നു. വിവിധ കമ്മറ്റികൾക്ക് നേതൃത്വം നൽകിയ ബഹു. വൈദികരെയും വേളന്റിയേഴ്സായി പ്രവർത്തിച്ച കത്തോലിക്കാ കോൺഗ്രസ് അംഗങ്ങളെയും കെ.സി.വൈ.എം. പ്രവർത്തകരെയും നന്ദിയോടെ ഓർക്കുന്നു. വിവിധ അപ്പൊസ്റ്റോലേറ്റുകളുടെ ഡയറക്ടർമാരെയും മനോഹരമായ ഗാനങ്ങൾ ആലപിച്ച ഗായകസംഘത്തെയും എം.സി.യായി പ്രവർത്തിച്ച ബഹു. അബ്രാഹം കൊച്ചുപുരയ്ക്കൽ അച്ചനെയും, ബഹു. സെബാസ്റ്റ്യൻ തെങ്ങുംപള്ളിൽ അച്ചനെയും നന്ദിയോടെ സ്മരിക്കുന്നു. മീഡിയാ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച ബഹു. ജോൺ കൂവപ്പാറയച്ചനും ഹൃദ്യമായ നന്ദി.

തീർത്ഥാടകർക്ക് വിശ്രമസ്ഥലങ്ങളിൽ ആവശ്യമായ ക്രമീകരണങ്ങൾ നടത്തിയ ബഹു. തോമസ് കിടാരത്തിലച്ചനും, ബഹു. ജോൺ വാഴക്കാട്ടച്ചനും, ബഹു. പോൾ കണ്ടത്തിലച്ചനും, ബഹു. മാണി ആട്ടേലച്ചനും, എഞ്ചിനീയറിംഗ് കോളേജിലെ ബഹു. വൈദികർക്കും, ബഹു. തോമസ് തെങ്ങുംപള്ളിലച്ചനും ബഹു. മാത്യു വേങ്ങക്കുന്നേലച്ചനും കോട്ടയം അതിരൂപതയിലെ ചമതച്ചാൽ, കണ്ടകശ്ശേരി ഇടവകകളിലെ വികാരി അച്ചന്മാർക്കും ഹൃദ്യമായ നന്ദി. തീർത്ഥാടകരുടെ മടക്കയാത്രയ്ക്ക് വാഹനങ്ങൾ വിട്ടു നൽകിയ സന്യാസ സമൂഹങ്ങളിലെ സഹോദരങ്ങൾക്കും സ്ഥാപനങ്ങളുടെ അധികാരികൾക്കും നന്ദി പറയുന്നു.

മലയോര ഹൈവേയിലൂടെ ആലക്കോട് നിന്ന് 23 കിലോമീറ്ററും എടൂർ നിന്ന് 35 കിലോമീറ്ററും ഒരു രാത്രി മുഴുവൻ ജപമാല ചൊല്ലി

നടത്തിയ തീർത്ഥാടനം നമ്മുടെ ദേശത്തിനും അതിരൂപതയ്ക്കും വലിയ ആത്മീയ ഉണർവിന് കാരണമായിട്ടുണ്ട്. ഈ തീർത്ഥാടനത്തെ ഇത്രത്തോളം ജനകീയമാക്കിയ പ്രിയങ്കരനായ അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവിനെ നന്ദിയോടെ സ്മരിക്കുന്നു. 35 കിലോമീറ്റർ പിതാവ് ദൈവജനത്തിന്റെ ഒപ്പം നടന്നാണ് തീർത്ഥാടനത്തിന് നേതൃത്വം നല്കിയത്. അഭിവന്ദ്യ പിതാവിന്റെ ഇച്ഛാശക്തിയും നേതൃത്വവുമാണ് മരിയൻ തീർത്ഥാടനത്തെ ഇത്രത്തോളം ജനകീയമാക്കിയത്. അഭിവന്ദ്യ പിതാവിന്റെയൊപ്പം വൈദികരും സമർപ്പിതരും ദൈവജനവും പ്രാർത്ഥിച്ചു നടക്കുന്ന സുന്ദരമായ കാഴ്ചയാണ് മരിയൻ തീർത്ഥാടനം സഭയ്ക്കു മുഴുവൻ സമ്മാനിച്ചത്. ബഹു. ജനറാൾ അച്ചന്മാരെയും അതിരൂപതാ കേന്ദ്രത്തിലെ വൈദികരെയും പ്രത്യേകിച്ച് കഠിനാധ്വാനം ചെയ്ത വൈസ് ചാൻസലർ റവ. ഫാ. ജോസഫ് റാത്തപ്പിള്ളി അച്ചനെയും നന്ദിയോടെ ഓർമ്മിക്കുന്നു. അഞ്ഞൂറോളം സിസ്റ്റേഴ്സ് തീർത്ഥാടകരായി എത്തിയിരുന്നു. വി. കുർബാന വിതരണം ചെയ്യുവാനും അവരുടെ സേവനം ലഭ്യമായിരുന്നു. വി. കുർബാനയുടെ സമാപനത്തിൽ അതിരൂപതാ ചാൻസലർ റവ. ഫാ. ജോസഫ് മുട്ടത്തുകുന്നേൽ ഏവർക്കും നന്ദി പറഞ്ഞു. പരിശുദ്ധ കന്യകാമറിയത്തിന്റെ മാധ്യസ്ഥശക്തി തേടി പതിനെട്ടായിരത്തോളം തീർത്ഥാടകർ ചെമ്പേരിയിൽ എത്തിയിരുന്നു.

ഫാ. ജോസഫ് മുട്ടത്തുകുന്നേൽ
ചാൻസലർ

വൈദികക്ഷേമം

A. P.P.F

1. ബഹു. മാണി കണ്ടത്തിൽ അച്ചന്റെ ആത്മശാന്തിയ്ക്കായി എല്ലാ അംഗങ്ങളും ഒരു വി. കുർബാന അർപ്പിക്കേണ്ടതാണ്.

2. P.P.F ലേക്കുള്ള ഇടവകാവിഹിതം 40 ഇടവകകളിൽ നിന്നും വ്യക്തിവിഹിതം 89 വൈദികരിൽ നിന്നും ഇനിയും ലഭിക്കാനുണ്ട്. 2026 ജനുവരി 31 ന് മുൻപ് പ്രസ്തുത തുകകൾ താഴെ കൊടുത്തിരിക്കുന്ന P.P.F ന്റെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് അടച്ച് സഹകരിക്കുമല്ലോ.

   P.P.F Association Archdiocese of Thalassery

   A/C No : 0078053000072392

   IFSC : SIBL0000078

   South Indian Bank, Thlassery

3. തുക ബാങ്കിൽ നിക്ഷേപിച്ചതിന്റെ തെളിവായി സ്ക്രീൻഷോട്ടും ഇടവകയുടെ/ വ്യക്തികളുടെ പേരും P.P.F ന്റെ ഫോൺ നമ്പറിലേക്ക് അയക്കേണ്ടതാണ് (Mob: 8330870228).

B . 1. 2026 മാർച്ച് മാസം മുതൽ വൈദികർക്ക് പൊതുവായ മെഡിക്കൽ ഇൻഷുറൻസ് ഉണ്ടായിരിക്കുന്നതല്ല.

2 വ്യക്തിപരമായി നിലവിലെ മെഡിക്കൽ ഇൻഷുറൻസ് തുടരാൻ ആഗ്രഹിക്കുന്നവർക്ക് ഇപ്പോഴത്തെ പോളിസി നമ്പർ, പ്രീമിയം തുക, തീയതി എന്നിവ പ്രൈസ്ബിറ്റേറിയം വാട്സാപ്പ് ഗ്രൂപ്പിൽ നൽകിയിരിക്കുന്നത് ശ്രദ്ധിക്കുമല്ലോ.

3 2026 ജനുവരി, ഫെബ്രുവരി മാസങ്ങളിൽ ഈ പോളിസി തുടരാനാഗ്രഹിക്കുന്നവർ പോളിസി പുതുക്കേണ്ടതാണ്.

4. പോളിസി പുതുക്കാൻ ആഗ്രഹിക്കുന്നവർ ഏജന്റുമാരായ ശ്രീ. ആഗസ്തി മൂലയിൽ, ഇരിട്ടി (Mob: 9447399613), ശ്രീ. ജോബി മണ്ഡപത്തിൽ, തളിപ്പറമ്പ് (Mob: 9447688460, 9388208105) എന്നിവരുമായി ബന്ധപ്പെടേണ്ടതാണ്. എല്ലാവർക്കും 5 ലക്ഷം രൂപതയുടെ പോളിസികളാണ് നിലവിലുള്ളത്.

5. വ്യക്തിപരമായി പോളിസി എടുക്കുന്നവരും പുതുക്കുന്നവരും P.P.F വ്യക്തി വിഹിതം ഓരോ വർഷവും അടക്കേണ്ടതാണ്.

C . ചികിത്സാചിലവുകൾ

1. ബഹു. വൈദികരുടെ ചികിത്സാചിലവുകളുടെ ബില്ലുകൾ വൈദികക്ഷേമ

ഓഫീസിൽ ഏല്പിക്കുന്നത് പരിശോധിച്ച് അതിരൂപതയിൽ നിന്ന് തുക നൽകുന്നതാണ്.

2. ബില്ലുകൾ സമർപ്പിക്കുമ്പോൾ അതത് വർഷം തന്നെ ബില്ലുകൾ വൈദികക്ഷേമ ഓഫീസിൽ എത്തിക്കുവാൻ ശ്രദ്ധിക്കണം.

3. ബിൽ തീയതി, ബിൽ നമ്പർ, തുക എന്നിവ കൃത്യമായി ഒരു വെള്ള പേപ്പറിൽ എഴുതി ബില്ലുകൾക്കൊപ്പം പിൻചെയ്ത് ഓഫീസിൽ ഏല്പിക്കണം.

4. എല്ലാപണമിടപാടുകളും ബാങ്ക് അക്കൗണ്ടുകൾ വഴി മാത്രം നടത്തുന്നതിനാൽ നിങ്ങളുടെ ബാങ്ക് അക്കൗണ്ട് വിവരങ്ങളും കൃത്യമായി ഓഫീസിൽ നൽകണം.

D. റീജിയണൽ വൈദികസമ്മേളനങ്ങൾ, ഉല്ലാസയാത്ര

അഭിവന്ദ്യ പിതാവിന്റെ നേതൃത്വത്തിൽ നടത്തുന്ന റീജിയണൽ വൈദികസമ്മേളനത്തിലേക്കും ഉല്ലാസയാത്രയിലേക്കും നിങ്ങളെ ഓരോരുത്തരേയും സ്നേഹത്തോടെ ക്ഷണിക്കുന്നു. താഴെ നല്കിയിരിക്കുന്ന സ്ഥലങ്ങളിൽ നിർദ്ദിഷ്ടദിവസം കൃത്യസമയത്ത് അതതു റീജിയണിൽ നിന്നുമുള്ള എല്ലാ ബഹുമാനപ്പെട്ട വൈദികരും എത്തിച്ചേരണം. നിർദ്ദിഷ്ട ദിവസം പങ്കെടുക്കാൻ സാധിക്കാത്തവർ ഏതെങ്കിലും ഒരു ദിവസം പങ്കെടുക്കാൻ ശ്രദ്ധിക്കുമല്ലോ. വിശദമായ വിവരങ്ങൾ വാട്സാപ്പിലൂടെ അറിയിക്കുന്നതാണ്.

	ഫൊറോനകൾ	തീയതി	കോ-ഓഡിനേറ്റർ	സ്ഥലം
ഇരിട്ടി റീജിയൺ	പേരാവൂർ, മണിക്കടവ് എടൂർ, കുന്നോത്ത് നെല്ലിക്കാംപൊയിൽ	2026 ജനുവരി 20 ചൊവ്വ	ഫാ. മാത്യു തെക്കേമുറി	തളിപ്പറമ്പ്
ചെമ്പേരി റീജിയൺ	ചെമ്പേരി, പൈസക്കരി ചെമ്പന്തൊട്ടി തളിപ്പറമ്പ്	2026 ജനുവരി 27 ചൊവ്വ	ഫാ. നോബിൾ ഓണംകുളം	തളിപ്പറമ്പ്
ചെറുപുഴ റീജിയൺ	ചെറുപുഴ, മേരിഗിരി ആലക്കോട്, വായാട്ടുപറമ്പ്	2026 ഫെബ്രു. 03 ചൊവ്വ	ഫാ. ഫിലിപ്പ് ഇരുപ്പക്കാട്ട്	തളിപ്പറമ്പ്
കാസർഗോഡ് റീജിയൺ	തോമാപുരം, മാലോം വെള്ളരിക്കുണ്ട്, പനത്തടി കാഞ്ഞങ്ങാട്, കാസർഗോഡ്	2026 ഫെബ്രു. 11 ബുധൻ	ഫാ. മാണി മേൽവെട്ടം	നീലേശ്വരം

മോൺ. സെബാസ്റ്റ്യൻ പാലാക്കുഴി
വികാരി ജനറാൾ

കാറ്റക്കെറ്റിക്കൽ അപ്പൊസ്തോലേറ്റ്

"ഈശോ ജ്ഞാനത്തിലും പ്രായത്തിലും ദൈവത്തിന്റെയും മനുഷ്യരുടെയും പ്രീതിയിലും വളർന്നുവന്നു" (ലൂക്കാ 2:52).

പുത്തൻ പ്രതീക്ഷകളുമായി ഒരു പുതിയ വർഷംകൂടി ദൈവം നമുക്ക് നല്കിയിരിക്കുന്നു. കഴിഞ്ഞവർഷത്തെ കുറവുകളെ പരിഹരിച്ചുകൊണ്ട് പുതിയ വർഷത്തിൽ നമുക്ക് കർമ്മോത്സുകരാകാം. വരും തലമുറയ്ക്ക് ഈശോയെ പകർന്നുകൊടുക്കുന്ന തിരുസഭയുടെ ഏറ്റവും മഹത്തരമായ ശുശ്രൂഷയിൽ നമുക്കും സജീവമായി പങ്കുചേരാം. എല്ലാവർക്കും പുതുവത്സരാശംസകൾ.

1. വിശ്വാസപരിശീലകർക്കുള്ള ധ്യാനം – നന്ദി

വിശ്വാസപരിശീലകർക്കുള്ള ദ്വിദിന ധ്യാനം **"GRATIA DEI"** എന്ന പേരിൽ നവംബർ, ഡിസംബർ മാസങ്ങളിൽ ഫൊറോനാതലത്തിൽ അതിരൂപതയിലെ 19 ഫൊറോനകളിലും നടത്തി. 2960 അധ്യാപകർ ധ്യാനത്തിൽ പങ്കെടുത്തു. ധ്യാനകേന്ദ്രങ്ങളിൽ എത്തി വിശ്വാസപരിശീലകരെ സന്ദർശിക്കുകയും ക്ലാസ്സ് എടുക്കുകയും ചെയ്ത അഭി. മാർ. ജോസഫ് പാംപ്ലാനി പിതാവിനും ജനറാൾ അച്ചൻമാരായ മോൺ. ആന്റണി മുതുകുന്നേലച്ചനും, മോൺ. സെബാസ്റ്റ്യൻ പാലാക്കുഴി അച്ചനും നന്ദി. ധ്യാനശുശ്രൂഷകൾക്ക് നേതൃത്വം നൽകിയത് മോൺ. മാത്യു ഇളംതുരുത്തിപ്പടവിൽ, ഫാ. ജോസഫ് മുട്ടത്തുകുന്നേൽ, ഫാ. ജെൻസൻ ലാസലെറ്റ്, ഫാ. ജെയ്സൺ കോലക്കുന്നേൽ, ഫാ. ഓസ്റ്റിൻ ചക്കാംകുന്നേൽ, ഫാ. മെൽബിൻ തെങ്ങുംപള്ളിൽ, ഫാ. ഫിലിപ്പ് കവിയിൽ, ഫാ. മാത്യു മുക്കുഴി, ഫാ. ആന്റണി കിടാരത്തിൽ എന്നിവരാണ്. ഓരോ ഫൊറോനയിലും ധ്യാനത്തിനുവേണ്ട ക്രമീകരണങ്ങൾ നടത്തിയ ഫൊറോന വികാരിമാർ, ഇടവക വികാരിമാർ, പ്രസിഡണ്ടുമാർ, സെക്രട്ടറിമാർ, പ്രധാനാധ്യാപകർ, വിശ്വാസപരിശീലകർ എന്നിവർക്കും കാറ്റക്കെറ്റിക്കൽ അപ്പൊസ്തോലേറ്റിന്റെ നന്ദി.

2. ഡിപ്ലോമ പരീക്ഷ (ക്ലാസ്സ് XII)

XII-ാം ക്ലാസ്സിന്റെ ഡിപ്ലോമ പരീക്ഷ ജനുവരി 26-ന് തിങ്കളാഴ്ച ഉച്ചകഴിഞ്ഞ് 2 മണിമുതൽ 4 മണിവരെയായിരിക്കും. പരീക്ഷയുടെ സമയത്തിന് മാറ്റം വരുത്താൻ പാടില്ല. ചോദ്യപേപ്പർ ഫൊറോന കേന്ദ്രങ്ങളിൽ എത്തിച്ചുനൽകുന്നതാണ്.

3. പരീക്ഷാ സൂപ്പർവൈസർമാർ

ജനുവരിയിൽ നടത്തുന്ന ഡിപ്ലോമ പരീക്ഷയ്ക്ക് പരീക്ഷാകേന്ദ്രങ്ങളിൽ സൂപ്പർവൈസർമാരെ നിയമിക്കേണ്ടതാണ്. ഫൊറോന കമ്മിറ്റി ആലോചിച്ച് സൂപ്പർവൈസർമാരെ നേരത്തെ തിരഞ്ഞെടുക്കുമല്ലോ. **പരീക്ഷയിൽ എന്തെങ്കിലും ക്രമക്കേടുകൾ കണ്ടെത്തിയാൽ സൂപ്പർവൈസർ അക്കാര്യം അന്നുതന്നെ ഡയറക്ടറച്ചനെ അറിയിക്കേണ്ടതാണ്.**

3. ഡിപ്ലോമ പരീക്ഷാ നിർദ്ദേശങ്ങൾ

a. പരീക്ഷ 2026 ജനുവരി 26-നു ഉച്ചയ്ക്കു 2 മണി മുതൽ 4 മണി വരെയായിരിക്കും. പരീക്ഷയുടെ സമയത്തിന് മാറ്റം വരുത്താൻ പാടില്ല. നിശ്ചയിക്കപ്പെട്ടിരിക്കുന്ന സമയത്തിനുപുറത്ത് നടത്തുന്ന പരീക്ഷപേപ്പറുകൾ മൂല്യനിർണ്ണയത്തിന് പരിഗണിക്കുന്നതല്ല. കൂടാതെ രജിസ്റ്റർ ചെയ്യാത്ത കുട്ടികളെ പരീക്ഷ എഴുതിക്കാൻ പാടില്ല.

b. സൂപ്പർവൈസർ നിയമിക്കപ്പെട്ട സെന്ററിൽ 1.30-നു മുൻപായി എത്തുക.

c. ഡിപ്ലോമ പരീക്ഷ ഒരു ക്ലാസ്സ് റൂമിൽ വച്ചോ, ഹാളിൽ വച്ചോ നടത്തുന്നതാണ് ഉചിതം. **രണ്ടു ക്ലാസ്സ് റൂമുകളിൽ വെച്ചാണ് പരീക്ഷ നടത്തുന്നതെങ്കിൽ നിർബന്ധമായും രണ്ടു സൂപ്പർവൈസർ ഉണ്ടായിരിക്കണം.**

d. ചോദ്യപേപ്പർ പായ്ക്കറ്റ് പരീക്ഷയ്ക്കു 15 മിനിറ്റു മുൻപു പരീക്ഷാഹാളിൽ വച്ചു മാത്രം തുറക്കുക.

e. ഹെഡ്മാസ്റ്ററും ക്ലാസ് അധ്യാപകരും പരീക്ഷാസമയം മുഴുവനും പരീക്ഷാഹാളിൽ ഉണ്ടായിരിക്കണം.

f. ഡിപ്ലോമ പരീക്ഷയെഴുതുന്ന കുട്ടികൾ ഉത്തരക്കടലാസിൽ പേര് എഴുതാൻ പാടില്ല. പകരം വിശ്വാസപരിശീലന കേന്ദ്രത്തിൽനിന്നും നൽകിയിട്ടുള്ള രജിസ്ട്രർ നമ്പർ, സ്ലിപ്പിൽ എഴുതി ഉത്തരക്കടലാസിനൊപ്പം പിൻ ചെയ്യുക. കൂടാതെ രജിസ്റ്റർ നമ്പർ ഉത്തരക്കടലാസിന്റെ ഒന്നാം പേജിലും കുട്ടികളെകൊണ്ട് എഴുതിപ്പിക്കണം. **ഡിപ്ലോമ പരീക്ഷ എഴുതുന്ന കുട്ടികൾക്ക് സൺഡേസ്കൂളിൽ നിന്ന് പേപ്പറുകൾ (A4) വിതരണം ചെയ്യേണ്ടതാണ്.**

g. ഉത്തരക്കടലാസുകൾ രജി. നമ്പറിന്റെ ക്രമത്തിൽ അടുക്കി പായ്ക്കു ചെയ്യണം. ഉത്തരക്കടലാസുകൾ മടക്കി പായ്ക്കുചെയ്യരുത്. ഡിപ്ലോമ ഇംപ്രൂവ്മെന്റ് ഉത്തരക്കടലാസുകൾ വേറെ കവറിൽ പായ്ക്ക് ചെയ്യണം.

h. രജിസ്ട്രേഷൻ ഫോമിന്റെ മൂന്നാമത്തെ കോളത്തിൽ Internal Mark ചേർക്കേണ്ടതാണ്. പരീക്ഷ എഴുതാത്ത കുട്ടികളുടെ റിമാർക്സ് കോളത്തിൽ Absent എന്നെഴുതുക. രജി. ഫോം പ്രത്യേക കവറിലിട്ട് ഉത്തരക്കടലാസിനോടൊപ്പം പായ്ക്ക് ചെയ്യണം. ഡിപ്ലോമ രജി. ഫോമിൽ ആവശ്യപ്പെട്ടിരിക്കുന്ന എല്ലാ വിവരങ്ങളും പൂരിപ്പിക്കേണ്ടതാണ്.

i. ഉത്തരക്കടലാസുകൾ പായ്ക്കു ചെയ്യുമ്പോൾ 'Center Head Sheet' എന്ന

ഫോം കൃത്യമായി പൂരിപ്പിച്ച് സൂപ്പർവൈസറും ഹെഡ്മാസ്റ്ററും ഒപ്പുവച്ച് ഒരു കോപ്പി പായ്ക്കറ്റിനകത്തും ഒന്ന് പായ്ക്കറ്റിനു പുറത്തു കാണത്തക്ക രീതിയിലും ഒട്ടിച്ച് ഉത്തരക്കടലാസ് പായ്ക്കറ്റ് സീൽ ചെയ്യുക.

j. ഉത്തരക്കടലാസ് പായ്ക്കറ്റ് പരീക്ഷാദിനത്തിൽ തന്നെ ഫൊറോനാ കേന്ദ്രത്തിലെത്തിക്കുക. ജനുവരി 27-ാം തീയതി ഉത്തരക്കടലാസുകൾ വിശ്വാസപരിശീലന കേന്ദ്രത്തിലേക്ക് കൊണ്ടുപോകുന്നതാണ്.

k. പരീക്ഷയിൽ എന്തെങ്കിലും ക്രമക്കേടുകൾ നടന്നാൽ വിശ്വാസപരിശീലനകേന്ദ്രത്തിൽ അറിയിക്കുക. ഫോൺ : 9778194799.

4. യാത്രയയപ്പ് മീറ്റിംഗ്

XII-ാം ക്ലാസ്സിലെ കുട്ടികൾ പഠനം പൂർത്തിയായി പോകുന്നതിന് മുൻപ് അവർക്ക് യാത്രയയപ്പ് കൊടുക്കുന്ന നല്ല പതിവ് സൺഡേ സ്കൂളുകളിലുണ്ട്. സൺഡേസ്കൂൾ പഠനകാലഘട്ടത്തിന്റെയും ലഭിച്ച ദൈവാനുഭവത്തിന്റെയും ഓർമ്മ നിലനിർത്തുന്നതിനായി അത്തരത്തിലുള്ള മീറ്റിംഗ് എല്ലാ സൺഡേസ്കൂളുകളിലും ക്രമീകരിക്കേണ്ടതാണ്. ഹെഡ്മാസ്റ്ററും സ്റ്റാഫ് അംഗങ്ങളും ബഹു. വികാരിയച്ചനുമായി ആലോചിച്ച് വേണ്ട ക്രമീകരണങ്ങൾ നടത്തുമല്ലോ.

5. അസൈൻമെന്റ് - ക്ലാസ്സ് XII

പന്ത്രണ്ടാം ക്ലാസ്സിൽ പഠിക്കുന്ന കുട്ടികളുടെ ഈ അധ്യയനവർഷത്തെ അസൈൻമെന്റ് എല്ലാ സൺഡേസ്കൂളുകളും സമയത്തിനുള്ളിൽതന്നെ ഓഫീസിൽ എത്തിച്ചു നല്കി. അസൈൻമെന്റ് എഴുതാൻ പരിശീലനം നല്കിയ വിശ്വാസപരിശീലകർക്ക് പ്രത്യേക അഭിനന്ദനങ്ങൾ.

6. ഓൺലൈൻ മീറ്റിംഗ്

ഡിസംബർ 15-ന് വിശ്വാസോത്സവ വർക്കുബുക്ക് തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട് കാറ്റക്കെറ്റിക്കൽ അപ്പൊസ്റ്റോലേറ്റ് ഡയറക്ടർ ഫാ. ആന്റണി കിടാരത്തിലിന്റെ അധ്യക്ഷതയിൽ ഓൺലൈൻ മീറ്റിംഗ് നടത്തി.

7. സ്റ്റാഫ് മീറ്റിംഗ്

എല്ലാ സൺഡേ സ്കൂളുകളിലും ബഹു. വികാരിയച്ചന്റെ അദ്ധ്യക്ഷതയിൽ സ്റ്റാഫ് മീറ്റിംഗ് നടത്തണം. ജനുവരി 18 ഞായറാഴ്ച സ്റ്റാഫ് മീറ്റിംഗ്കൂടി ഡിപ്ലോമ പരീക്ഷ സുഗമമായി നടത്തുന്നതിനുവേണ്ട ക്രമീകരണങ്ങൾ നടത്തണം.

8. ഡിപ്ലോമ ചോദ്യപേപ്പർ വിതരണം

ജനുവരി 21, 22, 23 (ബുധൻ, വ്യാഴം, വെള്ളി) തീയതികളിലായിരിക്കും ചോദ്യപേപ്പർ വിതരണം നടത്തുക. ആസ്പെക്ട് പരീക്ഷക്കായുള്ള "ക്രൈസ്തവരും കേരള നവോദ്ധാനവും" എന്ന പുസ്തകവും ഫൊറോന കേന്ദ്രങ്ങളിൽ എത്തിക്കുന്നതാണ്. ചോദ്യപേപ്പർ വിതരണ ദിവസം ഡയറ

ക്ടറച്ചൻ എല്ലാ ഫൊറോനകളിലും വരുന്നുണ്ട്. അന്നേ ദിവസം പരീക്ഷയുടെ നടത്തിപ്പിനെക്കുറിച്ചും, ആസ്പെക്ട് പരീക്ഷ, Patristic Quiz, കാറ്റക്കെറ്റിക്കൽ തീർത്ഥാടനങ്ങൾ തുടങ്ങിയ പ്രോഗ്രാമുകളെക്കുറിച്ചുമുള്ള വിശദവിവരങ്ങൾ നല്കുന്നതാണ്. ഓരോ ഫൊറോനയിലും വരുന്ന തീയതിയും സമയവും താഴെകൊടുക്കുന്നു.

ഫൊറോന	തീയതി	സമയം
പേരാവൂർ	21-01-2026 ബുധൻ	09.30 am
എടൂർ	21-01-2026 ബുധൻ	11.30 am
കുന്നോത്ത്	21-01-2026 ബുധൻ	01.30 pm
നെല്ലിക്കാംപൊയിൽ	21-01-2026 ബുധൻ	03.00 pm
മണിക്കടവ്	21-01-2026 ബുധൻ	04.30 pm
പൈസക്കരി	21-01-2026 ബുധൻ	06.30 pm
ചെമ്പേരി	22-01-2026 വ്യാഴം	09.30 am
ചെമ്പന്തൊട്ടി	22-01-2026 വ്യാഴം	11.00 am
വായാട്ടുപറമ്പ്	22-01-2026 വ്യാഴം	12.30 pm
ആലക്കോട്	22-01-2026 വ്യാഴം	02.30 pm
മേരിഗിരി	22-01-2026 വ്യാഴം	04.00 pm
ചെറുപുഴ	22-01-2026 വ്യാഴം	05.30 pm
തളിപ്പറമ്പ്	22-01-2026 വ്യാഴം	07.30 pm
കാഞ്ഞങ്ങാട്	23-01-2026 വെള്ളി	09.30 am
കാസർഗോഡ്	23-01-2026 വെള്ളി	12.00 pm
പനത്തടി	23-01-2026 വെള്ളി	02.30 pm
വെള്ളരിക്കുണ്ട്	23-01-2026 വെള്ളി	04.00 pm
മാലോം	23-01-2026 വെള്ളി	05.30 am
തോമാപുരം	23-01-2026 വെള്ളി	07.00 pm

9. വിശ്വാസോത്സവം – ഏപ്രിൽ 06 മുതൽ 09 വരെ

വിശ്വാസോത്സവം ഏപ്രിൽ 06 മുതൽ 09 വരെയാണ്. വിശ്വാസോത്സവ വർക്ക്ബുക്കിന്റെ ഓർഡർ ഫോം സമയബന്ധിതമായി പൂരിപ്പിച്ച് നൽകിയ എല്ലാവർക്കും നന്ദി. വർക്കുബുക്കുകളുടെ വില എല്ലാ ക്ലാസ്സുകൾക്കും 35 രൂപയായിരിക്കും. നാലാം ക്ലാസ്സിന്റെ 'ജീവന്റെ അപ്പം' പുസ്തകത്തിന് 60 രൂപയാണ് നല്കേണ്ടത്.

10. വാർഷികപരീക്ഷ I - XI : അതിരൂപതാ മതബോധനകമ്മിറ്റിയുടെ തീരുമാനപ്രകാരം 1 മുതൽ 11 വരെയുള്ള ക്ലാസ്സുകളിലെ കുട്ടികളുടെ വാർഷിക പരീക്ഷ വിശ്വാസോത്സവത്തിനുശേഷം **ഏപ്രിൽ 11 ശനിയാഴ്ച രാവിലെ 11 മണി മുതൽ 01 മണിവരെ** ആയിരിക്കും.

11. അവധിക്കാല വേദപാഠം ഏപ്രിൽ 13–17

സൺഡേസ്കൂളിൽ റഗുലറായി പഠിക്കാൻ സാധിക്കാത്ത 6 മുതൽ 12 വരെ ക്ലാസുകളിൽ പഠിക്കുന്ന നവോദയ, സ്പോർട്സ് സ്കൂളുകളിലെ കുട്ടികൾക്കുമാത്രമുള്ള അവധിക്കാല വിശ്വാസപരിശീലന ക്ലാസുകൾ ഏപ്രിൽ 13 തിങ്കളാഴ്ച രാവിലെ 9.30 മുതൽ 17–ാം തീയതി വെള്ളിയാഴ്ച ഉച്ചക്ക് 1 മണിവരെ സന്ദേശഭവനിൽ വച്ച് നടത്തപ്പെടുന്നു. ക്യാമ്പിൽ പങ്കെടുക്കുന്ന കുട്ടികൾ നിർബന്ധമായും വിശ്വാസോത്സവത്തിൽ പങ്കെടുക്കണം. കൂടാതെ ബഹു. വികാരിയച്ചന്റെ കത്ത്, പാഠപുസ്തകം, ബൈബിൾ, കുർബാന പുസ്തകം, പ്രോഗ്രസ് കാർഡ്, ബെഡ്ഷീറ്റ്, ടോയ്ലറ്റ് സാധനങ്ങൾ എന്നിവ കൊണ്ടുവരേണ്ടതാണ്. 12–ാം ക്ലാസിലെ കുട്ടികൾ അസൈൻമെന്റ് എഴുതി കൊണ്ടു വരണം. **ക്യാമ്പിൽ പങ്കെടുക്കുന്ന കുട്ടികൾ ഏപ്രിൽ 6–ന് മുമ്പായി ഹെഡ്മാസ്റ്റർ മുഖേന ഓഫീസിൽ പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.** ക്യാമ്പ് ഫീസ് 1800 രൂപയായിരിക്കും.

12. ആസ്പെക്ട് 2025–2026

2025–2026 സമുദായശക്തീകരണ വർഷത്തോടനുബന്ധിച്ച് അധ്യാപകരുടെ തുടർപരിശീലനത്തിനായി ഉപയോഗിക്കുന്നത് ''ക്രൈസ്തവരും കേരള നവോത്ഥാനവും'' എന്ന പുസ്തകമാണ്. മാർച്ച് 09 ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2 മണി മുതൽ 4 മണിവരെയായിരിക്കും എഴുത്തുപരീക്ഷ. മോഡൽ ചോദ്യങ്ങൾ കാറ്റക്കെറ്റിക്കൽ അപ്പൊസ്റ്റോലേറ്റ് തയ്യാറാക്കി നൽകുന്നതാണ്. പരീക്ഷയ്ക്ക് ഒറ്റവാക്കിൽ ഉത്തരം എഴുതാനുള്ള 100 ചോദ്യങ്ങൾ ഉണ്ടായിരിക്കും. വിശദവിവരങ്ങൾ പിന്നീട് അറിയിക്കുന്നതാണ്.

13. കാറ്റക്കിസം ക്ലാസ്സ് സമയം

ബഹു. വൈദികരുടെ ധ്യാനാവസരത്തിൽ അഭിവന്ദ്യ ജോസഫ് പാംപ്ലാനി പിതാവ് അറിയിച്ചതിൻപ്രകാരം എല്ലാ ഇടവകകളിലും കുട്ടികളുടെ ഞായറാഴ്ച കുർബാനക്കുശേഷം വിശ്വാസപരിശീലനം 1½ മണിക്കൂർ എങ്കിലും ഉണ്ടായിരിക്കണം. 45 മിനുട്ടുകൾ വീതമുള്ള രണ്ട് പിരീയഡുകളും 10 മിനുട്ട് ഇടവേളയും ലഭിക്കത്തക്കവിധം സമയം ക്രമീകരിക്കേണ്ടതാണ്. അധ്യാപകർക്ക് പാഠങ്ങൾ പഠിപ്പിക്കാനാവശ്യമായ സമയം ലഭിക്കുന്നുണ്ടെന്ന് വികാരിയച്ചനും ഹെഡ്മാസ്റ്ററും ഉറപ്പുവരുത്തേണ്ടതാണ്. വേദപാഠ ക്ലാസ്സുകളുടെ സമയം അപഹരിച്ചുകൊണ്ട് മറ്റുപ്രോഗാമുകൾ നടത്താൻ പാടില്ല.

14. ഫുൾഡേ ക്ലാസ്

വാർഷിക കലണ്ടറിൽ നല്കിയിരിക്കുന്നപ്രകാരം മാസത്തിലെ അവസാന ഞായറാഴ്ച എല്ലാ സൺഡേസ്കൂളുകളിലും ഫുൾഡേ ക്ലാസ് നടത്തു മല്ലോ.ഗ്രൂപ്പുകളുടെ കലാപരിപാടികൾ, സംഘടനാപ്രവർത്തനങ്ങൾ,

സെമിനാറുകൾ, ആരാധന, കുമ്പസാരം മുതലായവയ്ക്ക് ഉച്ചകഴിഞ്ഞുള്ള സമയം പ്രയോജനപ്പെടുത്താവുന്നതാണ്.

15. അതിരൂപതാ വിസിറ്റേഴ്സ് സന്ദർശനം

2025-2026 അധ്യയനവർഷത്തെ സൺഡേസ്കൂൾ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനുവേണ്ടിയുള്ള അതിരൂപതാ വിസിറ്റേഴ്സിന്റെ സന്ദർശനം ആഗസ്റ്റ് മാസത്തിൽ ആരംഭിച്ചു. വിസിറ്റർ വരുന്ന വിവരം തലേ ഞായറാഴ്ച കുട്ടികളെ അറിയിക്കുകയും വി. കുർബ്ബാന കഴിഞ്ഞുള്ള പൊതു കൂട്ടായ്മയിലും സ്റ്റാഫ് മീറ്റിംഗിലും വിസിറ്ററിനു സ്വാഗതം പറയേണ്ടതുമാണ്. മറ്റു പൊതുപ്രോഗ്രാമുകൾ ഒഴിവാക്കി കുട്ടികളെ പൊതുവായും ക്ലാസ്സ് തല ത്തിലും കാണുന്നതിന് ആവശ്യമായ സമയം നൽകേണ്ടതാണ്. **സ്റ്റാഫ് മീറ്റിംഗിൽ മുഴുവൻ അധ്യാപകരുടെയും സാന്നിധ്യം ഉണ്ടായിരിക്കണം. അവരുടെ യാത്രയ്ക്കാവശ്യമായ റ്റി.എ. സൺഡേ സ്കൂളിൽ നിന്നും കൊടുക്കേണ്ടതാണ്**. ബഹു. ഹെഡ്മാസ്റ്റർമാർ ഇക്കാര്യം പ്രത്യേകം ശ്രദ്ധി ക്കുമല്ലോ.

ജനുവരി മാസത്തിലെ അതിരൂപതാ വിസിറ്റ്

ജനുവരി 04: ഹൊസങ്കടി, നടുവിൽ, പെരുമ്പടവ്, വരക്കാട്, ആനറ. **ജനുവരി11:** മേരിഗിരി, കാഞ്ഞിക്കൊല്ലി. **ജനുവരി 18:** പൊടിക്കളം, കാലാങ്കി. **ജനുവരി 25:** മാട്ടറ. **ഫെബ്രുവരി 08:** ശാന്തിനഗർ, **ഫെബ്രുവരി 15:** മുണ്ടാന്നൂർ. **ഫെബ്രുവരി 22:** മണിപ്പാറ.

16. ഓഫീസ്, റിക്കാർഡുകൾ

എല്ലാ സൺഡേസ്കൂളുകളിലെയും ഓഫീസും റിക്കാർഡുകളും ഈ അധ്യയന വർഷം പുനഃക്രമീകരിക്കാൻ പ്രത്യേകം ശ്രദ്ധിക്കുമല്ലോ. ഓഫീസ്, റിക്കാർഡുകൾ, ഫയലുകൾ തുടങ്ങിയവ ഹെഡ്മാസ്റ്ററിന്റെയും സെക്രട്ടറി യുടേയും നേതൃത്വത്തിൽ ക്രമമാക്കേണ്ടതും ചിട്ടയായി സൂക്ഷിക്കേണ്ടതുമാ ണ്. ഓഫീസിൽ ലെറ്റർപാഡും സീലും ഉണ്ടായിരിക്കേണ്ടതാണ്.

17. റിട്ടയർമെന്റ്

അതിരൂപതാ മതബോധനകമ്മിറ്റിയുടെ (2011 ജൂൺ 14) നിശ്ചയപ്രകാരം സൺഡേസ്കൂൾ മതാധ്യാപകരുടെ റിട്ടയർമെന്റ് പ്രായം 65 വയസ് ആണ്. റിട്ടയർ ചെയ്യുന്ന അധ്യാപകരെ ഇടവകാതലത്തിൽ ആദരിക്കേണ്ടതാണ്. ഇടവകാ തിരുനാളിനോടനുബന്ധിച്ചുള്ള സൺഡേസ്കൂൾ വാർഷികയോഗ ങ്ങൾ അതിനായി പ്രയോജനപ്പെടുത്തുമല്ലോ. കൂടാതെ ഹെഡ്മാസ്റ്റർമാരുടെ സേവനകാലം 15 വർഷമായിട്ടാണ് കമ്മിറ്റി നിശ്ചയിച്ചിരിക്കുന്നത്. തുടർന്നും അവർക്ക് (65 വയസുവരെ) സൺഡേസ്കൂളിൽ പഠിപ്പിക്കാവുന്നതാണ്.

18. ഓഫീസിൽ അടയ്ക്കേണ്ട തുകകൾ

2025-2026 പ്രവർത്തന വർഷത്തിൽ ഓഫീസിൽ അടയ്ക്കേണ്ട വിവിധ തുകകൾ (സ്റ്റുഡന്റ്സ് ഫണ്ട്, ചോദ്യപേപ്പർ, പാഠപുസ്തകങ്ങൾ, ഉപപാഠ പുസ്തകങ്ങൾ, വിശ്വാസോത്സവ വർക്ക്ബുക്ക്, വിശ്വാസോത്സവ അധ്യാപക സഹായി) ശേഖരിച്ച് ബാങ്ക് വഴി അടയ്ക്കണമെന്ന് ഓർമിപ്പിക്കുന്നു. താഴെ കൊടുത്തിരിക്കുന്ന അക്കൗണ്ടിലേയ്ക്കാണ് തുക ട്രാൻസ്ഫർ ചെയ്യേണ്ടത്. തുക ട്രാൻസ്ഫർ ചെയ്യുന്നവർ ഡയറക്ടറച്ചനെ ഫോൺ വഴി അറിയിക്കുകയോ വാട്സ്ആപ്പ് നമ്പറിലേക്ക് സന്ദേശം നൽകുകയോ ചെയ്യണം.

A/c Holder : Department of Catechesis
A/c No : 0078053000073503
IFSC : SIBL 0000078
Bank : South Indian Bank, Thalassery

19. ആദരാഞ്ജലികൾ

തലശ്ശേരി കത്തിഡ്രൽ സൺഡേസ്കൂളിലെ പ്രധാനാധ്യാപികയായ ആനി കുര്യൻ പാലക്കുന്നേൽ, മട്ടന്നൂർ സൺഡേസ്കൂൾ പ്രധാനാധ്യാപകനായ ശ്രീ. സന്തോഷ് തലച്ചിറയുടെ പിതാവായ ശ്രീ. മത്തായി തലച്ചിറ, തിരുമേനി ഇടവകയിലെ പ്രധാനധ്യാപകൻ പ്രിൻസ് ചെമ്പരത്തിയിൽ സാറിന്റെ പിതാവ് CV ജോർജ് ചെമ്പരത്തിയിൽ എന്നിവർ നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടു. കുടുംബാംഗങ്ങളെ വിശ്വാസ പരിശീലനകേന്ദ്രത്തിന്റെ പ്രാർത്ഥനയും അനുശോചനവും അറിയിക്കുന്നു.

20. ഡയറക്ടറച്ചൻമാരുടെ സന്ദർശനം

ഡയറക്ടറച്ചൻ മാലോം, പനത്തടി, പൂളക്കുറ്റി എന്നീ സൺഡേ സ്കൂളുകളിലും അസി. ഡയറക്ടറച്ചൻ കുടിയാൻമല, കരയത്തുംചാൽ സൺഡേ സ്കൂളിലും സന്ദർശനം നടത്തി.

ഫാ. ആന്റണി കിടാരത്തിൽ
ഡയറക്ടർ

ബൈബിൾ അപ്പൊസ്തോലേറ്റ്
ആൽഫാ ഇൻസ്റ്റിറ്റ്യൂട്ട്

ആൽഫാ ഹയർ ഇൻസ്റ്റിറ്റ്യൂട്ടിന് അംഗീകാരം

ആൽഫാ ഹയർ ഇൻസ്റ്റിറ്റ്യൂട്ടിന്റെ Batchelor in Religious Science (BRS) എന്ന കോഴ്സിന് വത്തിക്കാനിലുള്ള Decatery for Culture and Education ന്റെ അംഗീകാരം ലഭിച്ചിരിക്കുന്നു. ബാംഗ്ലൂർ ധർമ്മാരാം വിദ്യാക്ഷേത്ര (DVK) യുടെ കീഴിലായിരിക്കും ആൽഫാ ഹയർ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനങ്ങൾ. 2026 ജൂണിൽ ആരംഭിക്കുന്ന കോഴ്സിന്റെ കാലാവധി 3 വർഷങ്ങൾ ആണ്. Regular course ആയതിനാൽ താത്പര്യമുള്ളവർക്ക് ഹോസ്റ്റൽ സൗകര്യങ്ങൾ ക്രമീകരിക്കുന്നതാണ്. താല്പര്യമുള്ളവർ ഓഫീസുമായി ബന്ധപ്പെടുമല്ലോ.

ബൈബിൾ പകർത്തിയെഴുത്ത്

KCBC ബൈബിൾ കമ്മീഷന്റെയും ബൈബിൾ സൊസൈറ്റിയുടെയും നേതൃത്വത്തിൽ മാർച്ച് 25 മുതൽ 2026 മാർച്ച് 25 വരെ ബൈബിൾ പകർത്തിയെഴുത്തിനായി സമർപ്പിക്കപ്പെട്ടിരിക്കുന്ന നാളുകളാണ് എന്ന് നേരത്തെ അറിയിച്ചിരുന്നല്ലോ. ബൈബിൾ പകർത്തിയെഴുതിയിട്ടുള്ളവർ വികാരിയച്ചന്മാരുടെ സാക്ഷ്യപത്രത്തോടൊപ്പം അവ ബൈബിൾ അപ്പൊസ്തോലേറ്റ് ഡയറക്ടറെ ഏല്പിക്കേണ്ടതാണ്. വിശദവിവരങ്ങൾക്ക് ജൂൺമാസം ഗിരിദീപം കാണുക.

ഏവർക്കും പ്രാർത്ഥനാനിർഭരമായ ക്രിസ്തുമസ് പുതുവത്സരാശംസകൾ

ഫാ. മാത്യു കൊട്ടുകാപ്പള്ളി
ഡയറക്ടർ, ആൽഫാ ഇൻസ്റ്റിറ്റ്യൂട്ട്

ഫാ. ഫിലിപ്പ് കവിയിൽ
ഡയറക്ടർ, ബൈബിൾ അപ്പൊസ്തോലേറ്റ്

ചിൽഡ്രൻ അപ്പൊസ്റ്റോലേറ്റ്
ചെറുപുഷ്പ മിഷൻലീഗ്

സ്നേഹ ബഹു. അച്ചന്മാരെ, സിസ്റ്റേഴ്സ്, പ്രിയ മിഷനറിമാരെ,

പ്രതീക്ഷകളുടെ പുതുസുഗന്ധം പരത്തി 2026 വരവായി. കളിച്ചും, ചിരിച്ചും, പഠിച്ചും, പ്രാർത്ഥിച്ചും നമുക്കൊപ്പമായിരുന്ന 2025 യവനിക യ്ക്കുള്ളിലേയ്ക്ക് മറയുമ്പോൾ ദൈവം ഈ ഒരു വർഷം ചൊരിഞ്ഞ അവർണ്ണനീയമായ ദാനങ്ങൾക്ക് നന്ദി പറയാം. ഒപ്പം പുത്തൻ പ്രതീ ക്ഷകളുടെ പൊൻചിറകുകളുമായി പുതുവർഷത്തെ നമുക്ക് എതി രേൽക്കാം. ഈ പുതുവർഷത്തിൽ ചെറിയ ഒരു പുഞ്ചിരിയിലൂടെ, നല്ല വാക്കുകളിലൂടെ, കൊച്ചുകൊച്ചു സഹായങ്ങളിലൂടെ അനേകരിൽ പ്രതീ ക്ഷകളുടെയും, നന്മയുടെയും പുതുനാമ്പുകൾ മുളപ്പിക്കുവാനും ഈ പുതുവർഷത്തിൽ നമുക്ക് ഉത്സാഹിക്കാം. ഏവർക്കും ദൈവാനുഗ്രഹം നിറഞ്ഞ പുതുവത്സരാശംസകൾ...

അനുസ്മരിക്കുന്ന തിരുനാൾ : ദനഹാതിരുനാൾ
അനുസ്മരിക്കുന്ന വിശുദ്ധർ : വി. സെബസ്ത്യാനോസ്, വി. ചാവറ കുര്യാക്കോസ് ഏലിയാസച്ചൻ
പ്രാർത്ഥനാനിയോഗം : എല്ലാ മിഷണറിമാർക്കും വേണ്ടി
സുകൃതജപം : ഈശോയെ ഞാൻ അങ്ങിൽ ശരണപ്പെടുന്നു.

1. ശാഖകൾ ശ്രദ്ധിക്കാൻ

1 വ്യാഴം : പുതുവർഷാരംഭം - ദിവ്യബലിയിൽ പങ്കെടുത്ത് ദൈവാനുഗ്രഹത്തിനായി പ്രാർത്ഥിക്കുന്നു.
3 ശനി : വി. ചാവറകുര്യാക്കോസ് ഏലിയാസച്ചന്റെ തിരുനാൾ
5 തിങ്കൾ : സീറോ മലബാർ മിഷൻ വാരാഘോഷം ആരംഭം
6 ചൊവ്വ : ദനഹാതിരുനാൾ,
11 ഞായർ : പ്രേഷിതവാരം സമാപനം
17 ശനി : ജീവന്റെ മൂല്യം പ്രസംഗമത്സരം (ശാഖകളിൽ)
26 തിങ്കൾ : വൈസ് ഡയറക്ടേഴ്സ് മീറ്റിംഗ്, കയ്യെഴുത്ത് മാസിക രൂപ തയിൽ എത്തിക്കേണ്ട അവസാന ദിവസം.

2. മേഖലകൾ ശ്രദ്ധിക്കാൻ : എക്സിക്യൂട്ടീവ്, മാനേജിംഗ് കമ്മിറ്റി, ഓർഗനൈസിംഗ് ടീം മീറ്റിംഗ്. കൈയെഴുത്ത് മാസിക.

3. കൈയ്യെഴുത്ത് മാസിക : ഈ വർഷത്തെ കൈയെഴുത്ത് മാസികയുടെ നിർമ്മാണം പൂർത്തിയായിക്കൊണ്ടിരിക്കുകയാണല്ലോ. മേഖലാ തലത്തിൽ ഒന്നാംസ്ഥാനം ലഭിക്കുന്ന കൈയെഴുത്ത് മാസിക അതിരൂപതയിൽ എത്തിക്കേണ്ട അവസാന തീയതി 2026 ജനുവരി 26-ാം തീയതി ആണ്.

4. ശാഖാ വൈസ്ഡയറക്ടേഴ്സ് മീറ്റിംഗ്

മിഷൻലീഗ് - തിരുബാലസഖ്യ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനും ഈ വർഷത്തെ പ്രധാന കാര്യങ്ങൾ ചർച്ചചെയ്യുന്നതിനുമായി ജനുവരി 26-ാം തീയതി ശാഖാ വൈസ് ഡയറക്ടേഴ്സ് മീറ്റിംഗ് തളിപ്പറമ്പ് സെന്റ് മേരീസ് ഓഡിറ്റോറിയത്തിൽ വച്ച് നടത്തപ്പെടുന്നതായിരിക്കും. രാവിലെ 9.15 ന് തളിപ്പറമ്പ് സെന്റ് മേരീസ് ഫൊറോന ദൈവാലയത്തിൽ വി. കുർബാന ഉണ്ടായിരിക്കും. അതിനുശേഷം നടക്കുന്ന മീറ്റിംഗിൽ മിഷൻലീഗ് - തിരുബാലസഖ്യ വൈസ് ഡയറക്ടേഴ്സ് എല്ലാവരും പങ്കെടുക്കണമെന്നകാര്യം ഓർമ്മിപ്പിക്കട്ടെ. മീറ്റിംഗിനെ കുറിച്ചുള്ള കൂടുതൽ വിവരങ്ങൾ അറിയിക്കുന്നതായിരിക്കും.

5. പ്രേഷിതവാരം

2026 ജനുവരി 5 മുതൽ 11 വരെ പ്രേഷിതവാരമായി നാം ആചരിക്കുന്നു. മിഷൻ പ്രവർത്തനങ്ങളെ ഓർക്കുകയും എല്ലാ മിഷണറിമാർക്കും വേണ്ടി പ്രത്യേകം പ്രാർത്ഥിക്കുകയും ചെയ്യുമല്ലോ. മിഷൻ വാരത്തോടനുബന്ധിച്ച് നമുക്ക് ചെയ്യാവുന്നകാര്യങ്ങൾ നിങ്ങളെ അറിയിക്കുന്നതായിരിക്കും.

6. ശാഖാ സന്ദർശനങ്ങൾ: അതിരൂപതാ ഭാരവാഹികൾ ജനുവരി മാസം ഇനി സന്ദർശിക്കാത്ത ശാഖകൾ സന്ദർശിക്കുന്നതാണ് എന്നകാര്യം ഓർമ്മപ്പെടുത്തുന്നു. അന്നേ ദിവസം ശാഖാ വൈസ് ഡയറക്ടേഴ്സ് ശാഖകളിൽ വേണ്ട ക്രമീകരണങ്ങൾ ചെയ്യുവാൻ ശ്രദ്ധിക്കുമല്ലോ.

7. മേഖലാ സന്ദർശനം: ജനുവരി മാസത്തിൽ അതിരൂപതാ ഭാരവാഹികൾ മേഖലാ സന്ദർശനം നടത്തുന്നതായിരിക്കും എന്നകാര്യം സ്നേഹപൂർവ്വം ഓർമ്മിപ്പിക്കുന്നു. മേഖലകൾ വേണ്ട ക്രമീകരണങ്ങൾ ചെയ്യുമല്ലോ.

8. അതിരൂപതാ മാനേജിംഗ് കമ്മിറ്റി

ചെറുപുഷ്പ മിഷൻലീഗ് തലശ്ശേരി അതിരൂപതാ മാനേജിംഗ് കമ്മിറ്റിയും 2025-2028 വർഷത്തേക്കുള്ള അതിരൂപതാ ഭാരവാഹികളുടെ തെരഞ്ഞെടുപ്പും ഡിസംബർ 13-ാം തീയതി ശനിയാഴ്ച തളിപ്പറമ്പ് സെന്റ് മേരീസ് ഫൊറോന ദൈവാലയ ഓഡിറ്റോറിയത്തിൽ വച്ച് നടന്നു. അതിരൂപതാ വികാരി ജനറാൾ മോൺ. സെബാസ്റ്റ്യൻ പാലാക്കുഴി ഉദ്ഘാടനം ചെയ്തു. സംസ്ഥാന പ്രസിഡന്റ് ശ്രീ. രഞ്ജിത്ത് മുതുപ്ലാക്കലിന്റെ നേതൃത്വത്തിൽ

2025 –2028 വർഷത്തേക്കുള്ള ഭാരവാഹികളുടെ തെരഞ്ഞെടുപ്പ് നടന്നു.

ഹൃദ്യമായ സ്വാഗതം

2025 –2028 പ്രവർത്തന വർഷത്തെ അതിരൂപതാ ഭാരവാഹികൾ

പ്രസിഡന്റ് – സുനിൽ ചെന്നിക്കര
വൈ. പ്രസി. – ഓമന കുര്യാലപ്പുഴ
സെക്രട്ടറി – മനോജ് മുടവനാട്ട്
ജോ. സെക്രട്ടറി – ബിന്ദു കരിവയലിൽ
ജനറൽ ഓർഗനൈസർ – ഷിജോ സ്രായിൽ

റീജിയണൽ ഓർഗനൈസേഴ്സ്

അരുൾ പറയക്കുന്നേൽ – ആലക്കോട് റീജൻ
സുനിൽ കല്ലിടുക്കിൽ – ചെമ്പേരി റീജൻ
സനോജ് കുറ്റിപ്പുറത്ത്, ബിജു കൊച്ചുപൂവ്വക്കോട്ട് – കാഞ്ഞങ്ങാട് റീജൻ
മാത്യു കളപ്പുരയ്ക്കൽ, ഷാജി പള്ളൂരത്തിൽ – ഇരിട്ടി റീജൻ

സംസ്ഥാന പ്രതിനിധികൾ

ബിൽജോ ചങ്ങാലിക്കാവിൽ, സഖറിയാസ് തേക്കുംക്കാട്ടിൽ, ഷിജോ പുതിപ്പറമ്പിൽ, നിഷ വടാന, പുഷ്പ വെള്ളാപാടത്ത്.

ഓഡിറ്റേഴ്സ്

അജിൻ അറക്കപ്പറമ്പിൽ, സോജൻ കൊച്ചുമലയിൽ, ഷെർമി പുതിയേടത്തുപ്പറമ്പിൽ.

ഉപരിഘടകം

ജെയ്സൺ പുളിച്ചമാക്കൽ, ബേബി പ്ലാശ്ശേരി, ഏലിക്കുട്ടി എടാട്ട്, ജെസ്സി ഷിജി വട്ടക്കാട്ട്

പുതിയ ഭാരവാഹികൾക്ക് തങ്ങളുടെ ഉത്തരവാദിത്വങ്ങൾ ദൈവഹിത പ്രകാരം ആത്മാർത്ഥമായി നിർവ്വഹിക്കുവാൻ എല്ലാ ദൈവാനുഗ്രങ്ങളും പ്രാർത്ഥനാശംസകളും നേർന്നുകൊണ്ട് അതിരൂപതാ കുടുംബത്തിലേയ്ക്ക് ഹൃദ്യമായ സ്വാഗതം.

9. ഹൃദയം നിറഞ്ഞ നന്ദി

കഴിഞ്ഞ മൂന്നുവർഷക്കാലം ത്യാഗത്തിന്റെ സുന്ദരഭാവങ്ങളെ പുൽകി നിഷ്കാമ കർമ്മത്തിലൂടെ ചെറുപുഷ്പ മിഷൻലീഗിനെ വളർച്ചയിലേക്ക് നയിച്ച പ്രസിഡന്റ് ശ്രീ. ഷിജോ സ്രായിലിന്റെ നേതൃത്വത്തിലുള്ള അതിരൂപതാ ഭാരവാഹികൾക്ക് ഹൃദയം നിറഞ്ഞ നന്ദിയും പ്രാർത്ഥനാശംസകളും.

10. മിഷൻ പച്ചക്കറിത്തോട്ടം

മിഷൻ പച്ചക്കറിത്തോട്ടമത്സരത്തിൽ രജിസ്റ്റർ ചെയ്ത ശാഖകളിൽ മേഖല ടീമിന്റെ നേതൃത്വത്തിൽ ഒന്നാംഘട്ട സന്ദർശനം പൂർത്തിയാക്കി. തിരഞ്ഞെടുത്ത ശാഖകളിൽ രണ്ടാംഘട്ട രൂപത റീജിയണൽ സന്ദർശനം നടത്തി. രണ്ടാംഘട്ട സന്ദർശനത്തിൽ നിന്നും തിരഞ്ഞെടുക്കുന്ന ശാഖകളിൽ അതിരൂപത ടീം മൂന്നാം ഘട്ട സന്ദർശനം നടത്തുന്നതായിരിക്കും.

11. നക്ഷത്രദൂത്

ക്രിസ്തുമസിനോടനുബന്ധിച്ച് ഡിസംബർ 1 മുതൽ 25 വരെ ക്രിസ്തുമസ് മെസേജ് "നക്ഷത്രദൂത്" എന്ന പേരിൽ വാട്സ് ആപ്പിലൂടെയും യൂട്യൂബിലൂടെയും അയച്ചിരുന്നു. ഈ പരിപാടികൾക്ക് വേണ്ട പ്രോത്സാഹനങ്ങളും നിർദ്ദേശങ്ങളും നൽകിയ എല്ലാവർക്കും പ്രത്യേകമായി പങ്കെടുത്ത് സഹകരിച്ചവർക്കും അതിരൂപതാ കുടുംബത്തിന്റെ നന്ദിയും അഭിനന്ദനങ്ങളും.

12. വചനമരം

ക്രിസ്തുമസ്സിനോടനുബന്ധിച്ച് കുട്ടികളുടെ നേതൃത്വത്തിൽ ദൈവാലയങ്ങളിലും, ഭവനങ്ങളിലും മനോഹരമായ വചനമരം ഒരുക്കിയ എല്ലാ കൊച്ചു കൂട്ടുകാർക്കും, അവർക്കുവേണ്ട പ്രോത്സാഹനം നൽകിയ ബഹുമാനപ്പെട്ട അച്ചൻമാർക്കും, സിസ്റ്റേഴ്സിനും, മതാധ്യാപകർക്കും, മാതാപിതാക്കൾക്കും നന്ദിയും അഭിനന്ദനങ്ങളും.

13. ഉണ്ണീശോ കട്ടിൽ

പഞ്ചാബ് മിഷനിലെ അനാഥമന്ദിരത്തിലെ കുട്ടികൾക്ക് കട്ടിൽ വാങ്ങുക എന്ന നിയോഗത്തോടെ 25 നോമ്പിൽ കുട്ടികൾ സമാഹരിച്ച തുക മിഷൻലീഗ് ഓഫീസിൽ എത്തിക്കുവാൻ ശ്രദ്ധിക്കുമല്ലോ. ഒരു കട്ടിലിന് 5000 രൂപ ചിലവാകും. ഏറ്റവും കുറഞ്ഞത് ഒരു കട്ടിലിനുള്ള തുകയോ ഭാഗികമായുള്ള തുകയോ നൽകാൻ പരിശ്രമിക്കുമല്ലോ.

ഫാ. ജോസഫ് വയലുങ്കൽ
ഡയറക്ടർ

തിരുബാലസഖ്യം

സ്നേഹ ബഹു. അച്ചന്മാരെ, ആനിമേറ്റേഴ്സ്, കുഞ്ഞുങ്ങളെ,

ധാരാളം കൃപകൾ സമ്മാനിച്ച വർഷമാണല്ലോ 2025. ഉണ്ണീശോയുടെ സുകൃതങ്ങൾ ജീവിതത്തിൽ സ്വന്തമാക്കി ഉണ്ണീശോയുടെ കൂട്ടുകാർ 2026 ലേയ്ക്ക് പ്രവേശിച്ചിരിക്കുമ്പോൾ കൂടുതൽ വിശുദ്ധിയോടെ വളർന്നുവരുവാൻ ഉണ്ണീശോ അനുഗ്രഹിക്കട്ടെ. എല്ലാ കൊച്ചുകൂട്ടുകാർക്കും ദൈവാനുഗ്രഹം നിറഞ്ഞ പുതുവത്സരാശംസകൾ.

അനുസ്മരിക്കുന്ന തിരുനാൾ : ദനഹാതിരുന്നാൾ
അനുസ്മരിക്കുന്ന വിശുദ്ധർ : വി. സെബസ്ത്യാനോസ്, വി. ചാവറ കുര്യാക്കോസ് ഏലിയാസച്ചൻ
പ്രാർത്ഥനാനിയോഗം : നവവൈദികർക്കുവേണ്ടി
സുകൃതംജപം : ദൈവമെ അങ്ങയുടെ സ്നേഹത്താൽ എന്നെ നിറയ്ക്കണേമേ.
വചനം : ഒരു പുതിയ സൃഷ്ടിയാവുകയാണ് പരമ പ്രധാനം.
എയ്ഞ്ചൽസ് ബീറ്റ്സ് : എയ്ഞ്ചൽ ഫെസ്റ്റ് – അതിരൂപതാ കലോത്സവം

1. ശാഖകൾ ശ്രദ്ധിക്കാൻ

1 വ്യാഴം : പുതുവർഷാരംഭം – ദിവ്യബലിയിൽ പങ്കെടുത്ത് ദൈവാനുഗ്രഹത്തിനായി പ്രാർത്ഥിക്കുന്നു

3 ശനി : വി. ചാവറകുര്യാക്കോസ് ഏലിയാസച്ചന്റെ തിരുനാൾ

6 ചൊവ്വ : ദനഹാതിരുനാൾ,

26 തിങ്കൾ : വൈസ് ഡയറക്ടേഴ്സ് മീറ്റിംഗ്

2. വൈസ്ഡയറക്ടേഴ്സ് മീറ്റിംഗ്

മിഷൻലീഗ് – തിരുബാലസഖ്യ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനും ഈ വർഷത്തെ പ്രധാന കാര്യങ്ങൾ ചർച്ചചെയ്യുന്നതിനുമായി ജനുവരി 26-ാം തീയതി ശാഖാ ആനിമേറ്റേഴ് മീറ്റിംഗ് നടത്തപ്പെടുന്നതാണ്. മീറ്റിംഗിൽ മിഷൻലീഗ് – തിരുബാലസഖ്യ വൈസ് ഡയറക്ടേഴ്സ് എല്ലാവരും പങ്കെടുക്കണമെന്നകാര്യം ഓർമ്മിപ്പിക്കട്ടെ. മീറ്റിംഗിന്റെ സമയവും അതിനോടനുബന്ധിച്ചുള്ള കാര്യങ്ങളും പിന്നീട് അറിയിക്കുന്നതായിരിക്കും.

3. ശാഖാ സന്ദർശനങ്ങൾ: അതിരൂപതാ ഭാരവാഹികൾ ജനുവരി മാസം ഇനി സന്ദർശിക്കാത്ത ശാഖകൾ സന്ദർശിക്കുന്നതാണ് എന്നകാര്യം

ഓർമ്മപ്പെടുത്തുന്നു. തിരുബാലസഖ്യം ആനിമേറ്റേഴ്സ് അന്നേ ദിവസം തിരു ബാലസഖ്യം റെക്കോഡുകൾ കൃത്യമായി എഴുതി സൂക്ഷിക്കുകയും ശാഖ കളിൽ വേണ്ട ക്രമീകരണങ്ങൾ ചെയ്യുവാൻ ശ്രദ്ധിക്കുകയും ചെയ്യുമല്ലോ.

4. ഈശോയെപ്പോലെ സംതൃപ്തിയുള്ളവരാകാം...

ഈ മാസം നമുക്ക് ഈശോയെപ്പോലെ ഭക്തിയുള്ളവരാകാം എന്ന ആറാം അധ്യായം പഠിക്കാം. ഈശോയുടെ ഭക്തി എന്നുപറയുന്നത് സ്നേഹ മായിരുന്നു. അവസാന ശ്വാസം വരെ ഈശോ പിതാവിന്റെ വാക്കുകൾ അനു സരിച്ചു.പിതാവിനോടുള്ള ഭക്തിയിൽ നിന്നാണ് അനുസരണം ഉണ്ടായത്. പ്രിയ കൂട്ടുകാരേ നമുക്കും ഈശോയെപ്പോലെ ഭക്തിയിൽ വളരാം.

5. നിറം കൊടുക്കാമോ? : പ്രിയ കൂട്ടുകാരെ, ഈശോയെപ്പോലെ ഭക്തി യുള്ളവരാകാം എന്ന ആറാം അധ്യായത്തിലെ പേജ് 33 ലെ ചിത്രം ക്രയോൺസ് ഉപയോഗിച്ച് മനോഹരമായി കളർചെയ്ത് ഏറ്റവും നല്ല 3 എണ്ണം ജനുവരി 20 ന് മുമ്പ് അതിരൂപതയിലേക്ക് അയച്ച് തരുമല്ലോ.

6. നിങ്ങൾക്കറിയാമോ? : പ്രിയ കൂട്ടുകാരെ, ഈശോയെപ്പോലെ ഈശോ യെപ്പോലെ ഭക്തിയുള്ളവരാകാം എന്ന ആറാം അധ്യായത്തിലെ പേജ് 34 ൽ കൊടുത്തിരിക്കുന്നത് സുവിശേഷത്തിലെ ഒരു ഉപമയുടെ ചിത്രമാണ്. സുവിശേഷവും അദ്ധ്യായവും വാക്യവും വ്യക്തമാക്കി ഉപമയ്ക്ക് ഉചിത മായ അടിക്കുറിപ്പ് തയ്യാറാക്കി ഏറ്റവും നല്ല 3 എണ്ണം ജനുവരി 20 ന് മുമ്പ് അതിരൂപതയിലേക്ക് അയച്ച് തരുമല്ലോ.

7. എയ്ഞ്ചൽസ് ഫെസ്റ്റ് 2026 (കലോത്സവം)

ഈ വർഷത്തെ തിരുബാലസഖ്യ കലോത്സവം നേരത്തെ അറിയിച്ചി രുന്നത് പോലെ 2026 ജനുവരി 10 ശനിയാഴ്ച വായാട്ടുപ്പറമ്പ് സെന്റ് ജോസഫ് സ്കൂളിൽ വച്ച് ആയിരിക്കും. മത്സരങ്ങളെ സംബന്ധിക്കുന്ന നിർദ്ദേ ശങ്ങൾ ഒക്ടോബർ മാസത്തെ ഗിരിദീപത്തിലും വാട്സ് ആപ്പിലും നൽകി യിരിക്കുന്നത് നോക്കി മനസിലാക്കുമല്ലോ. മേഖലകളിൽ മത്സരങ്ങൾ നടത്തി മേഖല വിജയികളായവരാണ് അതിരൂപത മത്സരത്തിൽ പങ്കെടു ക്കേണ്ടത്. അതിരൂപത മത്സരം രാവിലെ 9.15 ന് രജിസ്ട്രേഷനോടെ ആരം ഭിക്കുന്നതാണ്. എല്ലാവരും കൃത്യസമയത്ത് വന്ന് മത്സരത്തിൽ പങ്കെടു ക്കുവാൻ പ്രത്യേകം ശ്രദ്ധിക്കുമല്ലോ.

8. നിറംകൊടുക്കാമോ? ഡിസംബർ മാസത്തെ വിജയികൾ

I ബെഞ്ചമിൻ കക്കക്കൂട്ടുങ്കൽ - വെള്ളരിക്കുണ്ട്
II ജോർജിൻ കളപ്പുരയ്ക്കൽ - കണിച്ചാർ
III ടെസ മരിയ ഷൈജു - വെമ്പുവ

9. നിങ്ങൾക്കറിയാമോ? ഡിസംബർ മാസത്തെ വിജയികൾ

I റൂബൻ തോമസ് കാലായിൽ - വെള്ളരിക്കുണ്ട്
II ഇവാൻ കുളത്തിങ്കൽ - വെമ്പുവ
III ഇവാൻ പ്ലാശനാൽ - കണിച്ചാർ

ഫാ. ജോസഫ് വയലുങ്കൽ
ഡയറക്ടർ

യൂത്ത് അപ്പൊസ്റ്റോലേറ്റ്

"ഒരു പുതിയ ഹൃദയം നിങ്ങൾക്കു ഞാൻ നൽകും. ഒരു പുതുചൈതന്യം നിങ്ങളിൽ ഞാൻ നിക്ഷേപിക്കും. നിങ്ങളുടെ ശരീരത്തിൽനിന്ന് ശിലാഹൃദയം എടുത്തു മാറ്റി മാംസളഹൃദയം നൽകും." (എസെ 36:26)

സ്നേഹമുള്ള ഡയറക്ടറച്ചന്മാരെ, ആനിമേറ്റേഴ്സ്, യുവജന സുഹൃത്തുക്കളെ,

പുതുവർഷത്തിന്റെ മംഗളങ്ങൾ ഏവർക്കും സ്നേഹപൂർവ്വം നേരുന്നു. പുതിയ വർഷം ദൈവാനുഗ്രഹപ്രദമാകട്ടെ എന്ന് ആശംസിക്കുന്നു. നവീനങ്ങളായ പ്രവർത്തനങ്ങളുമായി നമുക്കൊരുമിച്ച് മുന്നേറാം.

മേഖലകൾ / യൂണിറ്റുകൾ ശ്രദ്ധിക്കാൻ

ജനുവരി 01 – പുതുവർഷാരംഭം
ജനുവരി 03 – വി. ചാവറ കുര്യാക്കോസ് ഏലിയാസച്ചന്റെ തിരുനാൾ
ജനുവരി 06 – ദനഹാ തിരുനാൾ

ഉത്സവ് 2025 – സംസ്ഥാന കലോത്സവം

എറണാകുളം അങ്കമാലി മേജർ അതിരൂപതയുടെ ആതിഥേയത്വത്തിൽ ഭാരത് മാതാ കോളേജ് തൃക്കാക്കരയിൽ വച്ചു നടന്ന കലോത്സവത്തിൽ 4th Runner - up വിജയം നേടി ചരിത്രം കുറിച്ച് തലശ്ശേരി അതിരൂപത. സംസ്ഥാന കലോത്സവത്തിൽ വിജയം നേടാൻ സഹകരിച്ച ഫൊറോന പ്രസിഡന്റുമാർക്കും ഫൊറോന ഡയറക്ടർമാർക്കും വൈസ് ഡയറക്ടർമാർക്കും ഇടവക വികാരിയച്ചൻമാർക്കും വൈസ് ഡയറക്ടർമാർക്കും മത്സരാർത്ഥികൾക്കും അതിരൂപത യുവജന കുടുംബത്തിന്റെ നന്ദി.

സംസ്ഥാന കലോത്സവ വിജയികൾ

നാടോടിനൃത്തം (BOYS)

I	ജീവൻ കൊട്ടുപ്പള്ളി	ഓടംന്തോട്	പേരാവൂർ

മിമിക്രി (BOYS)

I	അഭിനവ് നടുവിലേമുറിയിൽ	കുമ്പള	കാസർഗോഡ്

മുദ്രാവാക്യ രചന

II	സ്റ്റാലിൻ തോമസ്	ബളാൽ	വെള്ളരിക്കുണ്ട്

മോണോആക്ട് (GIRLS)

III സ്നേഹ തോംപുന്നയിൽ കുമ്പള കാസർഗോഡ്

കഥ പറയുക

I അലീന നിരപ്പേൽ
അതുല്യ പെരുംപ്രായിൽ കാപ്പിമല ആലക്കോട്
ഗിഫ്റ്റി മരിയ അഴകുംപറമ്പിൽ

ഗാനമേള

II വായാട്ടുപറമ്പ് ഫൊറോന

പരിചമുട്ട്

II തോമാപുരം ഫൊറോന

മരിയൻ തീർത്ഥാടന വിളംബര യുവജന ബൈബിൾ റാലി

തലശ്ശേരി അതിരൂപതയുടെ നേതൃത്വത്തിൽ ഡിസംബർ 05 വെള്ളിയാഴ്ച്ച രാത്രി എടൂരിൽ നിന്നും ആലക്കോട് നിന്നും ചെമ്പേരി ലൂർദ്ദ് മാതാ ബസിലിക്കായിലേക്കുള്ള മരിയൻ തീർത്ഥാടന ജപമാല റാലിയുടെ വിളംബരത്തിന്റെ ഭാഗമായി കെസിവൈഎം തലശ്ശേരി അതിരൂപതാ സമിതിയുടെ നേതൃത്വത്തിൽ എടൂർ നിന്നും ആലക്കോട് നിന്നും ചെമ്പേരി ലൂർദ്ദ് മാതാ ബസിലിക്കായിലേക്ക് യുവജനങ്ങളുടെ നേതൃത്വത്തിൽ ബൈക്ക് റാലി സംഘടിപ്പിച്ചു. തലശ്ശേരി അതിരൂപത ചാൻസലർ റവ. ഡോ. ജോസഫ് മുട്ടത്തുകുന്നേൽ ചെമ്പേരി ലൂർദ്ദ് മാതാ ബസിലിക്ക അസിസ്റ്റന്റ് വികാരി ഫാ. അജേഷ് തുരുത്തേൽ എന്നിവർ യുവജന യാത്രയെ അഭിവാദ്യം ചെയ്ത് സംസാരിച്ചു. ആലക്കോട്, ചെറുപുഴ, മേരിഗിരി, വായാട്ടുപറമ്പ്, ചെമ്പന്തൊട്ടി, എടൂർ, കുന്നോത്ത്, പേരാവൂർ, നെല്ലിക്കാംപൊയിൽ, മണിക്കടവ്, പൈസക്കരി ഫൊറോനകളുടെ നേതൃത്വത്തിലാണ് ബൈക്ക് റാലി സംഘടിപ്പിച്ചത്.

ബോൺ നത്താലെ

നഗരത്തെ പാപ്പാസാഗരമാക്കി മൂവായിരത്തോളം സാന്താക്ലോസുകൾ അണിനിരന്ന വൻ യുവജന ഘോഷയാത്രയോടെ കെസിവൈഎം തലശ്ശേരി അതിരൂപതയുടെ നേതൃത്വത്തിൽ നെല്ലിക്കാംപൊയിൽ, കുന്നോത്ത്, എടൂർ, പേരാവൂർ, മണിക്കടവ് ഫൊറോനകളുടെ സഹകരണത്തോടെ ഇരിട്ടിയിൽ വച്ചു നടത്തിയ ബോൺ നത്താലെ ക്രിസ്മസ് സന്ദേശ യാത്രയും മെഗാ പാപ്പാ സംഗമവും നഗരത്തിന് കാഴ്ച കാഴ്ചവിരുന്നൊരുക്കി. ബാൻഡ് വാദ്യ മേളങ്ങളും നിശ്ചല ദൃശ്യങ്ങളും ഘോഷയാത്രയ്ക്കു കൂടുതൽ മിഴിവേകി. കരോൾ ഗാനത്തിനൊപ്പം നൃത്തച്ചുവടുകളുമായി ആയിരക്കണക്കിനു സാന്താക്ലോസുകൾ നീങ്ങിയതോടെ ഇരിട്ടി നഗരം പാപ്പാക്കടലായി.

പുൽക്കൂട് – ക്രിസ്മസ് പ്ലോട്ടുകളും ശ്രദ്ധേയമായി. ഇരിട്ടി പയഞ്ചേരിമുക്കിന് സമീപം ആരംഭിച്ച് നഗരത്തിലൂടെ ഇരിട്ടി പാലം വഴി തന്തോട് ദൈവാലയ മുറ്റത്ത് സമാപിച്ച ഘോഷയാത്ര കാണാൻ റോഡിനിരുവശവും ആളുകൾ നിറഞ്ഞിരുന്നു. പയഞ്ചേരിമുക്കിന് സമീപം ഇരിക്കൂർ നിയോജക മണ്ഡലം എംഎൽഎ അഡ്വ. സജീവ് ജോസഫ് സന്ദേശയാത്ര ഫ്ളാഗ് ഓഫ് ചെയ്തു. ബോൺ നത്താലെ ക്രിസ്മസ് സന്ദേശരാവിന് തലശ്ശേരി അതിരൂപത ആർച്ച് ബിഷപ്പ് മാർ ജോസഫ് പാംപ്ലാനി ക്രിസ്തുമസ്സ് സന്ദേശം നൽകി. അതിരൂപത പ്രസിഡന്റ് ശ്രീ അബിൻ വടക്കേക്കര അധ്യക്ഷത വഹിച്ചു. എംഎൽഎ അഡ്വ. സണ്ണി ജോസഫ്, വികാരി ജനറാൾ മോൺ. സെബാസ്റ്റ്യൻ പാലാക്കുഴി, അതിരൂപത ഡയറക്ടർ ഫാ. അഖിൽ മുക്കുഴി എന്നിവർ പ്രസംഗിച്ചു. ബോൺ നത്താലെ വിജയിപ്പിക്കാൻ സഹകരിച്ച എല്ലാ ഫൊറോന വികാരിമാർക്കും, ഡയറക്ടർമാർക്കും പ്രസിഡന്റുമാർക്കും എല്ലാ യുവജന സുഹൃത്തുക്കൾക്കും അതിരൂപതാ യുവജന കുടുംബത്തിന്റെ ഹൃദയം നിറഞ്ഞ നന്ദി.

അഗതിമന്ദിരം സന്ദർശിച്ചു

ക്രിസ്തുമസ്സിനോടനുബന്ധിച്ച് കെസിവൈഎം ഭാരവാഹികൾ ചെമ്പേരിയിലെ സാന്ത്വനം സന്ദർശിച്ച് അവരോടൊപ്പം കേക്ക് മുറിച്ച് ക്രിസ്തുമസ്സ് സന്തോഷം പങ്കുവച്ചു.

പ്രയാൺ – ഫൊറോന വിസിറ്റ്

മണിക്കടവ്, പേരാവൂർ, എടൂർ ഫൊറോനകളിലെ വിസിറ്റ് പൂർത്തീകരിച്ചു.

ഫാ. മാത്യു മുക്കുഴി
ഡയറക്ടർ

ഫാമിലി അപ്പൊസ്തോലേറ്റ്

ഈശോയിൽ പ്രിയപ്പെട്ടവരെ,

ഏറ്റവും അർത്ഥവത്തായ രീതിയിൽ ക്രിസ്തുമസ് ആഘോഷിച്ച്, ദൈവപുത്രന്റെ കൃപയും സമാധാനവും ജീവിതങ്ങളിലേക്കും കുടുംബത്തിലേക്കും സ്വീകരിച്ച് ഒരു പുതുവർഷത്തിലേക്ക് പ്രവേശിക്കാനുള്ള തയ്യാറെടുപ്പിലാണല്ലോ നമ്മൾ. എല്ലാവർക്കും നന്മ നിറഞ്ഞ, അനുഗ്രഹപ്രദമായ ഒരു നവവത്സരം ആശംസിക്കുന്നു. കടന്നുപോയ വർഷം പൂർത്തീകരിക്കാൻ കഴിയാതെ പോയതും ജീവിതത്തിൽ നേടിയെടുക്കണം എന്ന് നമ്മൾ ആഗ്രഹിക്കുന്നതുമായ സകലതും സ്വന്തമാക്കാനുള്ള ഒരു സുവർണാവസരം കൂടി നമുക്ക് ലഭിച്ചിരിക്കുകയാണ്. ജീവിതത്തെ അല്പം കൂടി നവീകരിക്കാനും ബന്ധങ്ങളെ കുറച്ചുകൂടി ഇഴയടുപ്പമുള്ളതാക്കാനും ഈ നവവത്സരത്തിൽ നമുക്ക് പരിശ്രമിക്കാം. സീറോ മലബാർ സഭയൊന്നാകെ സമുദായ ശക്തീകരണ വർഷമായി 2026 ആചരിക്കുമ്പോൾ സമുദായാംഗങ്ങളുടെ കൂട്ടായ്മയും പരസ്പര സ്നേഹവും വളർത്തി ഒറ്റക്കെട്ടായി നമുക്ക് മുന്നേറാം.

I. കുടുംബകൂട്ടായ്മ

കുടുംബകൂട്ടായ്മയുടെ ത്രിതല എക്സിക്യൂട്ടീവ് സമിതിയുടെ പ്രവർത്തനങ്ങൾ കൂടുതൽ സജീവമാക്കാൻ എല്ലാവരും സഹകരിക്കുമല്ലോ.

1. ഇടവക എക്സിക്യൂട്ടീവ്

വികാരിയച്ചൻ (പ്രസിഡന്റ്), കോർഡിനേറ്റർ (കൺവീനർ), മദർ സുപ്പീരിയർ, പാരിഷ് കൗൺസിൽ സെക്രട്ടറി, മാതൃവേദി പ്രസിഡന്റ് (വലിയ ഇടവകകളിൽ സോണൽ പ്രസിഡന്റുമാർ).

പ്രസ്തുത സമിതി മാസത്തിൽ ഒരിക്കൽ (പാരിഷ് കൗൺസിൽ യോഗത്തോടനുബന്ധിച്ച്) സമ്മേളിച്ച് ഇടവകയിലെ കുടുംബ കൂട്ടായ്മകളെ വിലയിരുത്തുക. ഈ സമിതിയിലെ അംഗങ്ങളെ ഉൾപ്പെടുത്തി ഒരു വാട്സാപ്പ് കൂട്ടായ്മ രൂപീകരിച്ച് പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുക. ഓരോ കൂട്ടായ്മകളുടേയും നടത്തിപ്പ് സംബന്ധിച്ച കൃത്യമായ വിവരങ്ങൾ ശേഖരിച്ച് ക്രിയാത്മകമാക്കാൻ നിർദ്ദേശങ്ങൾ നല്കുക.

2. ഫൊറോന എക്സിക്യൂട്ടീവ്

ഫൊറോന വികാരിയച്ചൻ (പ്രസിഡന്റ്), ഫൊറോന കൗൺസിൽ പ്രസിഡന്റ് (കൺവീനർ), ഫാമിലി അപ്പൊസ്റ്റൊലേറ്റ് മേഖല ഡയറക്ടർ, ഫാമിലി അപ്പൊസ്റ്റൊലേറ്റ് മേഖല ആനിമേറ്റർ, ഫൊറോന കൗൺസിൽ സെക്രട്ടറി, മാതൃവേദി മേഖല പ്രസിഡന്റ്, പ്രത്യേക ക്ഷണിതാക്കൾ: എല്ലാ ഇടവകകളിലേയും കോർഡിനേറ്റർമാർ.

പ്രസ്തുത സമിതി മാസത്തിൽ ഒരിക്കൽ (വൈദികരുടെ മാസധ്യാന യോഗത്തോടനുബന്ധിച്ച്) സമ്മേളിച്ച് ഫൊറോനയിലെ കുടുംബ കൂട്ടായ്മ പ്രവർത്തനങ്ങളെ വിലയിരുത്തുക. ഈ സമിതിയിലെ അംഗങ്ങളെ ഉൾപ്പെടുത്തി ഒരു വാട്സാപ്പ് കൂട്ടായ്മ രൂപീകരിച്ച് പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുക. മുഴുവൻ ഇടവകളിലേയും കുടുംബകൂട്ടായ്മകളുടെ നടത്തിപ്പ് സംബന്ധിച്ച കൃത്യമായ വിവരങ്ങൾ ശേഖരിച്ച് മെച്ചപ്പെടുത്താൻ നിർദ്ദേശങ്ങൾ നല്കുക.

3. അതിരൂപതാ എക്സിക്യൂട്ടീവ്

സംഘടന ചുമതലയുള്ള വികാരി ജനറാൾ, അതിരൂപതാ ഡയറക്ടർ, അതിരൂപതാ ആനിമേറ്റർ, അതിരൂപതാ പ്രസിഡന്റ്, അതിരൂപതാ സെക്രട്ടറി, മാതൃവേദി അതിരൂപതാ പ്രസിഡന്റ്.

പ്രസ്തുത സമിതി ആവശ്യമായ സമയത്ത് സമ്മേളിച്ച് അതിരൂപതയിലെ മുഴുവൻ കുടുംബ കൂട്ടായ്മകളുടേയും പ്രവർത്തനങ്ങളെ വിലയിരുത്തുക. ഈ സമിതിയിലെ അംഗങ്ങളെ ഉൾപ്പെടുത്തി ഒരു വാട്സാപ്പ് കൂട്ടായ്മ രൂപീകരിച്ച് അതിൽ ഫൊറോന കൗൺസിൽ പ്രസിഡന്റുമാർ, ഫൊറോന കൗൺസിൽ സെക്രട്ടറിമാർ എന്നിവരെക്കൂടി ഉൾപ്പെടുത്തി പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുക. ഓരോ ഫൊറോനയിലെയും കുടുംബ കൂട്ടായ്മകളുടെ നടത്തിപ്പ് സംബന്ധിച്ച കൃത്യമായ വിവരങ്ങൾ ശേഖരിച്ച് ക്രിയാത്മകമാക്കാൻ നിർദ്ദേശങ്ങൾ നല്കുക.

4. കോർഡിനേറ്റേഴ്സ് മീറ്റ്, ജനുവരി 22

അതിരൂപതയിലെ മുഴുവൻ ഇടവകകളിലെയും കോർഡിനേറ്റർമാർ, കുടുംബകൂട്ടായ്മയുടെ രൂപതാ - ഫൊറോനാതല എക്സിക്യൂട്ടീവ് അംഗങ്ങളോടൊപ്പം ജനുവരി 22 ന് തളിപ്പറമ്പ് സെന്റ് മേരീസ് ഓഡിറ്റോറിയത്തിൽ ഒരുമിച്ച് കൂടുന്നു. അഭിവന്ദ്യ പിതാവ് പങ്കെടുക്കുന്ന ഈ യോഗത്തിൽ വെച്ച് കുടുംബകൂട്ടായ്മകളെ സജീവമാക്കാനുള്ള പദ്ധതികൾ ആസൂത്രണം ചെയ്യുന്നു

5. പ്രത്യേക ശ്രദ്ധയ്ക്ക്

a) എല്ലാ മാസവും മുഴുവൻ വാർഡുകളിലും കുടുംബകൂട്ടായ്മകൾ നടത്തുക.

b) ഓരോ കൂട്ടായ്മയുടേയും മദ്ധ്യസ്ഥൻ/മദ്ധ്യസ്ഥ തിരുനാൾ സമുചിത മായി ആഘോഷിക്കുക.

c) കൂട്ടായ്മയുടെ പേരെഴുതിയ ഒരു ചെറിയ ബോർഡ് ഓരോ കൂട്ടായ്മ പരിധിക്കുള്ളിലും വഴിയരികിലായി സ്ഥാപിക്കുക.

ഉദാ: സെന്റ് മേരീസ് കുടുംബകൂട്ടായ്മ, ആടാംപാറ ഇടവക

d) ഏറ്റവും ഉപകാരപ്രദമായ ഒരു ഇൻഷുറൻസ് പദ്ധതിയിൽ കൂട്ടായ്മയിലുള്ള മുഴുവൻ കുടുംബങ്ങളെയും ചേർക്കുവാൻ ഭാരവാഹികൾ നേതൃത്വം കൊടുക്കുക.

e) ഇടവക കൂട്ടായ്മയിൽ നിന്ന് അകന്ന് കഴിയുന്നവരെയും പള്ളിയിൽ കൃത്യമായി വരാത്തവരെയും സന്ദർശിക്കുകയും സഹകരിപ്പിക്കാനുള്ള മാർഗ്ഗങ്ങൾ സ്വീകരിക്കുകയും ചെയ്യുക.

f) ഓരോ ഞായറാഴ്ചത്തെയും തിരുക്കർമ്മങ്ങൾ മനോഹരമാക്കാൻ ദൈവാ ലയശുചീകരണം, ദൈവാലയ അലങ്കാരം, കുർബ്ബാനയ്ക്ക് കൂടുന്നത്, പാട്ട് പാടുന്നത്, പഴയനിയമ-ലേഖന വായനകൾ എന്നിവ ഓരോ കൂട്ടാ യ്മകളുടെ നേതൃത്വത്തിൽ ക്രമീകരിക്കുക.

g) ബയോ മൗണ്ടൻ ഉല്പന്നങ്ങൾ എല്ലാ കുടുംബങ്ങളിലും ലഭ്യമാക്കാനാ വശ്യമായ നേതൃത്വം ഭാരവാഹികൾ നല്കണം.

h) പ്രായമായവർ, കിടപ്പുരോഗികൾ എന്നിവർക്ക് മാസത്തിൽ ഒരിക്കൽ കുമ്പ സാരിപ്പിച്ച് വി. കുർബാന നല്കാനുള്ള ക്രമീകരണങ്ങൾ നടത്തുക.

II. മാര്യേജ് പ്രിപ്പറേഷൻ കോഴ്സ് (എം.പി.സി)

ഡിസംബർ 18-20 തീയതികളിലായി നടത്തിയ മാര്യേജ് പ്രിപ്പറേഷൻ കോഴ്സിൽ 180 ഓളം പേർ സംബന്ധിച്ചു.

Time Schedule

- കോഴ്സിന്റെ ഒന്നാം ദിവസം രാവിലെ 9 മണിക്ക് രജിസ്ട്രേഷനോടെ ആരംഭിച്ച് മൂന്നാംദിവസം വൈകിട്ട് 4.30 ന് എം.പി.സി. സമാപിക്കുന്നു.
- എം.പി.സി. കോഴ്സ് കൂടാനായി ആഗ്രഹിക്കുന്നവർ **www.familytly.com** എന്ന വെബ് സൈറ്റിൽ രജിസ്റ്റർ ചെയ്യാൻ വികാരിയച്ചന്മാർ ഓർമ്മിപ്പിക്കുമല്ലോ. **എം.പി.സിയുടെ ഫീസ് 2,000 രൂപയായിരിക്കും.** Online Registration ചെയ്യുമ്പോൾ Reg. Fee 600 രൂപ അടയ്ക്കേണ്ടതാണ്. കോഴ്സിനു വരു മ്പോൾ ബാക്കി 1400 രൂപ കൊണ്ടുവരേണ്ടതാണ്.
- കോഴ്സിൽ പങ്കെടുക്കുന്നവർ അപേക്ഷാഫോം ഡൗൺലോഡ് ചെയ്ത് പ്രിന്റ് ഔട്ട് എടുത്ത് വികാരിയച്ചന്റെ ഒപ്പും സീലും വച്ച് കൊണ്ടുവരേണ്ടതാണ്.
- **2024 ജനുവരി മുതൽ അവസാനദിവസം നടക്കുന്ന മാതാപിതാക്ക ളുടെ ക്ലാസ്സ് ഉണ്ടായിരിക്കുന്നതാണ്.**

• ഈ വർഷത്തെ എം.പി.സി. കോഴ്സിന്റെ ഷെഡ്യൂൾ താഴെ കൊടുക്കുന്നു.

MPC - 2026			
January	01-03	(Thusday - Saturday)	Thalassery
January	15-17	(Thusday - Saturday)	Padannakkad
February	02-04	(Monday - Wednesday)	Thalassery
March	05-07	(Thusday - Saturday)	Padannakkad
March	19-21	(Thusday - Saturday)	Thalassery
April	06-08	(Monday - Wednesday)	Padannakkad
April	23-25	(Thusday - Saturday)	Thalassery
May	14-16	(Thusday - Saturday)	Padannakkad
June	18-20	(Thusday - Saturday)	Thalassery
July	16-18	(Thusday - Saturday)	Padannakkad
August	13-15	(Thusday - Saturday)	Thalassery
September	17-19	(Thusday - Saturday)	Padannakkad
October	15-17	(Thusday - Saturday)	Thalassery
November	03-05	(Tuesday - Thursday)	Padannakkad
November	16-18	(Monday - Wednesday)	Thalassery
December	07-09	(Monday - Wednesday)	Padannakkad
December	28-30	(Monday - Wednesday)	Thalassery

III. മാതൃവേദി

(a) അതിരൂപതാ എക്സിക്യൂട്ടീവ് മീറ്റിംഗ്

അതിരൂപതാ ഭാരവാഹികളുടെ മീറ്റിംഗ് നടത്തി. അടുത്ത മാസത്തെ പ്രധാന പ്രവർത്തനങ്ങളെക്കുറിച്ച് വിശദീകരിച്ചു.

(b) അതിരൂപതാ ജനറൽബോഡി

തലശ്ശേരി അതിരൂപത മാതൃവേദിയുടെ ജനറൽ ബോഡി യോഗവും ക്രിസ്തുമസ് ആഘോഷവും തളിപ്പറമ്പ് സെന്റ് മേരീസ് ഓഡിറ്റോറിയത്തിൽ സംയുക്തമായി നടത്തി. ശ്രീമതി മേഴ്സി വാതപ്പള്ളിൽ അധ്യക്ഷത വഹിച്ച യോഗം എകെസിസി ഗ്ലോബൽ ഡയറക്ടർ റവ. ഡോ. ഫിലിപ്പ് കവിയിൽ ഉദ്ഘാടനം ചെയ്തു. കൂട്ടായ്മയാണ് സമുദായത്തിന്റെ ശക്തിയെന്നും അതിനെ വളർത്താനും തലമുറകളെ ഇതേക്കുറിച്ച് അവബോധം ഉള്ളവരാക്കാനും അമ്മമാർക്ക് അനിഷേധ്യമായ പങ്കു വഹിക്കാനുണ്ടെന്ന് അദ്ദേഹം ഓർമ്മിപ്പിച്ചു. അതിരൂപതാ ഡയറക്ടർ സ്വാഗതവും ആനിമേറ്റർ സി. ലിന്റ നന്ദിയും അർപ്പിച്ചു. ജീവകാരുണ്യപ്രവർത്തനങ്ങളിലൂന്നിയ സംഘടനയുടെ

പ്രവർത്തന റിപ്പോർട്ട് ശ്രീമതി ലിൻസിയും വരവുചിലവ് കണക്കുകൾ ശ്രീമതി റെജീനയും അവതരിപ്പിച്ചു. അതിരൂപതാ ഭാരവാഹികളായ ശ്രീമതി ജിജി, വത്സമ്മ, ബീന എന്നിവർ പരിപാടികൾക്ക് നേതൃത്വം നല്കി. തളിപ്പറമ്പ് ഫൊറോന വികാരി റവ. ഫാ. മാത്യു ആശാരിപ്പറമ്പിൽ ക്രിസ്തുമസ് കേക്ക് മുറിച്ച് ആഘോഷങ്ങൾക്ക് തുടക്കം കുറിച്ചു. വിവിധങ്ങളായ പരിപാടികൾ ആഘോഷത്തിന് മാറ്റു കൂട്ടി. 215 യൂണിറ്റുകളിൽ നിന്നായി വൈദികരും സമർപ്പിതരും ഉൾപ്പെടെ 270 ഓളം പങ്കെടുത്തു.

(c) മേഖലാ വാർഷികം

നവംബർ 25 ന് ആലക്കോട് മേഖലയുടെ വാർഷികാഘോഷം ആലക്കോട് ഫൊറോന ദൈവാലയത്തിൽ വച്ചു നടത്തി. മേഖല പ്രസിഡന്റ് മായ കണ്ണോളിൽ അധ്യക്ഷത വഹിച്ച യോഗം അതിരൂപതാ ഡയറക്ടർ ഉദ്ഘാടനം ചെയ്തു സംസാരിച്ചു. ഫൊറോന അസി. വികാരി അനുഗ്രഹ പ്രഭാഷണം നടത്തി. അതിരൂപതാ ആനിമേറ്റർ, സെക്രട്ടറി, മേഖല ഡയറക്ടർ, ആനിമേറ്റർ എന്നിവർ ആശംസകൾ നേരുകയും ചെയ്തു. ഓരോ യൂണിറ്റിന്റേയും മനോഹരമായ കലാപരിപാടികൾ വാർഷികാഘോഷത്തിന് മാറ്റ് കൂട്ടി. ഉച്ച ഭക്ഷണത്തോടെ പ്രോഗ്രാം സമാപിച്ചു.

(d) മത്സരങ്ങൾ

1. വീഡിയോ നിർമ്മാണ മത്സരം :

മേജർ ആർക്കി എപ്പിസ്കോപ്പൽ പദവിയിലേക്ക് ഉയർത്തപ്പെട്ട സീറോ മലബാർ സഭയുടെ ചരിത്രാവതരണ വീഡിയോ നിർമ്മാണ മത്സരത്തിൽ പത്തോളം പേരാണ് പങ്കെടുത്തത്.

വിജയികളായവർ

ഒന്നാം സ്ഥാനം – ബിന്ദു ഇടമറ്റം – കരുവഞ്ചാൽ യൂണിറ്റ്
രണ്ടാം സ്ഥാനം – നൈസി ചേന്നാട്ടുതാഴെ – ഹൊസങ്കടി യൂണിറ്റ്
മൂന്നാം സ്ഥാനം – ഷിജി കാഞ്ഞമല – ആനപ്പന്തി യൂണിറ്റ്

- നവംബർ 23ന് വെള്ളരിയാനം ഇടവകയിൽ ഡയറക്ടർ വി. ബലി അർപ്പിക്കുകയും അമ്മമാർക്ക് ക്ലാസ് എടുക്കുകയും ചെയ്തു.
- ഡിസംബർ 12ന് പെരുമ്പടവ് ഇടവകയിൽ അമ്മമാർക്കായി ഡയറക്ടർ ക്ലാസ് എടുത്തു. 2025 ൽ വിവാഹത്തിന്റെ 25/50 ജൂബിലി ആഘോഷിക്കുന്നവരെയും ബൈബിൾ പകർത്തിയെഴുതിയവരെയും സമ്മാനങ്ങൾ നല്കി ആദരിച്ചു.
- ക്രിസ്തുമസിനോടനുബന്ധിച്ച് ഡിസംബർ 6 മുതൽ ക്രിസ്തുമസ് ദിനം വരെ ഓരോ ദിവസവും ഓരോ മേഖലകളുടെ അമ്മമാരുടെ നേതൃത്വത്തിൽ ക്രിസ്തുമസ് പ്രോഗ്രാം ചെയ്ത് സന്ദേശം ഗ്രൂപ്പുകളിലൂടെ എല്ലാവർക്കും ഷെയർ ചെയ്തു.

(e) ജനുവരി മാസത്തെ മാർഗ്ഗരേഖ

1 – ദിവ്യകാരുണ്യ ആരാധനയിലും – വി. കുർബ്ബാനയിലും പങ്കെടുത്ത് പുതുവർഷം ആരംഭിക്കുന്നു. സമുദായ ശക്തീകരണ വർഷാരംഭം ഉചിതമായി നടത്തുന്നു.

– ഈശോയുടെ നാമകരണതിരുനാൾ

1–3 – MPC @ തലശ്ശേരി

2 – ദൈവമാതൃത്വതിരുനാൾ – എല്ലാ അമ്മമാരെയും / സ്വന്തം അമ്മയെയും ആദരിക്കുക.

3 – വി. ചാവറകുര്യാക്കോസ് ഏലിയാസച്ചൻ – *ഒരു നല്ല് അപ്പന്റെ ചാവരുൾ* എന്ന ഗ്രന്ഥത്തിലെ ഒരു സൂക്തമെങ്കിലും മനഃപാഠമാക്കുക.

6 – ദനഹതിരുനാൾ ഈശോയുടെ മാമ്മോദീസ അനുസ്മരിച്ച് മാമ്മോദീസ നല്കിയ വൈദികൻ, തലതൊട്ടപ്പൻ, തലതൊട്ടമ്മ എന്നിവർ ആരാണെന്ന് അന്വേഷിച്ചറിഞ്ഞ് അവർക്കായ് പ്രാർത്ഥിക്കുക. ജ്ഞാനസ്നാന വ്രതനവീകരണം നടത്തുക.

9 – വി. സ്നാപക യോഹന്നാന്റെ തിരുനാൾ ദിനത്തിൽ
വി. ലൂക്കായുടെ സുവിശേഷം 3: 3–11 വായിച്ച് ധ്യാനിക്കുകയും ചെയ്യാൻ സാധിക്കുന്ന സഹായം നല്കുകയും ചെയ്യുക.

10 – 2025 വർഷത്തിലെ യൂണിറ്റ് വാർഷിക റിപ്പോർട്ട് മേഖലയിൽ സമർപ്പിക്കേണ്ട അവസാന തീയതി.

12 – **മലർവാടി 2K26** യൂണിറ്റ് തല വിലയിരുത്തൽ നടത്തി മികച്ച പൂന്തോട്ടം കണ്ടെത്തി മേഖലയെ അറിയിക്കേണ്ട അവസാനദിനം

14 – വി. ദേവസഹായം പിള്ള – ക്രിസ്തീയ വിശ്വാസത്തിന് വേണ്ടി പീഢനം അനുഭവിക്കുന്നവർക്ക് വേണ്ടി പ്രാർത്ഥിക്കുക വിശ്വാസ പ്രമാണം മൂന്നു പ്രാവശ്യം ചൊല്ലുക.

15–17 – MPC @ പടന്നക്കാട്

15 – യൂണിറ്റിന്റെയും മേഖലയുടെയും 2025 ലെ വാർഷിക റിപ്പോർട്ട് അതിരൂപതയിൽ സമർപ്പിക്കേണ്ട അവസാന തീയതി.

18 – സഭൈക്യവാരം (18–25) ആരംഭിക്കുമ്പോൾ ക്രിസ്തീയ സഭകളുടെ കൂട്ടായ്മയ്ക്ക് വേണ്ടിയുള്ള പ്രാർത്ഥന ചൊല്ലുക.

20 – വി. സെബസ്ത്യാനോസിന്റെ തിരുനാൾ ദിനം – എല്ലാ സെബാസ്റ്റ്യൻ നാമധാരികൾക്കും വേണ്ടി പ്രാർത്ഥിച്ച്, ആശംസകൾ നേരുക.

21 – വി. ആഗ്നസ് കന്യക രക്തസാക്ഷി– മക്കൾ ജീവിത വിശുദ്ധി അഭംഗുരം പാലിച്ച് ജീവിക്കാനായി പ്രാർത്ഥിക്കുക.

– **അതിരൂപതാ സന്ദർശനം ചെമ്പേരി, പൈസക്കരി മേഖലകൾ**

22 – **മലർവാടി 2k26 മേഖലാ വിധിനിർണ്ണയം.** മേഖലയിലെ മികച്ച പൂന്തോട്ടം കണ്ടെത്തി രൂപതയിൽ അറിയിക്കേണ്ട അവസാന ദിനം.

പൂന്തോട്ടത്തിന്റെ ഒരു വീഡിയോയും ചെടികളുടെ ലിസ്റ്റും അയയ്ക്കണം.

23 – വി. സുവിശേഷകന്മാരുടെ തിരുനാൾ ദിനത്തിൽ 4 സുവിശേഷങ്ങളിൽ നിന്നും ഓരോ അധ്യായം വീതം വായിച്ച് പ്രാർത്ഥിക്കുക.

24 – വി. ഫ്രാൻസീസ് സാലസ് – കുടുംബജീവിതത്തിലെ കൊച്ച് ജോലികൾ പോലും ആത്മാർത്ഥതയോടെ ചെയ്ത് വിശുദ്ധി പ്രാപിക്കാമെന്ന് പഠിപ്പിച്ച വിശുദ്ധന്റെ മാദ്ധ്യസ്ഥം തേടി കുടുംബാംഗങ്ങൾ തങ്ങളുടെ ദൈവവിളിയിൽ വളരാൻ പ്രാർത്ഥിക്കുക.

25 – വി. പൗലോസിന്റെ മാനസാന്തരം – ക്രിസ്തീയ വിശ്വാസത്തെ അവഹേളിക്കുന്നവരുടെ മാനസാന്തരത്തിന് വേണ്ടി പ്രാർത്ഥിക്കുക.
3 സ്വർഗ്ഗ : 3 നന്മ: 3 ത്രിത്വസ്തുതി ചൊല്ലി കാഴ്ചവെയ്ക്കുക.

26 – റിപ്പബ്ലിക്ക് ഡേ – ജന്മനാടിനുവേണ്ടി പ്രാർത്ഥിക്കുക. സൈനികരെ ആദരിക്കുക.

– **സമുദായ ശക്തീകരണ വർഷ ജ്വാല കാസർഗോഡ് മേഖല.**

28 – വി. തോമസ് അക്വിനാസിന്റെ തിരുനാൾ ദിനത്തിൽ അദ്ദേഹത്തിന്റെ ഒരു പ്രബോധനം ഹൃദ്ദിസ്ഥമാക്കുക.

29 – **മലർവാടി 2k26 അതിരൂപതാതല വിധിനിർണ്ണയം**

30 – ലോക സമാധാനദിനത്തിൽ യുദ്ധങ്ങൾ അവസാനിക്കാൻ വേണ്ടി പ്രാർത്ഥിക്കുക

31 – വി. ഡോൺ ബോസ്കോയുടെ തിരുനാൾ ദിനത്തിൽ എല്ലാ ബാലഭവനുകളുടേയും നടത്തിപ്പുകാർക്കുവേണ്ടി പ്രാർത്ഥിക്കുക.

പ്രത്യേക പ്രവർത്തനങ്ങൾ

പ്രോലൈഫ് ദിന സഹായനിധി രൂപീകരണം – അതിരൂപതാ പ്രോലൈഫ് ദിനത്തിൽ അഗതിമന്ദിര നടത്തിപ്പുകാർക്ക് സഹായം നല്കുന്നതിനായി ഓരോ യൂണിറ്റും അതിരൂപതാ വിഹിതത്തിന് തുല്യമായ തുക ജനുവരി 31ന് മുമ്പായി പ്രോലൈഫ് അക്കൗണ്ടിലേക്ക് അയയ്ക്കുക.

PROLIFE CHARITY FUND ACCOUNT DETAILS

Account Holder	-	M/S. Prolife Charity Fund
Account Number	-	0078 053000078725
Branch	-	South Indian Bank, Thalassery
IFSC	-	SIBL0000078

IV. അമല പ്രോലൈഫ്

a) പ്രോലൈഫ് കോർ മീറ്റിങ്ങ്

പ്രോലൈഫ് കോർ ടീം അംഗങ്ങൾ സെന്റ് മേരീസ് തേർമല പള്ളിയിൽ വച്ച് മീറ്റിങ്ങ് നടത്തി. 21 പേർ ഈ മീറ്റിങ്ങിൽ പങ്കെടുത്തു. പ്രസ്തുത മീറ്റിങ്ങിൽ ജീവോത്സവത്തിന്റെ വിലയിരുത്തലുകൾ നടത്തി. ക്രിസ്തുമസ്

ആഘോഷം ഡിസംബർ 31 ന് പ്രീസ്റ്റ് ഹോമിൽ വൈദികരോടൊപ്പം ആചരിക്കാൻ തീരുമാനിച്ചു. പ്രാർത്ഥിക്കുവാനായി ക്രിസ്തുമസ് ഫ്രണ്ടിനെ എടുത്തു.

b) ജീവാഗ്നി ധ്യാനം

കൃപ നിറഞ്ഞ കുഞ്ഞുങ്ങൾക്ക് ജന്മം നല്കാൻ ഗർഭിണികളെയും അവരുടെ കുടുംബാംഗങ്ങളെയും സഹായിക്കുന്നതിനുവേണ്ടി പ്രോലൈഫ് ഒരുക്കുന്ന ഓൺലൈൻ ജീവാഗ്നി ധ്യാനം ഡിസംബർ 11,12,13,14 തീയ്യതികളിൽ നടത്തപ്പെട്ടു. ഫാ. ജോബി കോവാട്ട്, ഡോ. സി. റീന എസ്എച്ച്, ഡോ. സി. ഡിവിന എംഎസ്എംഐ, ശ്രീ. സജീവ് മറ്റത്തിനാനിക്കൽ എന്നിവർ ക്ലാസുകൾക്ക് നേതൃത്വം നല്കി. ഏകദേശം 50 ഓളം പേർ ഈ ധ്യാനത്തിൽ പങ്കെടുത്തു. പ്രോലൈഫ് കോർ ടീം അംഗങ്ങൾ മദ്ധ്യസ്ഥ പ്രാർത്ഥനയ്ക്ക് നേതൃത്വം നല്കി.

V. സഖറിയാസ് കൺവെൻഷൻ

തലശ്ശേരി അതിരൂപത ഫാമിലി അപ്പൊസ്റ്റോലേറ്റും ക്രിസ്റ്റീൻ ടീം അംഗങ്ങളും ചേർന്ന് 60 വയസ്സിനുമുകളിലുള്ളവരുടെ സ്നേഹസംഗമം സഖറിയാസ് കൺവെൻഷൻ മാനന്തവാടി രൂപതയിലെ കൽപ്പറ്റ ഫൊറോന ദൈവാലയത്തിൽ നവംബർ 26-28 നടത്തി. ഡയറക്ടർ വി. ബലിയർപ്പിച്ച് വചനസന്ദേശം നല്കി. ക്ലാസ്സുകളും കൗൺസിലിങ്ങും, കുമ്പസാരം, കളികൾ എന്നിവയുമായി മൂന്നു ദിനങ്ങൾ ചിലവഴിച്ചു. ഏകദേശം 200 പേർ ഈ സ്നേഹസംഗമത്തിൽ പങ്കെടുത്തു.

പനത്തടി ഫൊറോന പള്ളിയിൽ വച്ച് ഡിസംബർ 8-10 തീയ്യതികളിൽ നടത്തപ്പെട്ട സഖറിയാസ് കൺവെൻഷനിൽ ഡയറക്ടർ വി. ബലിയർപ്പിച്ച് വചനസന്ദേശം നല്കി. ഏകദേശം 205 പേർ ഈ സ്നേഹസംഗമത്തിൽ പങ്കെടുത്തു.

പാലാ രൂപതയിലെ പൈക ഇടവകയിൽ ഡിസംബർ 16-18 തീയതികളിൽ സഖറിയാസ് കൺവെൻഷൻ നടത്തി. ഡയറക്ടർ വി. ബലിയർപ്പിച്ച് വചനസന്ദേശം നല്കി. ഏകദേശം 250 പേർ ഈ സ്നേഹസംഗമത്തിൽ പങ്കെടുത്തു.

VI. സീറോമലബാർ മാട്രിമോണി

സീറോമലബാർ സഭയിലെ എല്ലാ രൂപതകളുമായി ലിങ്ക് ചെയ്തുകൊണ്ട് പ്രവർത്തിക്കുന്ന മാട്രിമോണിയിൽ രജിസ്റ്റർ ചെയ്യാൻ syromalabarmatrimony.org എന്ന വെബ്സൈറ്റിൽ രജിസ്റ്റർ ചെയ്യുക. കൂടുതൽ വിവരങ്ങൾക്ക് ഫാമിലി അപ്പൊസ്റ്റോലേറ്റ് ഓഫീസുമായി ബന്ധപ്പെടുക. Phone : 9400206974, 8078122191

VII. പ്രശാന്തി കൗൺസിലിംഗ് സെന്റർ

അതിരൂപതാ ഫാമിലി അപ്പൊസ്റ്റോലേറ്റിൽ കുടുംബബന്ധങ്ങളുടെ ശക്തീകരണം ഉദ്ദേശിച്ച് ഒരു കൗൺസിലിംഗ് സെന്റർ പ്രവർത്തിക്കുന്നു.

വ്യക്തികൾക്കും കുടുംബങ്ങൾക്കും കൗൺസിലിംഗിനുള്ള സൗകര്യം ഉണ്ടായിരിക്കുന്നതാണ്. ഇടവകകളിൽ ഏതെങ്കിലും തരത്തിൽ പ്രശ്നങ്ങൾ അഭിമുഖീകരിക്കുന്ന കുടുംബങ്ങൾ ഉണ്ടെങ്കിൽ ഈ സൗകര്യം ഉപയോഗപ്പെടുത്താവുന്നതാണ് സ്നേഹപൂർവ്വം ഓർമ്മിപ്പിക്കുന്നു.
Phone : 9400206974, 8078122191

VIII. സ്വപ്നതുല്യ നേട്ടത്തിന് അഭിനന്ദനങ്ങൾ

ത്രിതല പഞ്ചായത്ത് തെരഞ്ഞെടുപ്പിൽ മാതൃവേദി സംഘടനയുടെ സജീവപ്രവർത്തകരായ 118 പേർ വിവിധ പാർട്ടികളുടെ ഭാഗമായി ജനവിധി നേടുകയുണ്ടായി. അവരിൽ 50 പേർ മികച്ച വിജയം കൈവരിച്ച് ജനപ്രതിനിധികളായി തീർന്നിരിക്കുന്നു. ജനങ്ങളുടെ പ്രതീക്ഷക്കൊത്ത് ഉണർന്ന് പ്രവർത്തിച്ച് അവരുടെ സ്വപ്നങ്ങൾ സാക്ഷാത്ക്കരിക്കാൻ വിജയിച്ച എല്ലാവർക്കും സാധിക്കട്ടെയെന്ന് പ്രാർത്ഥിക്കുന്നു. ആശംസകൾ നേരുന്നു.

IX. പ്രോലൈഫ് മാര്യേജ് ബ്യൂറോ

മലബാർ മേഖല പ്രോലൈഫ് സമിതി നടത്തുന്ന ബ്യൂറോ പെൺകുട്ടികൾക്ക് സൗജന്യ രജിസ്ട്രേഷൻ, ആൺകുട്ടികൾക്ക് രജി. ഫീ 500 രൂപ നാല് മാസത്തേക്ക്. Web Site: www.prolifemarry.com

X. കുടുംബ കരോൾഗാനമത്സരം

തലശ്ശേരി അതിരൂപത ഫാമിലി അപ്പൊസ്റ്റോലേറ്റിന്റെ നേതൃത്വത്തിൽ കുടുംബങ്ങൾക്കായി കരോൾഗാനമത്സരം നടത്തപ്പെട്ടു. ഫാ. ഫിലിപ്പ് കവിയിൽ ഉദ്ഘാടനം ചെയ്തു. 9 കുടുംബങ്ങൾ പങ്കെടുത്തു. ഫാ. അനീഷ് കൊട്ടുകാപ്പള്ളിൽ സമ്മാനദാനം നിർവ്വഹിച്ചു.

വിജയികൾ

I	- ഷാജു & ഫാമിലി, കുന്നുപുറം	- പേരാവൂർ
II	- വിൻസെന്റ് & ഫാമിലി, മഞ്ഞളാങ്കൽ	- പുലിക്കുരുമ്പ
III	- സിനു ജോസഫ് & ഫാമിലി, ചെട്ടിയത്ത്	- തളിപ്പറമ്പ്
IV	- ജോബി & ഫാമിലി, പൊൻപാറ	- നെല്ലിക്കുറ്റി
V	- സണ്ണി സിറിയക് & ഫാമിലി	- നിർമ്മലഗിരി
VI	- സോണി & ഫാമിലി, കാഞ്ഞിരക്കാട്ടുക്കുന്നേൽ	- ഒറ്റത്തെ
VII	- ബിജു & ഫാമിലി, മരുതുമ്മൂട്ടിൽ	- പേരാവൂർ
VIII	- സന്തോഷ് & ഫാമിലി, മുട്ടുചിറ	- തളിപ്പറമ്പ്
	- ജിൻസി & ഫാമിലി, മാടപ്പള്ളി	- തളിപ്പറമ്പ്

XL. ഫാമിലി അപ്പൊസ്റ്റോലേറ്റിന്റെ Mail ID: familytly92@gmail.com
Web Site: www.familytly.com

ഫാ. ജോർജ് കോവാട്ട്
ഡയറക്ടർ

എജ്യൂക്കേഷണൽ അപ്പൊസ്റ്റോലേറ്റ്

ഒരു വർഷംകൂടി നാം പിന്നിട്ടു കഴിഞ്ഞു. പിന്നിട്ട വഴികളിലെ നന്മകളും പോരായ്മകളും കണ്ടെത്തി പുതിയ വർഷത്തിൽ കൂടുതൽ നന്മ ചെയ്യാനും വീഴ്ചകളിൽ കാലിടറാതിരിക്കാനുമുള്ള കൃപയ്ക്കായി പ്രാർത്ഥിച്ചുകൊണ്ട് പുതുവർഷത്തെ നമുക്ക് വരവേൽക്കാം. ദൈവാനുഗ്രഹങ്ങൾ ഏറെ ചൊരിയപ്പെടുന്ന ഈ നാളുകളിൽ കഴിഞ്ഞ ഒരു വർഷം നമ്മെ വഴി നടത്തി അനുഗ്രഹിച്ച ദൈവത്തിന് നന്ദി പറഞ്ഞ് വരും വർഷം കൂടുതൽ ദൈവാനുഗ്രഹപ്രദമാകാൻ നമുക്ക് താഴ്മയോടെ പ്രാർത്ഥിക്കാം.

എല്ലാവർക്കും ക്രിസ്തുമസിന്റെയും നന്മനിറഞ്ഞ പുതുവർഷത്തിന്റെയും മംഗളങ്ങൾ!!!

1. അധ്യാപക/അനധ്യാപക അവാർഡുകൾ

നമ്മുടെ കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസിയിൽ ജോലി ചെയ്യുന്ന അധ്യാപക അനധ്യാപകരുടെ സേവനങ്ങളെ സഭയും സമൂഹവും നന്ദിയോടെ സ്മരിക്കുന്നു. ചിലർ വളരെ മാതൃകാപരവും ശ്രദ്ധേയവുമായ സേവനങ്ങൾ ചെയ്യുന്നുണ്ട്. സ്കൂൾ തലത്തിലും കോർപ്പറേറ്റ് തലത്തിലും അധ്യാപകരെയും അനധ്യാപകരെയും ആദരിക്കണം. എല്ലാവർക്കും അവാർഡുകൾ നൽകുക പ്രായോഗികമല്ലല്ലോ. പരമാവധി അന്വേഷണങ്ങൾ നടത്തി കോർപ്പറേറ്റ് തലത്തിൽ മൂന്ന് തരത്തിലുള്ള അവാർഡുകൾ അധ്യാപകർക്കും അനധ്യാപകർക്കും നൽകുന്നു. ഈ വർഷത്തെ അവാർഡുകൾക്ക് അർഹരായിട്ടുള്ളവരുടെ പേരുകൾ ബഹു. വികാരിയച്ചന്മാരും മറ്റ് സ്റ്റാഫ് അംഗങ്ങളും വിശദമായ റിപ്പോർട്ടുകളോടെ **ജനുവരി 15-ാം** തീയതിക്കു മുമ്പായി കോർപ്പറേറ്റ് ഓഫീസിലേക്ക് അയച്ചു തരണം. സത്യസന്ധമായും വസ്തുനിഷ്ഠമായും തയ്യാറാക്കിയ റിപ്പോർട്ടുകളാണ് അയച്ചു തരേണ്ടത്.

2. സംസ്ഥാന അധ്യാപക അവാർഡ്

കെ.സി.ബി.സി യും കേരള കാത്തലിക് ടീച്ചേഴ്സ് ഗിൽഡും സംയുക്തമായി നൽകുന്ന അധ്യാപക അവാർഡിന് അപേക്ഷ ക്ഷണിക്കു

ന്നു. **ജനുവരി 15-ാം** തീയതി തയ്യാറാക്കിയ അപേക്ഷ ഫോം കോർപ്പറേറ്റ് ഓഫീസിൽ എത്തിക്കേണ്ടതാണ്. കോർപ്പറേറ്റ്തല വിലയിരുത്തൽ സമിതിയുടെ ശുപാർശയുള്ള അപേക്ഷകൾ മാത്രമേ കെ.സി.ബി.സിക്ക് നൽകുകയുള്ളൂ എന്ന കാര്യം അറിയിക്കുന്നു. സത്യസന്ധമായും വസ്തുനിഷ്ഠമായും തയ്യാറാക്കിയ റിപ്പോർട്ടുകളാണ് അയച്ചു തരേണ്ടത്.

3. വിദ്യാലയ വിലയിരുത്തൽ

ഓരോ വിദ്യാലയത്തെയും വിലയിരുത്തി അവാർഡ് നൽകുന്നതിനായി സ്കൂൾ റിപ്പോർട്ടുകൾ തയ്യാറാക്കേണ്ടതാണ്. സ്കൂൾ വാർഷിക റിപ്പോർട്ട് കൃത്യമായ ഒരു വിലയിരുത്തലിന്റെ ബാക്കി പത്രമാകണം. വിദ്യാലയ പ്രവർത്തനങ്ങളെ വിലയിരുത്തി കൃത്യമായ ഒരു റിപ്പോർട്ട് തയ്യാറാക്കാൻ ഒരു മാർഗ്ഗരേഖ എല്ലാ വർഷവും കോർപ്പറേറ്റിൽ നിന്ന് അയക്കാറുണ്ട്. ഈ ഫോർമാറ്റ് അവാർഡ് ലഭിക്കുന്നതിനുവേണ്ടി മാത്രമല്ല, വിദ്യാലയത്തിന്റെ തുടർ പ്രവർത്തനങ്ങൾക്ക് ദിശാബോധം നൽകുന്നതിനുവേണ്ടിയാണ്. അതുകൊണ്ട് കോർപ്പറേറ്റ് ഓഫീസിൽ നിന്നയക്കുന്ന സ്കൂൾ പെർഫോമയെ അടിസ്ഥാനമാക്കി പ്രധാനധ്യാപകരുടെ നേതൃത്വത്തിൽ വിദ്യാലയ പ്രവർത്തനങ്ങൾ യഥാവിധി വിലയിരുത്തി റിപ്പോർട്ട് തയ്യാറാക്കി കോർപ്പറേറ്റ് ഓഫീസിലേക്ക് അയച്ചു തരണം. സത്യസന്ധമായും വസ്തുനിഷ്ഠമായും തയ്യാറാക്കിയ റിപ്പോർട്ടുകൾ **2026 ജനുവരി 15-ാം** തീയതിക്കു മുമ്പായി കോർപ്പറേറ്റ് ഓഫീസിൽ എത്തിക്കേണ്ടതാണ്.

4. പി. ടി. എ. അവാർഡ്

നമ്മുടെ വിദ്യാലയങ്ങളിൽ രേഖകൾ സംരക്ഷിക്കുന്ന കാര്യത്തിൽ വീഴ്ചകൾ ഉണ്ടാകാതെ ജാഗ്രത പുലർത്തണം. നമ്മുടെ വിദ്യാലയങ്ങൾക്ക് പി.ടി.എ. നൽകുന്ന പിൻതുണയും പ്രോത്സാഹനവും ശ്രദ്ധേയമാണ്. വിദ്യാലയങ്ങളെ സ്നേഹിക്കുകയും തങ്ങളുടെ സമയവും അദ്ധ്വാനവും സ്കൂളിനുവേണ്ടി മാറ്റിവെക്കുകയും ചെയ്യുന്ന രക്ഷിതാക്കളോട് പ്രത്യേകം നന്ദി പറയുന്നു. ഓരോ വർഷവും പി.ടി.എ. യുടെ നേതൃത്വത്തിൽ ഒരു വികസന പദ്ധതിയെങ്കിലും ലക്ഷ്യമിട്ട് മാനേജ്മെന്റിനെ സഹായിക്കണം. **2025-26** അധ്യയന വർഷത്തിൽ പി.ടി.എ. യുടെ നേതൃത്വത്തിൽ ചെയ്ത പ്രവർത്തനങ്ങൾ വാർഷിക വിലയിരുത്തൽ റിപ്പോർട്ടിന്റെ ഭാഗമാകണം. ഈ അധ്യയന വർഷം പി.ടി.എ. യുടെ നേതൃത്വത്തിൽ നടപ്പിലാക്കിയ വിദ്യാലയ പ്രവർത്തനങ്ങളെയും വികസന പദ്ധതികളെയും വിലയിരുത്തി മികച്ച പി.ടി.എ. യ്ക്കുള്ള അവാർഡുകൾ നൽകുന്നു.റിപ്പോർട്ട് **2026 ജനുവരി 15-ാം** തീയതിക്കു മുമ്പായി കോർപ്പറേറ്റ് ഓഫീസിൽ സമർപ്പിക്കണം.

5. യാത്രയയപ്പ് സമ്മേളനവും അവാർഡ് ദാനവും

കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസിയിലെ **2025-2026** അധ്യയനവർഷം സർവ്വീസിൽ നിന്നും വിരമിക്കുന്ന അധ്യാപക അനധ്യാപകർക്കുള്ള യാത്ര

യയപ്പ് സമ്മേളനവും മികച്ച സ്കൂളുകൾക്കും അധ്യാപക-അനധ്യാപകർക്കുള്ള അവാർഡ് ദാനവും **2026 ഫെബ്രുവരി 23-ാം** തീയതി **തിങ്കൾ ഉച്ചകഴിഞ്ഞ് 2 മണിക്ക് വിമൽജ്യോതി എഞ്ചിനീയറിംഗ് കോളേജിൽ വെച്ച്** നടത്തുന്നു. വിശദവിവരങ്ങൾ പിന്നീട് അറിയിക്കുന്നതാണ്.

6. സൊളാസ്റ്റ - 25

തലശ്ശേരി അതിരൂപതാ കോർപ്പറേറ്റ് എഡ്യൂക്കേഷണൽ ഏജൻസിയുടെയും കാത്തലിക് ടീച്ചേഴ്സ് ഗിൽഡിന്റെയും സംയുക്താഭിമുഖ്യത്തിൽ 'സൊളാസ്റ്റാ - 25' എന്ന പേരിൽ ചെമ്പേരി വിമൽജ്യോതി എഞ്ചിനിയറിംഗ് കോളേജിൽ ക്രിസ്തുമസ് ആഘോഷം നടത്തി. പ്രിൻസിപ്പിൽ/ഹെഡ്മാസ്റ്റർ/അനധ്യാപക പഠനശിബിരം നടത്തി.

അധ്യാപകർക്കായി വിവിധ മത്സരങ്ങൾ നടത്തി.

കരോൾഗാന മത്സരം

ഒന്നാംസ്ഥാനം ഇരിട്ടി റീജണൽ ടീം
രണ്ടാംസ്ഥാനം ചെറുപുഴ റീജണൽ ടീം
മൂന്നാംസ്ഥാനം വെളിമാനം ഹൈസ്കൂൾ ടീം

പ്രസംഗ മത്സരം

വനിതാ വിഭാഗം

ഒന്നാംസ്ഥാനം - മഞ്ജുഷാ കുര്യൻ, എടൂർ HSS
രണ്ടാംസ്ഥാനം - സി. സീനാമോൾ എം. സേവ്യർ കരിക്കോട്ടക്കരി UP
മൂന്നാംസ്ഥാനം - സിന്ധു ജോസഫ് - കുന്നോത്ത് UP

പുരുഷ വിഭാഗം

ഒന്നാംസ്ഥാനം - സുനിൽ ജോർജ്, പുലിക്കുരുമ്പ, HS
രണ്ടാംസ്ഥാനം - ജോമൽ ജോയി, തോമാപുരം, HSS
മൂന്നാംസ്ഥാനം - ഷിജോ ജോർജ്, ചെമ്പന്തൊട്ടി, HS

വിജയികൾക്ക് ക്യാഷ് അവാർഡും മെമന്റോയും വിതരണം ചെയ്തു. പരിപാടികൾ കോർപ്പറേറ്റ് മാനേജർ റവ. ഡോ. സോണി വടശ്ശേരിയിൽ ഉദ്ഘാടനം ചെയ്തു. കാത്തലിക് ടീച്ചേഴ്സ് ഗിൽഡ് പ്രസിഡന്റ് ജിനിൽ മർക്കോസ്, സെക്രട്ടറി റോബിൻസ് എം. ഐസക്, ട്രഷറർ ജോയ്സ് സക്കറിയാസ് എന്നിവർ നേതൃത്വം നൽകി.

ഫാ. സ്കറിയ വടശ്ശേരിൽ
കോർപ്പറേറ്റ് മാനേജർ

വിമൽജ്യോതി എഞ്ചിനീയറിംഗ് കോളേജ്
ചെമ്പേരി

ചെമ്പേരി വിമൽ ജ്യോതിയിൽ നിന്നും ക്രിസ്തുമസ്സ് നവവത്സ രാശംസകൾ.

തലശ്ശേരി അതിരൂപതാ സ്ഥാപനങ്ങളായ വിമൽജ്യോതി എൻജി നീയറിംഗ് കോളേജിനും, MBA കോളജിനും, സാൻജോസ് അക്കാദമി ക്കും നൽകി വരുന്ന എല്ലാവിധ പിന്തുണയ്ക്കും പ്രോത്സാഹനത്തിനും നന്ദി പറയുന്നു. NBA, NAAC അംഗീകാരങ്ങളും, സ്വയംഭരണ പദവിയും വിമൽജ്യോതി എൻഞ്ചിനീയറിംഗ് കോളേജിനുണ്ടെന്ന സന്തോഷ വാർത്ത അറിയിക്കുന്നു.

2026–27 അധ്യയന വർഷത്തിലെ വിവിധ സ്കോളർഷിപ്പുകൾ

1. പ്ലസ് വൺ പരീക്ഷയ്ക്ക് ഫിസിക്സ് കെമിസ്ട്രി – മാത്തമാറ്റിക്സ് വിഷയങ്ങൾക്ക് 95 ശതമാനത്തിൽ അധികം മാർക്ക് ലഭിച്ച കുട്ടി കൾക്ക് ഓരോ വർഷവും പതിനായിരം രൂപ മാത്രം ട്യൂഷൻ ഫീസ് അടച്ചുകൊണ്ട് ബിടെക് പഠനം പൂർത്തിയാക്കാവുന്നതാണ്. +2 റിസൾട്ട് വന്നു കഴിഞ്ഞാൽ പിന്നെ അതായിരിക്കും പരിഗണിക്കുക. സ്കോളർഷിപ്പിന് ഇപ്പോൾ അപേക്ഷ സമർപ്പിക്കാം.

2. **KEAM RANK SCHOLARSHIP**

   I. 1 – 8000 റാങ്ക് ലഭിക്കുന്നവർക്ക് കോളേജ് ഫീസ് പൂർണ്ണമായി സൗജന്യമായിരിക്കും.

   II. 8001–20,000 വരെ റാങ്ക് ലഭിക്കുന്നവർക്ക് ഗവൺമെന്റ് കോളേ ജിലെ ഫീസിനു തുല്യമായ പതിനായിരം രൂപ മാത്രം ഒരു വർഷ ത്തെ ട്യൂഷൻ ഫീസ്.

വിമൽജ്യോതി MBA കോളേജിൽ സ്കോളർഷിപ്പോടെ പഠിക്കാം

ഡിഗ്രിക്ക് 50 ശതമാനം മാർക്കോടെ KMAT/CMAT പരീക്ഷ പാസാ യവർക്ക് അഡ്മിഷന് അപേക്ഷിക്കാവുന്നതാണ്. ഡിഗ്രി പരീക്ഷയ്ക്ക് 85 ശതമാനം മാർക്കുള്ളവർക്ക് ഗവൺമെന്റ് ഫീസിൽ MBA പഠനം പൂർത്തിയാക്കാം. 75% മാർക്കുള്ള വർക്ക് 60,000 രൂപ സ്കോളർഷിപ്പിൽ പഠിക്കാം.

സാൻജോസ് അക്കാദമി – ജർമൻ ഔദ്യോഗിക പരീക്ഷാകേന്ദ്രം (telc)

വിമൽജ്യോതി ക്യാമ്പസിൽ പ്രവർത്തിക്കുന്ന സാൻജോസ് അക്കാദമിയിൽ ജർമ്മൻ ഔദ്യോഗിക പരീക്ഷാ കേന്ദ്രം അനുവദിച്ചിട്ടുണ്ട്. ഇവിടെ പഠിക്കുന്നവർക്കും, പുറമേ നിന്ന് വരുന്നവർക്കും ഇവിടെ പരീക്ഷയെഴുതാവുന്നതാണ്. എല്ലാ മാസവും പുതിയ ബാച്ചുകൾ ആരംഭിക്കുന്നുണ്ട്. സ്കോളർഷിപ്പോടെ പഠിക്കാനുള്ള അവസരവും ഉണ്ട്.

[ആദ്യം അപേക്ഷിക്കുന്നവരിൽ നിന്നും സ്കോളർഷിപ്പിന് അർഹരായവരെ തിരഞ്ഞെടുക്കുന്നു. സീറ്റുകളുടെ എണ്ണവും ലിമിറ്റ് ചെയ്തിട്ടുണ്ട്. മറ്റു വിവിധ സ്കോളർഷിപ്പുകളും ആനുകൂല്യങ്ങളും അർഹരായവർക്ക് ലഭ്യമാണ്.]

കൂടുതൽ വിവരങ്ങൾക്ക് കോളേജ് ഓഫീസുമായി നേരിട്ട് ബന്ധപ്പെടുകയോ താഴെ കൊടുത്തിരിക്കുന്ന ഫോൺ നമ്പറുകളിൽ വിളിക്കുകയോ ചെയ്യുക.

ENGINEERING	:	8846423448, 7907231291
MBA	:	9400512240, 7012799277
SANJOS ACADEMY	:	8281750777, 8281730777

PLACEMENT NEWS - DECEMBER 2025

- BPO, ITES മേഖലകളിൽ പ്രവർത്തിക്കുന്ന ബഹുരാഷ്ട്ര കമ്പനിയായ Sutherland Global നടത്തിയ Campus Recruitment-ലൂടെ 3 അവസാന വർഷ വിദ്യാർത്ഥികൾക്ക് ജോലി ലഭിച്ചു. പ്രതിവർഷം മൂന്നുലക്ഷത്തോളം രൂപ ശമ്പള വാഗ്ദാനം ചെയ്യുന്നു.
- വയനാട് ആസ്ഥാനമായി പ്രവർത്തിക്കുന്ന Software Product Development കമ്പനിയായ Nethram LLC നടത്തിയ Campus Recruitment-ൽ 100ലധികം വിദ്യാർഥികൾ പങ്കെടുത്തു. Developer Post-ലേയ്ക്ക് 3 കുട്ടികൾ തിരഞ്ഞെടുക്കപ്പെട്ടിട്ടുണ്ട്. Digital Marketing Role-ലേയ്ക്ക് 5 കുട്ടികൾ അവസാന റൗണ്ടിലേക്ക് തിരഞ്ഞെടുക്കപ്പെട്ടു. ഫൈനൽ ഇന്റർവ്യൂ ജനുവരി അവസാന വർഷത്തോടെ പൂർത്തിയാകുമെന്ന് കരുതുന്നു.
- പ്രമുഖ സ്വകാര്യ ബാങ്ക് ആയ സൗത്ത് ഇന്ത്യൻ ബാങ്ക് ഡിസം. 13-ാം തീയതി Campus Recruitment Test വിമൽജ്യോതിയിൽ നടത്തുകയുണ്ടായി. 123 അവസാന വർഷ വിദ്യാർത്ഥികൾ ടെസ്റ്റ് അറ്റൻഡ് ചെയ്തു. ജനുവരി പകുതിയോടെ ഷോർട്ട്ലിസ്റ്റ് ചെയ്യപ്പെട്ട വിദ്യാർത്ഥികളുടെ ലിസ്റ്റ് ലഭ്യമാകും എന്ന് പ്രതീക്ഷിക്കുന്നു.
- CRT Training മേഖലയിൽ പ്രവർത്തിക്കുന്ന FACE Prep ജനുവരി മാസ

ത്തിൽ വിമൽജ്യോതിയിൽ Campus Recruitment-നായി എത്തുമെന്ന് പ്രതീക്ഷിക്കുന്നു.

- Automobile, Fuel Pump മാനുഫാക്ചറിംഗ് രംഗത്ത് പ്രവർത്തിക്കുന്ന പ്രശസ്ത കമ്പനിയായ STANADYNE India Pvt. Ltd. എന്ന കമ്പനി ഡിസം.19-ാം തീയതി വിമൽജ്യോതിയിൽ ക്യാമ്പസ് റിക്രൂട്ട്മെന്റ് നടത്തുന്നു.
- Reizend, Evobi Automation, Liva Kitchen and Interiors, Orbit Engineering എന്നീ കമ്പനികൾ 2026 ജനുവരി, ഫെബ്രുവരി മാസങ്ങളിലായി Campus Recruitment നായി വിമൽ ജ്യോതിയിൽ വരാമെന്ന് അറിയിച്ചിട്ടുണ്ട്.
- ഡിസംബർ മാസത്തിൽ മൂന്നാം വർഷം എഞ്ചിനീയറിംഗ് വിദ്യാർഥികൾക്കായി, 10 ബാച്ചുകളായി തിരിച്ച് ഓരോ ബാച്ചിലും മൂന്നു ദിവസം വീതമുള്ള Placement Training നടത്തുകയുണ്ടായി. Training മേഖലയിൽ പ്രവർത്തിക്കുന്ന പ്രശസ്ത കമ്പനിയായ AESTHETIX Cochin ആണ് Training നടത്തിയത്. അടുത്ത വർഷത്തേക്ക് കുട്ടികളെ CAMPUS RECRUITMENT നായി സജ്ജരാക്കുന്നതിന് വേണ്ടിയാണ് പ്രസ്തുത ട്രെയിനിംഗ് സംഘടിപ്പിച്ചത്.

ഫാ. ജെയിംസ് ചെല്ലങ്കോട്ട്
മാനേജർ

നിർമലഗിരി കോളേജ്
കൂത്തുപറമ്പ്

സംവാദ മത്സരം സംഘടിപ്പിച്ചു

നിർമലഗിരി (ഓട്ടോണമസ്) കോളേജിൽ കാലാവസ്ഥ വ്യതിയാനത്തെക്കുറിച്ചുള്ള സംവാദമത്സരം നടത്തി. കൊച്ചി ആസ്ഥാനമായി പ്രവർത്തിക്കുന്ന സേവ്യർ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് & എന്റർപ്രണർഷിപ്പ് (XIME), മരിയ ഫിലിപ്പ് ഫ്യൂച്ചർ ലീഡേഴ്സ് ഡിബേറ്റ് (MPFLDC) മത്സരത്തിന്റെ കണ്ണൂർ സോൺ മത്സരത്തിൽ വിവിധ കോളേജുകളിൽ നിന്നായി 11 ടീമുകൾ പങ്കെടുത്തു. കണ്ണൂർ ചിന്മയ ആർട്സ് ആൻഡ് സയൻസ് കോളേജ് ഫോർ വിമനിലെ പൂർണിമ ശ്രീനിവാസൻ, സുമയ്യ എൻ.ആർ. എന്നിവർ സോണൽ മത്സരത്തിലെ വിജയികളായി. നിർമ്മലഗിരി കോളേജ് ബർസാർ റവ. ഡോ. തോമസ് കൊച്ചുകരോട്ട് പരിപാടി ഉദ്ഘാടനം ചെയ്തു. കോളേജ് പ്രിൻസിപ്പൽ ഡോ. സിസ്റ്റർ സെലിൻ മാത്യു അധ്യക്ഷപ്രസംഗം നടത്തി. വിധികർത്താവായ ശ്രീ. വൽസരാജൻ എ.കെ. മത്സരത്തെ അവലോകനം ചെയ്ത് സംസാരിച്ചു. കോളേജ് വൈസ് പ്രിൻസിപ്പൽ റവ. ഡോ. ജോബി ജേക്കബ്, ഇംഗ്ലീഷ് വിഭാഗം അസി. പ്രൊഫസർ സിസ്റ്റർ ഡോ. സോണിയ ഫിലോമിന, ഡോ. ബിജിത്ത് ജോർജ് എബ്രഹാം എന്നിവർ സംസാരിച്ചു.

തോട്നടത്തം സംഘടിപ്പിച്ചു

നിർമലഗിരി കോളജ് നാഷണൽ സർവീസ് സ്കീമിന്റെയും മാങ്ങാട്ടിടം ഗ്രാമപഞ്ചായത്ത് ഹരിതകർമ്മസേനയുടെയും സംയുക്ത ആഭിമുഖ്യത്തിൽ തോട്നടത്തം സംഘടിപ്പിച്ചു. എൻഎസ്എസ് പ്രോഗ്രാം ഓഫീസർ ഡോ. ദീപു തോമസ് ചടങ്ങിന് സ്വാഗതം ആശംസിച്ചു. മാങ്ങാട്ടിടം ഗ്രാമപഞ്ചായത്ത് ഹരിതകേരള മിഷൻ കണ്ണൂർ ജില്ലാ RP ശ്രീ. ബാലൻ വയലേരി തോടുകളുടെ ആവശ്യകതയെപ്പറ്റിയും അവയുടെ സംരക്ഷണരീതികളെക്കുറിച്ചും ബോധവൽക്കരിച്ചു. ചടങ്ങിൽ എൻഎസ്എസ് പ്രോഗ്രാം ഓഫീസർ സിസ്റ്റർ മഞ്ജു ഒ.എസ്, മാങ്ങാട്ടിടം ഗ്രാമവാസിയും നിർമലഗിരി കോളേജ് ഫോർമർ അഡ്മിനിസ്ട്രേറ്റീവ് അംഗം ശ്രീ. പവിത്രൻ നെട്ടൂർ എന്നിവർ പരിപാടിയിൽ ആശംസകൾ അർപ്പിച്ച് സംസാരിച്ചു. എൻഎസ്എസ് വളണ്ടിയർ ടോം തോമസ് പ്രോഗ്രാമിന് നന്ദി പറഞ്ഞു.

എസ്.ഐ.ആർ ഡിജിറ്റൈസേഷൻ ക്യാമ്പ് നടത്തി

എസ്ഐആർ പ്രവർത്തനങ്ങളുടെ ഭാഗമായുള്ള ബിഎൽഒമാരുടെ

മാനസിക സമ്മർദ്ദം കുറയ്ക്കുക അവരുടെ ജോലി നിർവഹണം എളുപ്പ മാക്കുക എന്ന ലക്ഷ്യത്തോടെ സംഘടിപ്പിച്ച എസ്ഐആർ ഡിജിറ്റൈസേഷൻ ക്യാമ്പ് നിർമലഗിരിയിൽ സംഘടിപ്പിച്ചു.

നിർമ്മലഗിരി കോളേജ് ഓട്ടോണമസിൽ 80 ഓളം എൻഎസ്എസ് വേളണ്ടിയേഴ്സ് ബിഎൽഒ മാരെ സഹായിക്കാൻ ഒപ്പം ഉണ്ടായിരുന്നു. മട്ടന്നൂർ എൽ.ഐ.സി ഡെപ്യൂട്ടി കളക്ടർ ശ്രുതി കെ.വി. ഡെപ്യൂട്ടി തഹസിൽദാർമാരായ ഷൈജ പി.വി, ജിസ്ന മാങ്ങാട്ടിടം വില്ലേജ് ഓഫീസർ ഷൈജു ഭാസ്കർഎന്നിവർ ക്യാമ്പ് സന്ദർശിച്ചു. എൻഎസ്എസ് പ്രോഗ്രാം ഓഫീസർമാരായ ഡോ. ദീപു തോമസ് ഡോക്ടർ സിസ്റ്റർ മഞ്ജു ഒ എസ് എന്നിവർ പരിപാടിക്ക് നേതൃത്വം നൽകി.

യംങ് ഇന്നവേറ്റേഴ്സ് പ്രോഗ്രാം (YIP 8.0) സംഘടിപ്പിച്ചു

നിർമലഗിരി കോളേജി (ഓട്ടോണമസ്)ൽ ഐക്യൂ.എസിയുടെ നേതൃത്വത്തിൽ വിദ്യാർത്ഥികളിൽ സ്റ്റാർട്ടപ്പ് സംസ്കാരത്തെ വളർത്തുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെ സംഘടിപ്പിച്ച ഇഗ്നൈറ്റ് യുവർ ഐഡിയ എന്ന പ്രോഗ്രാം കോളേജ് പ്രിൻസിപ്പൽ ഡോ. സിസ്റ്റർ സെലിൻ മാത്യു സി. ഉദ്ഘാടനം ചെയ്തു.

തളിപ്പറമ്പ് എൻജിനീയറിങ് കോളേജ് അസോസിയേറ്റ് പ്രൊഫസർ ഡോ. മുനീർ ടി.കെ. വിഷയാവതരണം നടത്തി. വിദ്യാർത്ഥികളിൽ സംരംഭക മനോഭാവം രൂപപ്പെടേണ്ട ആവശ്യകതയെക്കുറിച്ചും നൂതനമായ ആശയ ങ്ങൾ പ്രാവർത്തികമാക്കേണ്ടതെങ്ങനെയെന്നും നൂതന സ്റ്റാർട്ടപ്പുകളുടെ സാധ്യതകളെക്കുറിച്ചും അദ്ദേഹം വിശദീകരിച്ചു.

ഐക്യു.എ.സി. കോർഡിനേറ്റർ റവ. ഡോ. മാർട്ടിൻ ജോസഫ്, കെമിസ്ട്രി വിഭാഗം അസിസ്റ്റന്റ് പ്രൊഫസർ ഡോ. അജേഷ് പി. തോമസ്, ഡോ. സുമി ജോസഫ്, ഡോ. രാകേഷ് കെ.ഇ, പൊളിറ്റിക്സ് വിഭാഗം അസിസ്റ്റന്റ് പ്രൊഫസർ ദീപക് ജോസഫ് എന്നിവർ സംസാരിച്ചു.

പ്രമേഹ ബോധവൽക്കരണ ക്ലാസ് സംഘടിപ്പിച്ചു

നിർമലഗിരി കോളജിലെ ഹോം സയൻസ് വിഭാഗം "Don't Sugarcoat Your Health" എന്ന വിഷയത്തിൽ പ്രമേഹ ബോധവൽക്കരണ പരിപാടി സംഘടിപ്പിച്ചു. കോളേജ് പ്രിൻസിപ്പൽ ഡോ. സിസ്റ്റർ സെലിൻ മാത്യു സി. അധ്യക്ഷത വഹിച്ചു. കണ്ണൂർ ആസ്റ്റർ മിംസ് ഹോസ്പിറ്റലിലെ ഡയബെറ്റിക് എഡ്യൂക്കേറ്റർ ശ്രീമതി ഗാന രാധാകൃഷ്ണൻ മുഖ്യപ്രഭാഷണം നടത്തി. പ്രമേഹ നിയന്ത്രണത്തിന്റെ ആവശ്യകതയെക്കുറിച്ചും പ്രതിരോധ മാർഗങ്ങളെക്കുറിച്ചും അവർ സംസാരിച്ചു. ഉച്ചയ്ക്ക് 12:30 മുതൽ 2:00 വരെ ഫുഡ് ആൻഡ് ന്യൂട്രീഷൻ ലാബിൽ പ്രമേഹരോഗികൾക്കായുള്ള ആരോഗ്യകരമായ പാചക പ്രദർശനവും പരിപാടിക്കുശേഷം സൗജന്യ കൺസൾട്ടേഷൻ സൗകര്യവും ഉണ്ടായിരുന്നു.

സൈലം ഐ.എ.എസ്. മാർഗ്ഗനിർദ്ദേശ സെമിനാർ സംഘടിപ്പിച്ചു

സൈലം ഐ.എ.എസ്. മാർഗ്ഗനിർദ്ദേശ സെമിനാർ കോളേജിൽ സംഘ ടിപ്പിച്ചു. സിവിൽ സർവ്വീസ്, എസ്.എസ്.സി., ബാങ്കിംഗ്, കരിയർ ഗൈഡൻസ്

എന്നീ മത്സര പരീക്ഷകളിൽ വിദ്യാർത്ഥികളുടെ തൊഴിൽ സ്വപ്നങ്ങൾക്ക് വ്യക്തമായ ദിശാബോധം നൽകുക എന്ന ലക്ഷ്യത്തോടെ, നിർമ്മലഗിരി കോളേജ് ഐക്യു എസിയും എൻഎസ്എസും സംയുക്തമായി സൈലം ഐ.എ.എസ്സുമായി സഹകരിച്ച് കരിയർ മാർഗ്ഗനിർദ്ദേശ സെമിനാർ സംഘടിപ്പിച്ചു. ഐ.എ.എസ്., റെയിൽവേ (ആർ.ആർ.ബി.), സ്റ്റാഫ് സെലക്ഷൻ കമ്മീഷൻ (എസ്.എസ്.സി.), ബാങ്കിംഗ് പരീക്ഷകൾ തുടങ്ങിയ മേഖലകളിൽ പ്രവേശിക്കാൻ ആഗ്രഹിക്കുന്നവർക്ക് വേണ്ടിയുള്ള പ്രത്യേക പരിശീലന സെഷനാണ് ഒരുക്കിയത്.

കോളേജ് പ്രിൻസിപ്പൽ സിസ്റ്റർ സെലിൻ മാത്യു സി. ഉദ്ഘാടനം നിർവഹിച്ചു. വൈസ് പ്രിൻസിപ്പൽ റവ. ഡോ. ജോബി ജേക്കബ്, ഐക്യൂ. എ.സി. കോർഡിനേറ്റർ റവ. ഡോ. മാർട്ടിൻ ജോസഫ്, പൊളിറ്റിക്കൽ സയൻസ് വകുപ്പധ്യക്ഷൻ അസി. പ്രൊഫ. ദീപക്ക് ജോസഫ്, എൻ എസ് എസ് പ്രോഗ്രാം ഓഫീസർമാരായ ഡോ. ദീപു തോമസ്, സിസ്റ്റർ ഡോ. മഞ്ജു ഒ.എസ്. എന്നിവർ പരിപാടിക്ക് നേതൃത്വം നൽകി.

സൈലം ഫാക്കൽറ്റിമാരായ ശ്രീ. ജസിൻ (സിസാറ്റ് ഫാക്കൽറ്റി), ശ്രീ. ഗോകുൽ (ക്യു.എ. ഫാക്കൽറ്റി) എന്നിവർ വിവിധ മത്സര പരീക്ഷകൾക്ക് തയ്യാറാകേണ്ടത് എങ്ങനെയെന്ന് വിശദീകരിച്ചു. വിദ്യാർത്ഥികളായ മാർട്ടിൻ ജോസഫ്, അംന സഹീർ എന്നിവർ സംസാരിച്ചു.

വർക്ക്ഷോപ്പ് സംഘടിപ്പിച്ചു

കോമേഴ്സ് വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ റിസർച്ച് മെത്തഡോളജിയുടെ വർക്ക് ഷോപ്പ് സംഘടിപ്പിച്ചു. കല്ലിക്കണ്ടി എൻ.എ.എം കോളേജ് കോമേഴ്സ് വിഭാഗം അധ്യാപകനും റിസർച്ച് ഗൈഡുമായ ഡോ. അഷറഫ് ഇ.ക്ലാസ് നയിച്ചു. കോമേഴ്സ് വിഭാഗം അധ്യക്ഷൻ റോഷിൻ തോമസ് സ്വാഗതവും അസിസ്റ്റന്റ് പ്രൊഫസർ സിസ്റ്റർ ഡോ. റിൻസി എലിസബത്ത് നന്ദിയും പറഞ്ഞു.

ഒന്നാം സെമസ്റ്റർ ബിരുദ പരീക്ഷാ ഫലം പ്രസിദ്ധീകരിച്ചു

ഒന്നാം സെമസ്റ്റർ ബിരുദ പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. 2025 നവംബർ 12 മുതൽ 24 വരെ നടത്തിയ ഒന്നാം സെമസ്റ്റർ ബിരുദ എഫ് വൈ യു ജി പി പരീക്ഷയിൽ 11 ഡിപ്പാർട്ട്മെന്റിലെ 409 വിദ്യാർത്ഥികളുടെ 55 കോഴ്സുകളുടെ ഫലമാണ് പരീക്ഷ കഴിഞ്ഞ് 10 ദിവസത്തിനുള്ളിൽ പ്രസിദ്ധീകരിച്ചത്. നവംബറിൽ നടത്തിയ ഒന്നാം സെമസ്റ്റർ പിജി പരീക്ഷകളുടെ ഫലം പരീക്ഷ അവസാനിച്ച് അഞ്ചു ദിവസത്തിനുള്ളിൽ പ്രസിദ്ധീകരിച്ചു. കണ്ണൂർ യൂണിവേഴ്സിറ്റിയുടെ പ്രഥമ ഓട്ടോണമസ് ബാച്ചിന്റെ ഫലമാണ് പ്രസിദ്ധീകരിച്ചത്.

പരീക്ഷ സമയബന്ധിതമായി പൂർത്തിയാക്കുകയും റിസൾട്ട് വളരെ വേഗം പ്രസിദ്ധീകരിക്കുകയും ചെയ്ത കോളജ് പ്രിൻസിപ്പാൾ സിസ്റ്റർ ഡോ. സെലിൻ മാത്യുവിനെയും പരീക്ഷ കൺട്രോളർ ഡോ. റെൻസി കുര്യനെയും എക്സാം കമ്മറ്റിയെയും എല്ലാ അധ്യാപകരെയും അഡ്മിനിസ്ട്രേറ്റീവ് സ്റ്റാഫംഗങ്ങളെയും മാനേജ്മെന്റ് ഭാഗത്തു നിന്നും ഓട്ടോണമസ് കോളേജിന്

വേണ്ട എല്ലാ ഭൗതീക സാഹചര്യങ്ങളും ഒരുക്കിയ കോളേജ് ബർസാർ റവ. ഡോ. തോമസ് കൊച്ചു കരോട്ടിനെയും മാനേജർ മോൺ. ആന്റണി മുതുകുന്നേൽ അഭിനന്ദിച്ചു. കൃത്യതയാർന്ന ഫലപ്രഖ്യാപനവും ഉന്നതവിജയവും തുടരാൻ കോളേജിന് സാധിക്കട്ടെ എന്നും അദ്ദേഹം ആശംസിച്ചു. നിർമലഗിരി കോളേജിന് ഇത് അഭിമാന നിമിഷമാണെന്നും അദ്ദേഹം പറഞ്ഞു.

പവർകിസ് വിജയികൾ: കെഎസ്ഇബി ഓഫീസേഴ്സ് അസോസിയേഷൻ സംഘടിപ്പിച്ച ജില്ലാതല പവർ കിസ് മത്സരത്തിൽ ആഗ്നേയ രഞ്ചിത്ത്, സംവ്യന്ത് എൻ എന്നീ വിദ്യാർത്ഥികൾ രണ്ടാം സ്ഥാനം കരസ്ഥമാക്കി.

പാട്ടു മത്സരം നടത്തി

നിർമലഗിരി കോളേജ് വുമെൻ സെല്ലും ക്ലബ് എഫ് എമ്മുമായി സഹകരിച്ച് കാവിലെ പാട്ട് മത്സരം സംഘടിപ്പിച്ചു. തെരഞ്ഞെടുക്കപ്പെട്ട 12 വിദ്യാർത്ഥികളാണ് ഈ മത്സരത്തിൽ പങ്കെടുത്തത് മൂന്നാം വർഷ വിദ്യാർത്ഥിനി അമൃത വി.കെ. ഒന്നാം സ്ഥാനവും 5000 രൂപയും ഒന്നാം വർഷ വിദ്യാർത്ഥിനി നേഹ വിനോദ് രണ്ടാം സ്ഥാനവും 3000 രൂപയും രണ്ടാം വർഷ വിദ്യാർത്ഥിനി ദേവാംഗന എം.പി. മൂന്നാംസ്ഥാനവും 2000 രൂപയും കരസ്ഥമാക്കി.

ഓറിയന്റേഷൻ പ്രോഗ്രാം സംഘടിപ്പിച്ചു

ഐക്യു എ സിയുടെ നേതൃത്വത്തിൽ കോളേജ് സ്റ്റാഫംഗങ്ങൾക്കായി ഓറിയന്റേഷൻ പ്രോഗ്രാം സംഘടിപ്പിച്ചു. എംഇഎസ് (ഓട്ടോണമസ്) കോളേജ് പ്രിൻസിപ്പൽ പ്രൊഫസർ ഡോ. മൻസൂർ അലി പി പി ഓട്ടോണമി ഇൻ ട്രാൻസിഷൻ റിഫോമസ് ആൻഡ് റിഫ്ലക്ഷൻ എന്ന വിഷയത്തിൽ ക്ലാസ് എടുത്തു. കോളേജ് ബർസാർ റവ. ഡോ. തോമസ് കൊച്ചുകരോട്ട് ഉദ്ഘാടനം ചെയ്തു. കോളേജ് പ്രിൻസിപ്പൽ ഡോ. സിസ്റ്റർ സെലിൻ മാത്യു അധ്യക്ഷത വഹിച്ചു. ഐക്യു.എസി കോർഡിനേറ്റർ റവ. ഡോ. മാർട്ടിൻ ജോസഫ് സംസാരിച്ചു.

കോളേജ് യൂണിയൻ ഉദ്ഘാടനം ചെയ്തു

നിർമലഗിരി കോളേജ് 2025-26 അധ്യയന വർഷത്തിലെ, കോളേജ് യൂണിയൻ പ്രവർത്തനങ്ങൾ കല്യാശേരി എംഎൽഎ വിജിൻ നിർവഹിച്ചു. ഫൈൻ ആർട്സ് പ്രവർത്തനങ്ങളുടെ ഉദ്ഘാടനം സിനിമാതാരം അഭിറാം രാധാകൃഷ്ണൻ നിർവഹിച്ചു. കോളേജ് ചെയർമാൻ ഹരിനന്ദൻ വി.സി. അധ്യക്ഷനായ ചടങ്ങിൽ കോളേജ് പ്രിൻസിപ്പൽ ഡോക്ടർ സിസ്റ്റർ സെലിൻ മാത്യു, യൂണിയൻ അഡ്വൈസർ ഡോക്ടർ സിജി മാത്യു എന്നിവർ ആശംസകൾ അർപ്പിച്ച് സംസാരിച്ചു. യൂണിയൻ സെക്രട്ടറി നന്ദി പറഞ്ഞു.

എൻ എസ് എസിന്റെ സപ്തദിന സഹവാസ ക്യാമ്പ്

എൻഎസ്എസ് യൂണിറ്റ് നമ്പർ 25 & 26 ന്റെ സപ്തദിന സഹവാസ ക്യാമ്പ് ചെട്ടിയാപറമ്പ് സെന്റ് ജോൺ ദി ബാപിസ്റ്റ് പാരീഷ് ഹാളിൽ. ഡിസംബർ 23 മുതൽ 29 വരെയാണ് ക്യാമ്പ്.

പി ആർ ഒ
നിർമലഗിരി കോളേജ്

എയ്ഞ്ചൽ ട്രസ്റ്റ്

1. ഒരു സന്തോഷ വാർത്ത

ബഹു. വിൽസൺ ചേരുംതടത്തിലച്ചൻ ഇരിട്ടി എയ്ഞ്ചൽ ഡയാലിസിസ് സെന്ററിലേക്ക് രണ്ട് പുതിയ ഡയാലിസിസ് മെഷീൻ വാങ്ങി നമ്മുടെ സംരംഭത്തെ അനുഗ്രഹിച്ചിരിക്കുന്നു. അച്ചന്റെ വിദേശസുഹൃത്തുക്കളുടെ ഉദാരമായ സഹകരണത്തിലൂടെ അതിരൂപതയുടെ ഈ ജീവകാരുണ്യപ്രവർത്തനത്തെ സഹായിച്ച ബഹു. വിൽസനച്ചനും ടീം അംഗങ്ങൾക്കും അതിരൂപതയുടെ നന്ദിയും അഭിനന്ദനങ്ങളും അറിയിക്കുന്നു. അച്ചന്റെ സ്നേഹോഷ്മളവും ത്യാഗോജ്വലവുമായ എല്ലാ പ്രവർത്തനങ്ങളെയും അഭിമാനത്തോടെ സ്മരിക്കുകയും കൂടുതൽ ദൈവാനുഗ്രഹങ്ങൾ നേരുകയും ചെയ്യുന്നു.

2. അർദ്ധവാർഷിക ഓഡിറ്റിംഗ്

2025 ഏപ്രിൽ മുതൽ ഉള്ള കണക്കുകൾ അർദ്ധവാർഷിക ഓഡിറ്റിംഗിനായി ഇനിയും ഓഫീസിൽ സമർപ്പിക്കാത്തവർ എത്രയും വേഗം നൽകുമല്ലോ.

3. പ്രത്യേകം ശ്രദ്ധിക്കുവാൻ

a. കണക്കുകൾ നിർദ്ദിഷ്ട സോഫ്റ്റ് വെയറിൽ ചെയ്യുക.

b. കുടിശ്ശിക തീർത്ത് തുകകൾ സമാഹരിക്കുക.

c. ഡിസംബർ മാസത്തിലെ ഗിരിദീപത്തിൽ നല്കിയിരുന്ന ഓഡിറ്റ് ബാലൻസ് ഷീറ്റ് റിപ്പോർട്ട് അനുസരിച്ച് കണക്കുകൾ കൃത്യമാക്കുക.

d. വർഷത്തിൽ 4 തവണ കൂടേണ്ട ഫൊറോനാ മാനേജിംഗ് കമ്മിറ്റിയുടെ ഒരു യോഗം ഈ 2026 ജനുവരി മാസം സൗകര്യപ്രദമായ സമയത്ത് അതത് ഫൊറോനാകളിൽ സമ്മേളിച്ച് തീരുമാനങ്ങൾ മിനുറ്റ്സ് ബുക്കിൽ രേഖപ്പെടുത്തുക.

മോൺ. സെബാസ്റ്റ്യൻ പാലാക്കുഴി
വികാരി ജനറാൾ

കരിസ്മാറ്റിക് മൂവ്മെന്റ്

അതിരൂപതാ ലീഡേഴ്സ് മീറ്റ്

26-11-2025 ന് അതിരൂപതയിലെ 3 സോണുകളിലെയും കോർഡിനേറ്റേഴ്സ്, സിക്രട്ടറിമാർ, ട്രഷറർമാർ എന്നിവർ അതിരൂപതാ ഡയറക്ടർ ബഹു. സേവ്യർ അച്ചനോടൊപ്പം ഒരുമിച്ചു ചേർന്നു. ഡിസം.16 ന് നടക്കുന്ന അതിരൂപതാ സംഗമത്തിൽ വച്ച് നെല്ലിക്കുറ്റിധ്യാന കേന്ദ്രത്തിൽ വച്ച് നടന്ന വരദാന പരിശീലനത്തിൽ പങ്കെടുത്ത അർഹരായവർക്ക് പ്രീച്ചേഴ്സിന്റെയും സ്പിരിചൽ ഷെയറിംഗിന്റെയും ഐഡന്റിറ്റി കാർഡ് നൽകാൻ തീരുമാനിച്ചു. 36 പേർക്ക് ഐഡന്റിറ്റി കാർഡ് നവംബറിൽ തന്നെ തയ്യാറാക്കി നൽകാൻ ആവശ്യമായ വിവരങ്ങൾ ശേഖരിക്കാൻ ഡയറക്ടറച്ചൻ സോണൽ കോർഡിനേറ്റർമാരെ ചുമതലപ്പെടുത്തി. കണ്ണൂർ, തലശ്ശേരി, കാസർകോട് സോണുകളിലെ ആനിമേറ്റർ അച്ചൻമാരെയും പിതാവിനെയും ഡിസം. 16-ന്റെ പ്രോഗ്രാമിനായി ക്ഷണിച്ചിട്ടുണ്ടെന്ന് അതിരൂപതാ ഡയറക്ടറച്ചൻ അറിയിച്ചു.

സബ് സോൺ തല സംഗമം

ഡിസംബർ 6 ന് ചെറുപുഴ സബ് സോണിൽ വാഴക്കുണ്ടം ദൈവാലയത്തിൽ വച്ച് ചെറുപുഴ സബ് സോണിന്റെയും വിൻസെന്റ് ഡി പോളിന്റെയും സംയുക്താഭിമുഖ്യത്തിൽ നടന്നു. കെ.സി.എസ്.സി മുൻ ജോയിന്റ് കോർഡിനേറ്റർ സെബാസ്റ്റ്യൻ താന്നിയ്ക്കൽ ക്ലാസ്സുകൾ നയിച്ചു. 200 പേർ പങ്കെടുത്തു.

അതിരൂപതാ സംഗമം

16-12-25 ന് അതിരൂപതാതല സംഗമം മദർ ഹോം ധ്യാനകേന്ദ്രത്തിൽ വച്ചു നടന്നു. കണ്ണൂർ, തലശ്ശേരി, കാസർഗോഡ് സോണുകളിൽ നിന്നായി 200 പേർ പങ്കെടുത്തു. 16-12-2025 ന് ഉച്ചയ്ക്ക് 2 മണിക്ക് ജപമാലയോടെ ആരംഭിച്ച ശുശ്രൂഷകൾ 17-12-2025 ന് രാവിലെ 5 മണിയോടെയാണ് സമാപിച്ചത്. രാത്രിയിൽ നടന്ന ആരാധനയിൽ കഴിഞ്ഞ 50 വർഷം കരിസ്മാറ്റിക് നവീകരണത്തിലൂടെ കേരള സഭയിലുണ്ടായ അനുഗ്രഹങ്ങളെ ഓർത്ത് ദൈവത്തിന് നന്ദി പറഞ്ഞു. അതിരൂപതാ കരിസ്മാറ്റിക് ഡയറക്ടർ റവ. ഫാ. സേവ്യർ പുത്തൻപുരയ്ക്കൽ, കാസർഗോഡ് സോൺ ആനിമേറ്റർ മോൺ. മാത്യു ഇളംതുരുത്തിപ്പടവിൽ, മദർ ഹോം ധ്യാനകേന്ദ്രം ഡയറക്ടർ റവ. ഫാ. ബെന്നി പുത്തൻനട, തലശ്ശേരി സോൺ ആനിമേറ്റർ റവ. ഫാ. ജോസഫ് കൊളുത്താപ്പള്ളി, കണ്ണൂർ സോൺ ആനിമേറ്റർ റവ. ഫാ. സെബാസ്റ്റ്യൻ മുട്ടത്തുപാറ, സെഹിയോൻ ധ്യാനകേന്ദ്ര ധ്യാനഗുരു ബിനോയ് അച്ചൻ, കെ.സി.എസ്.സി. അംഗം സി. മരിയറ്റ് എം.എസ്.എം.ഐ, തലശേരി സോൺ കോർഡിനേറ്റർ ഷാജി ചെട്ട്യാശ്ശേരി, കണ്ണൂർ സോൺ ആനിമേറ്റർ ആന്റണി പാലാട്ടി, കാസർഗോഡ് സോൺ കോർഡിനേറ്റർ ബിനോയ് പുതിയമംഗലം, സന്തോഷ് തലച്ചിറ, എന്നിവർ നേതൃത്വം നൽകി.

അതിരൂപതയിലെ നെല്ലിക്കുറ്റി ധ്യാനകേന്ദ്രത്തിൽ വച്ച് വരദാന പരിശീലനത്തിൽ പങ്കെടുത്തവർക്ക് മോൺ. മാത്യു ഇളംതുരുത്തിപ്പടവിൽ ഐഡന്റിറ്റി കാർഡ് നൽകി. ഇനിയും കൈപ്പറ്റാത്ത തലശ്ശേരി സോണിലെ പ്രീച്ചേഴ്സും കൗൺസിലേഴ്സും സോണൽ ആനിമേറ്റർ ജോസഫ് കൊളുത്താപ്പള്ളി അച്ചനെ സമീപിക്കേണ്ടതാണ്. സിസ്റ്റേഴ്സ് മിനിസ്ട്രിയുടെ നേതൃത്വം വഹിക്കുന്ന സിസ്റ്റേഴ്സിന്റെ സാന്നിദ്ധ്യം കൂട്ടായ്മയ്ക്ക് അനുഗ്രഹമായി മാറി.

വരദാന പരിശീലനം

ഇരിട്ടി സെഹിയോൻ ആലയത്തിൽവച്ച് ഡിസംബർ 5 ന് വെള്ളിയാഴ്ച രാവിലെ 10 മണി മുതൽ 1 മണി വരെ വരദാന വളർച്ച പരിശീലനം നടന്നു. തുടർന്ന് ഇരിട്ടി സെഹിയോൻ ആലയത്തിൽവച്ച് 12-12-2025 ന് വെള്ളിയാഴ്ച രാവിലെ 10 മണി മുതൽ ഒരു മണി വരെ വരദാന വളർച്ച പരിശീലനം നടന്നു.

തിരുസന്നിധേ

ഒക്ടോബർ 24 ന് സോണിന്റെ ജൂബിലി ഒരുക്ക പ്രാർത്ഥന തോമാപുരം വച്ച് സബ് സോണിലുള്ള സെന്റ് വിൻസെൻഷ്യൻ ഭവനത്തിൽ വച്ചു നടന്നു.

നോർത്ത് - മലബാർ സബ് റീജിയൻ മദ്ധ്യസ്ഥ പ്രാർത്ഥനാ ദിനം

ഡിസംബർ-3: ബുധനാഴ്ച കണ്ണൂർ, തലശ്ശേരി സോണുകളിലെ കരിസ്മാറ്റിക് നവീകരണ നേതൃത്വത്തിൽ ഉള്ളവർ പങ്കെടുത്തു ജൂബിലി ഒരുക്ക മധ്യസ്ഥപ്രാർത്ഥനാ ടീമിനെ കണ്ടെത്തി.

ഫോർമേഷൻ പ്രോഗ്രാം

കണ്ണൂർ സോണിന്റെ നേതൃത്വത്തിൽ കത്തോലിക്ക കരിസ്മാറ്റിക്ക് നവീകരണ സുവർണ്ണജൂബിലിയോട് അനുബന്ധിച്ച് 22-11-2025 ശനിയാഴ്ച രാവിലെ 9:30 മുതൽ 04:00 മണി വരെ തളിപ്പറമ്പ് സെന്റ് മേരീസ് ഫൊറോന ദൈവാലയത്തിൽ വച്ച് നടത്തപ്പെട്ട ഫോർമേഷൻ പ്രോഗ്രാമിന് കെ.സി.ബി.സി കരിസ്മാറ്റിക്ക് കമ്മീഷൻ സിക്രട്ടറി റവ. ഫാ. ജോൺസൺ തൗണ്ടയിൽ, കെ.സി.എസ്.സി ജോയിന്റ് കോർഡിനേറ്റർ ഷാജി വൈക്കത്തുപറമ്പിൽ, കെ.സി.എസ്.സി അംഗം സി. മരിയറ്റ് എം. എസ്. എം.ഐ, റവ. ഫാ. സെബാസ്റ്റ്യൻ മുട്ടത്തുപ്പാറ എന്നിവർ നേതൃത്വം നൽകി.

KCSC മദ്ധ്യസ്ഥ പ്രാർത്ഥന കൂട്ടായ്മ - "ദൈവവചന പാരായണം"

15-12-25 തിങ്കൾ രാവിലെ 7 am മുതൽ 16-12-25 ചൊവ്വ 7 am വരെ നടന്ന ബൈബിൾ പാരായണത്തിൽ അതിരൂപതയിലെ 3 സോണുകളും പങ്കെടുത്തു.

15-12-25 തിങ്കളാഴ്ച രാവിലെ 7 മണി മുതൽ 16-ാം തീയതി രാവിലെ 7 വരെ 24 മണിക്കൂർ 24 സോണുകളുടെയും പങ്കാളിത്തത്തോടെ മദ്ധ്യസ്ഥ പ്രാർത്ഥന സെൻട്രൽ മിനിസ്ട്രിയുടെ നേതൃത്വത്തിൽ ഓൺലൈനിൽ നടന്നു.

സമയം തലശ്ശേരി സോണിൽ - 4 am
കണ്ണൂർ സോണിൽ - 5 am
കാസർഗോഡ് സോണിൽ - 6 am

കോർ ഗ്രൂപ്പ് സംഗമം

9-12-2025 ന് ഇരിട്ടി സെഹിയോൻ പ്രാർത്ഥനാലയത്തിൽ വച്ച് സോണൽ കോർ ഗ്രൂപ്പ് നടന്നു. സോണൽ ആനിമേറ്റർ റവ. ഫാ. ജോസഫ് കൊളുത്താപ്പള്ളി ക്ലാസ്സ് നയിച്ചു. ജൂബിലി ഒരുക്ക ശുശ്രൂഷകളുടെ പ്ലാനിംഗ് നടന്നു.

ജൂബിലി കമ്മറ്റി സംഗമം

കെ.സി.ബി.സി. കരിസ്മാറ്റിക് കമ്മീഷൻ ഓഫീസിൽ വച്ച് 20-12-2025 ന് കേരളത്തിലെ 24 സോണുകളിലെയും ആനിമേറ്റർമാർ, കോർഡിനേറ്റർമാർ, ജൂബിലി ഒരുക്കകമ്മറ്റി കൺവീനർമാർ എന്നിവർ പങ്കെടുത്തു. രാവിലെ 9 മണിക്ക് ആരംഭിച്ച സംഗമത്തിൽ അതിരൂപതയിലെ 3 സോണുകളിലെയും കോർഡിനേറ്റർമാരും, ഒരുക്കകമ്മറ്റി കൺവീനർമാരും പങ്കെടുത്തു. എറണാകുളം എമ്മാവൂസിൽ വച്ച് നടന്ന കൂട്ടായ്മയിൽ കെ.സി.ബി.സി. കരിസ്മാറ്റിക് കമ്മീഷൻ സിക്രട്ടറിയും കെ.സി.എസ്.സി കോർഡിനേറ്റ റുമായ റവ. ഫാ. ജോൺസൺ തൗണ്ടയിൽ കെ.സി.എസ്.സി ജോയിന്റ് കോർസിറ്റർ ഷാജി വൈക്കത്തുപറമ്പിൽ കെ.സി.എസ്.സി സിക്രട്ടറി സാബു എം.വർഗ്ഗീസ് എന്നിവർ നേതൃത്വം നൽകി.

ഫാ. സേവ്യർ പുത്തൻപുരയ്ക്കൽ
ഡയറക്ടർ, കരിസ്മാറ്റിക് മൂവ്മെന്റ്

മരിയൻ പിൽഗ്രിം മിനിസ്ട്രി

മരിയൻ പിൽഗ്രിം മിനിസ്ട്രി തലശ്ശേരി അതിരൂപത വിശുദ്ധ നാട് തീർത്ഥാടനം 2026 ഏപ്രിൽ 7 മുതൽ 18 വരെ ജോർദാൻ - ഇസ്രായേൽ - പാലസ്തീൻ - ഈജിപ്ത് എല്ലാ ചിലവുകളും ഉൾപ്പെടെ **1,65,000/-** യൂറോപ്പ് മരിയൻ തീർത്ഥാടനം 2025 ഏപ്രിൽ 26 മുതൽ മെയ് 11 വരെ ഇറ്റലി, വത്തിക്കാൻ, സിറ്റ്സർലൻഡ്, ജർമ്മനി, ഫ്രാൻസ്, പോർച്ചുഗൽ, സ്പെയിൻ 16 ദിവസം 7 രാജ്യങ്ങൾ **3,35,000/-** മാർപ്പാപ്പയെ നേരിൽ കാണുന്നതിന് അവസരം - ലൂർദിലും ഫാത്തിമയിലും മെഴുകുതിരി പ്രദക്ഷിണം. വത്തിക്കാൻ, അസ്സീസി, പാദുവ, ആവില, ലയോളാ, ലൂർദ്, ഫാത്തിമ, എന്നീ സ്ഥലങ്ങളിൽ പ്രത്യേക വി. കുർബാന ബുക്കിംഗ് ആരംഭിച്ചിരിക്കുന്നു.

7306266198 ഫാ. ജോർജ് വെള്ളരിങ്ങാട്ട്. മരിയൻ പിൽഗ്രിം മിനിസ്ട്രി.

ഫാ. ജോർജ് വെള്ളരിങ്ങാട്ട്
ഡയറക്ടർ, മരിയൻ പിൽഗ്രിം മിനിസ്ട്രി, തലശ്ശേരി അതിരൂപത

ACCOMPANYING DIFFERENTLY – ABLED AND AWAKENING MISSION (ADAM)

ലോക ഭിന്നശേഷി ദിനാഘോഷങ്ങൾ

സെന്റ് ജോൺസ് സെന്റർ

ഡിസംബർ മൂന്നിന് മോനച്ച സെന്റ് ജോൺസ് റീഹാബിലിറ്റേഷൻ സെന്ററിൽ തലശ്ശേരി അതിരൂപത ആദം മിനിസ്ട്രിയുടെ ആഭിമുഖ്യത്തിൽ ലോക ഭിന്നശേഷി ദിനാഘോഷം നടത്തി. ഡയറക്ടർ ഫാദർ പ്രിയേഷ് ഭിന്നശേഷിക്കാരായ സഹോദരങ്ങൾക്കായി വിശുദ്ധ കുർബാന അർപ്പിച്ചു. തുടർന്ന് നടന്ന യോഗത്തിൽ ബ്രദർ സെബാസ്റ്റ്യൻ കല്ലുകീർതൊട്ടിയിൽ അധ്യക്ഷത വഹിച്ചു. സ്ഥാപന സുപ്പീരിയർ ബ്രദർ മാനുവൽ പൈകട, ഫാ. പ്രിയേഷ് എന്നിവർ ആശംസകൾ അർപ്പിച്ച് സംസാരിച്ചു. തുടർന്ന് സഹോദരങ്ങൾ ഒരുമിച്ച് കേക്കുമുറിച്ച് ആഘോഷങ്ങളിലും സ്നേഹവിരുന്നിനും പങ്കുചേർന്നു.

സാമൂഹ്യനിധി വകുപ്പ് കാസർഗോഡ്

ഭിന്നശേഷി ദിനാചരണം 2025-ന്റെ ഭാഗമായി ജില്ലാ സാമൂഹ്യനീതി വകുപ്പിന്റെയും, കേരള സോഷ്യൽ സെക്യൂരിറ്റി മിഷന്റെയും ആഭിമുഖ്യത്തിൽ കാസർഗോഡ് മുൻസിപ്പൽ ഹാളിൽ വച്ച് നടത്തപ്പെട്ട ബോധവൽക്കരണ സെമിനാറിൽ പങ്കുചേർന്ന് ആശംസകൾ അർപ്പിക്കുകയും, ബധിര വിഭാഗത്തിൽപ്പെട്ടവർക്കായി ക്ലാസുകൾ ആംഗ്യഭാഷയിൽ പരിഭാഷപ്പെടുത്തുകയും ചെയ്തു.

ജ്യോതി ഭവൻ നരിമാളം

ലോക ഭിന്നശേഷി ദിനാഘോഷത്തോട് അനുബന്ധിച്ച് ഡിസംബർ നാലിന് ജ്യോതി ഭവൻ സ്പീച്ച് ആൻഡ് ഹിയറിങ് സ്കൂളിൽ നടത്തപ്പെട്ട ആഘോഷങ്ങളുടെ ഭാഗമായി സംസ്ഥാന ഭിന്നശേഷി ശാസ്ത്രമേളയിലും സ്കൂൾ കലോത്സവത്തിലും വിജയികളായവരെ ആദരിച്ചു. കുട്ടികൾക്ക് സമ്മാനങ്ങൾ വിതരണം ചെയ്തു. ലോക ഭിന്നശേഷി ദിനത്തിന്റെ പ്രസക്തിയെക്കുറിച്ചും, ജീവിത ലക്ഷ്യങ്ങളെകുറിച്ചും കുട്ടികൾക്ക് ക്ലാസ് നൽകി. അനുമോദന യോഗത്തിൽ പ്രിൻസിപ്പൽ സി. ഫിൻസി എസ്. എച്ച്. സ്വാഗതവും, സി. ആൽഫി എസ്.എച്ച്. നന്ദിയും പറഞ്ഞു. ക്രിസ്തുമസ്സിനായി ഒരുങ്ങുന്ന കുഞ്ഞുങ്ങൾക്കായി കുമ്പസാരവും, തുടർന്ന് വി. ബലിയും അർപ്പിച്ചു.

ആലക്കോട് മിഷൻ

ക്രിസ്തുമസിന് ഒരുങ്ങുന്ന ആലക്കോട് കൂട്ടായ്മയിലെ അംഗങ്ങൾക്കായി ഏകദിന ധ്യാനം നടത്തി. അനുരഞ്ജിതമായ ഹൃദയത്തോടെ പാപങ്ങൾ ഏറ്റുപറഞ്ഞ് വിശുദ്ധിയോടുകൂടി അംഗങ്ങൾ ബലിയിൽ പങ്കുചേർന്നു. വിളക്കന്നൂർ ദിവ്യകാരുണ്യ അത്ഭുത തീർത്ഥാടനത്തിന് നേതൃത്വം നൽകിയ പ്രസിഡണ്ട് ശ്രീ. സനീഷ് സെക്രട്ടറി ശ്രീ. ആന്റണി എന്നിവർക്ക് പ്രത്യേകം അഭിനന്ദനങ്ങൾ അറിയിച്ചു.

ആശാഭവൻ തൃശ്ശൂർ

തൃശ്ശൂർ പടവനാട് ആശാഭവനിലെ കുട്ടികൾക്കായി ഡിസംബർ 9, 10 തീയതികളിൽ വിശുദ്ധ കുർബാന പഠനം, കുമ്പസാരം, വ്യക്തിത്വ വികസനം എന്നീ വിഷയങ്ങളിൽ ക്ലാസുകൾ നടത്തി. കുട്ടികൾക്കായി കൗൺസിലിംഗ് അവസരം ഒരുക്കി.

ക്രിസ്മസ് ആഘോഷങ്ങൾ: മാർത്തോമാ വിദ്യാലയം ചെർക്കള

ചെർക്കള മാർത്തോമാ ബധിര വിദ്യാലയത്തിന്റെയും സ്പീച്ച് ആൻഡ് ഹിയറിങ് കോളജിന്റെയും അഭിമുഖത്തിൽ ഡിസംബർ 19-ാം തീയതി നടന്ന ക്രിസ്തുമസ് ആഘോഷത്തിൽ പങ്കുചേർന്ന് ആശംസകൾ അർപ്പിച്ച് സംസാരിച്ചു. മാർത്തോമാ സുറിയാനി സഭ ഡൽഹി ഭദ്രാസന അധിപൻ സക്കറിയസ് മാർ അപ്രേം എപ്പിസ്കോപ്പ, സ്കൂൾ അഡ്മിനിസ്ട്രേറ്റർ ഫാദർ ബേബി മാത്യു, എം.എൽ എമാരായ എൻ. എ. നെല്ലിക്കുന്ന്, അഡ്വക്കേറ്റ് സി.എച്ച്. കുഞ്ഞമ്പു, മുൻ മന്ത്രി സി. റ്റി. അഹമ്മദലി തുടങ്ങിയവരുടെ ക്രിസ്തുമസ് സന്ദേശങ്ങൾക്ക് ആംഗ്യഭാഷയിൽ പരിഭാഷ നൽകി.

ആംഗ്യഭാഷ ധ്യാനം മദർ ഹോം

ആദം മിനിസ്ട്രിയുടെ ആഭിമുഖ്യത്തിൽ പതിവുപോലെ ഡിസംബർ 27, 28 തീയതികളിൽ മദർ ഹോം ധ്യാനകേന്ദ്രത്തിൽ വച്ച് ബധിര സഹോദരങ്ങൾക്കായി ധ്യാനം നടത്തി. ചിത്രങ്ങളുടെയും വീഡിയോകളുടെയും സഹായത്തോടെ വിശ്വാസസമൂഹത്തിന് വിശുദ്ധ കുർബാന പഠനം നൽകി. മദർ ഹോം ഡയറക്ടർ റവറന്റ് ഫാ. ബെന്നി പുത്തൻനടയിൽ വചന ശുശ്രൂഷയ്ക്കും ആരാധനയ്ക്കും നേതൃത്വം നൽകി. ക്രിസ്തുമസ് ആഘോഷങ്ങളിൽ ബധിര സമൂഹത്തോടൊപ്പം മദർ ഹോമിലെ വൈദികരും ശുശ്രൂഷകരും പങ്കുചേർന്നത് ഏവർക്കും ആനന്ദകരമായി. ധ്യാനത്തിനായി ഞങ്ങളെ സഹായിച്ച ബഹു. ഡയറക്ടർ ഫാ. ബെന്നി പുത്തൻനടയിൽ അച്ചനും, റിജോ മഞ്ഞക്കുന്നേലച്ചനും, ടീം അംഗങ്ങൾക്കും ഒത്തിരിയേറെ നന്ദി. ഏവർക്കും ആദം മിനിസ്ട്രിയുടെ അനുഗ്രഹദായകമായ പുതുവർഷ ആശംസകൾ.

ഫാ. ജോർജ് കളരിമുറിയിൽ
ഡയറക്ടർ

കെ.സി.ബി.സി. മദ്യ – ലഹരിവിരുദ്ധസമിതി

മുക്തിശ്രീ, പ്രതീക്ഷ മദ്യപാനരോഗ ചികിത്സാകേന്ദ്രം

ക്രിസ്തുമസ്സും പുതുവത്സരവുമൊക്കെ ഏറ്റവുമധികം മദ്യവിപണനം നടക്കുന്ന സമയമാണ്. വേണ്ടത്ര ജാഗ്രത പുലർത്തിയും ബോധവത്കരണം നടത്തിയും ഇത്തവണത്തെ ക്രിസ്തുമസ് പരമാവധി ലഹരിമുക്തമാക്കുവാനും അതുവഴി കുടുംബങ്ങളും സമൂഹവും ശാന്തിയും സന്തോഷവും നിറഞ്ഞതാക്കുവാനും നമ്മുടെ പ്രാർത്ഥനയും ഇടപെടലുകളും കാരണമാകട്ടെ ...

പ്രതീക്ഷയുടെ ജനറൽ ബോഡിയുടെ വാർഷിക സമ്മേളനം

42 വർഷമായി പൊതുസമൂഹത്തിന് ലഹരി മുക്ത ജീവിതത്തിന്റെ പ്രഭ ചൊരിയുന്ന പ്രതീക്ഷ ലഹരി സമഗ്രവിമുക്ത കേന്ദ്രത്തിന്റെ ജനറൽ ബോഡിയുടെ വിപുലമായ വാർഷിക സമ്മേളനം സീഫാം ഓഡിറ്റോറിയത്തിൽ വെച്ച് 2025 ഡിസംബർ 20 ശനിയാഴ്ച നടന്നു. സമൂഹത്തിന്റെ നാനാതുറകളിൽപെട്ട 70 വിശിഷ്ട വ്യക്തികൾ പ്രസ്തുത സമ്മേളനത്തിൽ പങ്കെടുത്തു. റവ. സി. മെർളിൻ SHന്റെ പ്രാർത്ഥനയോടെ ആരംഭിച്ച പ്രതീക്ഷയുടെ ജനറൽ ബോഡിയുടെ വാർഷിക സമ്മേളനം രക്ഷാധികാരികൂടിയായ തലശ്ശേരി അതിരൂപത താദ്ധ്യഷൻ അഭിവന്ദ്യ മാർ ജോസഫ് പാപ്പാനി പിതാവ് അദ്ധ്യഷത വഹിച്ച് ഉദ്ഘാടനം ചെയ്തു. ലഹരിക്കെതിരെയുള്ള പ്രവർത്തനം ദൈവരാജ്യ ശുശ്രൂഷയുടെ ഭാഗമാണെന്ന് പിതാവ് ഓർമ്മപ്പെടുത്തി. മോൺ. സെബാസ്റ്റ്യൻ പാലാകുഴി അനുഗ്രഹപ്രഭാഷണം നടത്തി. റവ. ഡോ. ഫിലിപ്പ് കവിയിൽ ആമുഖഭാഷണം നടത്തി. എക്സിക്യൂട്ടിവ് ഡയറക്ടർ ഫാ. കുര്യാക്കോസ് കോലക്കുന്നേൽ ഏവർക്കും സ്വാഗതം ആശംസിച്ചു. ഡോ. ജോസ്ലെറ്റ് മാത്യു റിപ്പോർട്ട് അവതരിച്ചു. ഓഫീസ് സിക്രട്ടറി ശോഭ പി. ജോസഫ് കണക്ക് അവതരിപ്പിച്ചു. റവ. ഡോ. സെബാൻ ചെരിപ്പുറത്ത്, റവ. സി. അഞ്ജലി SABS, സണ്ണി പുത്തേട്ട്, ടോമി വെട്ടിക്കാട്ടിൽ, ഷിനോ പാറയ്ക്കൽ എന്നിവർ ആശംസകൾ അർപ്പിച്ചു. പ്രതീക്ഷയുടെ പ്രവർത്തനങ്ങൾ എക്സിക്യൂട്ടിവ് ഡയറക്ടറച്ചൻ അംഗങ്ങർക്ക് വിവരിച്ചു കൊടുക്കുകയും അംഗങ്ങളുടെ സംശയങ്ങൾക്ക് നിവാരണം വരുത്തുകയും ചെയ്തു. തുടർന്ന് പൊതുചർച്ചയായിരുന്നു. പ്രതീക്ഷയുടെ പ്രവർത്തനങ്ങൾക്ക് അതിരൂപതാതലത്തിൽ പുതിയ മേൽനോട്ട സമിതികളെ അഭിവന്ദ്യ പിതാവ് പ്രഖ്യാപിച്ചു.

ഗവേണിങ്ങ് ബോഡി

മോൺ. സെബാസ്റ്റ്യൻ പാലാക്കുഴി (കൺവീനർ), റവ. ഡോ. ഫിലിപ്പ് കവിയിൽ, റവ. ഡോ. ജോസഫ് കാക്കരമറ്റത്തിൽ, റവ. ഡോ. സെബാൻ ചെരിപ്പുറത്ത്, റവ. ഫാ. കുര്യാക്കോസ് കോലക്കുന്നേൽ എന്നിവർ അംഗങ്ങൾ.

പ്രതീക്ഷയുടെ ആരംഭം മുതൽ നേതൃനിരയിൽ ഉണ്ടായിരുന്ന ആറു പേരുടെ പരിചയസമ്പത്തും നിർദ്ദേശങ്ങളും മുതൽകൂട്ടായി പ്രയോജന പ്പെടുത്തുവാൻ അഭിവന്ദ്യ പിതാവ് അവരെ ഉപദേശക സമിതിയായി നിയോഗിച്ചു.

ഉപദേശക സമിതി

1) മാത്യു എം. കണ്ടത്തിൽ, 2) അബ്രാഹം പാരിയ്ക്കാപള്ളി, 3) സണ്ണി പുത്തേട്ട്, 4) സെബാസ്റ്റ്യൻ പെരുമ്പുഴ, 5) കെ. ഡി. ജോൺ കാഞ്ഞിരക്കാട്ടു തൊട്ടിയിൽ, 6) റ്റി. പി. ആർ നാഥ്.

പുതിയ മാനേജിങ്ങ് കമ്മിറ്റി അംഗങ്ങളെ യോഗം ഏകകണ്ഠമായി തിരഞ്ഞെടുത്തു.

തിരഞ്ഞെടുക്കപ്പെട്ടവർ

1) റവ. ഡോ. ഫിലിപ്പ് കവിയിൽ, 2) റവ. സി. എമിലി SABS, 3) ഡോ. ജോസ്‌ലെറ്റ് മാത്യു, 4) സണ്ണി പായിക്കാട്ട്, 5) തങ്കച്ചൻ കൊല്ലക്കൊമ്പിൽ, 6) ദേവസ്യ തൈപ്പറമ്പിൽ, 7) ആന്റണി മേൽവെട്ടം, 8) ടോമി വെട്ടിക്കാട്ടിൽ, 9) ജോസ് ചാരാചേരിൽ, 10) ഷിനോ പാറയ്ക്കൽ, 11) ഷെൽസി കാവനാടിയിൽ.

നോമിനേറ്റഡ് അംഗങ്ങൾ

1) മോൺ. സെബാസ്റ്റ്ൻ പാലാക്കുഴി, 2) റവ. ഡോ. ജോസഫ് കാക്കര മറ്റത്തിൽ, 3) റവ. ഡോ. സെബാൻ ചെരിപ്പുറത്ത്, 4) റവ. സി. അഞ്ജലി SABS. 5) സോയി പുറവക്കാട്ട്, 6) സാബു ചിറ്റേട്ട്.

എല്ലാവരെയും അഭിവന്ദ്യ പിതാവ് പൂക്കൾ നൽകി അഭിനന്ദിച്ചു. തുടർന്ന് ക്രിസ്തുമസ് ആഘോഷം നടന്നു. കാലാവധി പൂർത്തിയാക്കുന്ന മാനേജിങ്ങ് കമ്മിറ്റി അംഗങ്ങളെ അഭിവന്ദ്യ പിതാവ് മെമന്റോ നൽകി ആദരിച്ചു. പങ്കെടുത്ത എല്ലാവർക്കും അഭിവന്ദ്യ പിതാവ് സമ്മാനങ്ങൾ നൽകി. സണ്ണി പായിക്കാട്ട് ഏവർക്കും നന്ദി പറഞ്ഞു. സ്റ്റാഫ് അംഗങ്ങളായ സുഷമ ലഹരിമുക്ത പ്രതിജ്ഞയും ജോയി മണ്ഡപത്തിക്കുന്നേൽ പ്രാർത്ഥനയും ചൊല്ലിക്കൊടുത്തു. തുടർന്ന് സ്നേഹവിരുന്നോടെ പ്രതീക്ഷയുടെ ചരിത്രത്തിലെ ഒരു സുപ്രധാന നാഴികക്കല്ലായ ജനറൽ ബോഡിയുടെ വാർഷിക സമ്മേളത്തിന് സമാപനമായി. പങ്കെടുത്ത വിശിഷ്ടാതിഥികൾക്കും അംഗങ്ങൾക്കും എല്ലാറ്റിലും നേതൃത്വം നൽകിയ സ്റ്റാഫ് അംഗങ്ങൾക്കും സഹകരിച്ച സീഫാം കൗൺസിലിംഗ് സെന്റർ, ലെവുക്ക കോൺവെന്റ് എന്നി സ്ഥാപനങ്ങൾക്കും ഹൃദയം നിറഞ്ഞ നന്ദി.

എ.എ മീറ്റിംഗുകൾ

പ്രതീക്ഷയിൽ ചികിത്സ തേടി പോയവർക്കും കുടുംബാംഗങ്ങൾക്കു മായി നടത്തി വരുന്ന എ.എ. കൂട്ടായ്മകൾ പ്രതീക്ഷയിൽ ഭംഗിയായി നടക്കുന്നു. എല്ലാ മാസങ്ങളിലും ആദ്യ ഞായറാഴ്ച രാവിലെ 9.30 ന് വി. കുർബാന

യോടെ ആരംഭിച്ച് ഉച്ചഭക്ഷണത്തോടെ സമാപിക്കുന്ന വിധത്തിലാണ് എ.എ. കൂട്ടായ്മകൾ ക്രമീകരിക്കുന്നത്. വി. കുർബാന, കുമ്പസാരിക്കാനുള്ള അവസരം, കൗൺസിലിംഗ് സൗകര്യം, പ്രഗൽഭരായ ആളുകളുടെ ക്ലാസ്സുകൾ, അംഗങ്ങളുടെ ഷെയറിംഗുകൾ, സമ്മാനങ്ങൾ എന്നിവ എ.എ. മീറ്റിംഗുകളുടെ പ്രത്യേകതകളാണ്. ഡിസംബർ 7 ന് നടന്ന എ.എ. മീറ്റിംഗിന് ആന്റണി മേൽവെട്ടം സാർ നേതൃത്വം നൽകി. 2026 ലെ ആദ്യ എ.എ. കൂട്ടായ്മ ജനുവരി 4 ഞായറാഴ്ച നടക്കും. പ്രഗൽഭ വാഗ്മിയായ നാരായണൻ കുട്ടി സാർ നേതൃത്വം നൽകും.

ലഹരിക്കെതിരെ സോഷ്യൽ മീഡിയ വഴി ക്യാംപയിനുകൾ

സോഷ്യൽ മീഡിയ പ്ലാറ്റ്ഫോം വഴി ലഹരിക്കെതിരെയുള്ള ക്യാംപയിനുകൾ നടത്തി വരുന്നു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്ക് നടന്ന ഇലക്ഷനോടനുബന്ധിച്ച് ലഹരിക്കെതിരെ നിലപാട് എടുക്കുന്ന സ്ഥാനാർത്ഥികളെയും പ്രസ്ഥാനങ്ങളെയും പിന്തുണയ്ക്കുക എന്ന പോസ്റ്റർ വ്യാപകമായി പ്രചരിപ്പിച്ചിരുന്നു. കൂടാതെ ലഹരി മുക്ത ക്രിസ്തുമസ്സും പുതുവത്സരവും എന്ന സന്ദേശവും പ്രചരിപ്പിച്ചു വരുന്നു.

അഭിനന്ദനങ്ങൾ

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്ക് നടന്ന തിരഞ്ഞെടുപ്പിൽ ബ്ലോക്ക് പഞ്ചായത്തിന്റെ കരിക്കോട്ടക്കരി ഡിവിഷനിൽ നിന്ന് പ്രതീക്ഷയുടെ ജനറൽ ബോഡി അംഗവും ADSU-വിന്റെ ചീഫ് ഓർഗനൈസറും ആയ അഡ്വ. മനോജ് എം. കണ്ടത്തിൽ വിജയിച്ചു. മനോജിന്റെ പിതാവ് മാത്യു എം. കണ്ടത്തിൽ പ്രതീക്ഷയുടെ മാനേജിങ്ങ് കമ്മിറ്റി അംഗവും നിലവിൽ ഉപദേശക സമിതി അംഗവും ആണ്. നടുവിൽ പഞ്ചായത്തിലെ പുലിക്കുരുമ്പ വാർഡിൽ നിന്ന് മുക്തിശീയുടെ അതിരൂപത ട്രഷറർ ശ്രീമതി മോളി കൈനിയിൽ വിജയിച്ചു. ഇരുവർക്കും അഭിനന്ദനങ്ങൾ.

ചിറ്റാരിക്കൽ ഡെപലപ്മെന്റ് സൊസൈറ്റിയുടെ 2025 ലെ മികച്ച സാമൂഹ്യ പ്രവർത്തനുള്ള അവാർഡിന് കെ.സി.ബി.സി. മദ്യ- ലഹരി വിരുദ്ധ സമിതിയുടെ അതിരൂപത വൈസ് പ്രസിഡണ്ടും പ്രതീക്ഷയുടെ മാനേജിങ്ങ് കമ്മിറ്റി അംഗവുമായ തങ്കച്ചൻ കൊല്ലക്കൊമ്പിൽ അർഹനായി. അദ്ദേഹത്തിന്റെ വിശിഷ്ട സേവനങ്ങൾക്ക് ലഭിച്ചിട്ടുള്ള നിരവധിയായ അവാർഡുകളിൽ അവസാനത്തേതാണ് ഇത്. തങ്കച്ചൻ ചേട്ടന് പ്രത്യേക അഭിനന്ദനങ്ങൾ.

പ്രതീക്ഷയുടെ മാനേജിങ്ങ് കമ്മിറ്റി അംഗവും മദ്യ-ലഹരി വിരുദ്ധ സമിതിയുടെ അതിരൂപത വൈസ് പ്രസിഡണ്ടുമായ ശീ. ജോസ് ചാരാചേരി സേവാ ദളിന്റെ ഇരിക്കൂർ മണ്ഡലം പ്രസിഡണ്ടായി തിരഞ്ഞെടുക്കപ്പെട്ടു. അഭിനന്ദനങ്ങൾ.

ക്രിസ്തുമസ് - പുതുവത്സരാശംസകളോടെ,

ടോമി വെട്ടിക്കാട്ട്
പ്രസിഡണ്ട്

ഫാ. കുര്യാക്കോസ് കോലക്കുന്നേൽ
ഡയറക്ടർ

ഷിനോ പാറക്കൽ
മുക്തിശ്രീ പ്രസിഡന്റ്

സോഷ്യൽ സർവ്വീസ് അപ്പൊസ്തോലേറ്റ്

ടി. എസ്. എസ്. എസ്.

പുതിയ യൂണിറ്റുകൾ

സെന്റ് അൽഫോൻസ ക്രെഡ് യൂണിയൻ: 2025 ഡിസംബർ മാസത്തിൽ TSSS-ന്റെ 157-ാം ജനകീയസംഘം യൂണിറ്റായി പെരിങ്കിരിയിൽ സെന്റ് അൽഫോൻസ ക്രെഡ് യൂണിയൻ സ്ഥാപിച്ചു. ഭാരവാഹികളുടെ പേരുകൾ ചുവടെ ചേർക്കുന്നു.

പ്രസിഡന്റ്: സിബി കുറുമുട്ടം, വൈസ് പ്രസിഡന്റ്: ലൂസി തച്ചിലോട്ട്, സെക്രട്ടറി: ഷാജി കല്ലുങ്കൽ, ജോയിന്റ് സെക്രട്ടറി: ജോസ് പൊടിമറ്റം, ഇന്റേണൽ ഓഡിറ്റർമാർ: 1. ജിമ്മി ചാത്തൻകുഴയ്ക്കൽ, 2. ബിജു കുറുമുട്ടം,

കമ്മിറ്റി അംഗങ്ങൾ: 1. തങ്കച്ചൻ നടുവിൽപുരയിടത്തിൽ

കാൻസർപരിശോധനക്യാമ്പ്

തലശ്ശേരി സോഷ്യൽ സർവീസ് സൊസൈറ്റി മലബാർ ക്യാൻസർ സെന്ററുമായി സഹകരിച്ച് നടത്തി വരുന്ന സൗജന്യ കാൻസർ പരിശോധന ക്യാമ്പ് ഈ മാസം ഡിസംബർ 1-ന്, നെല്ലിക്കാംപൊയിൽ ടി.എസ്.എസ്.എസ്-ന്റെ ഓഫീസിൽവച്ച് നടത്തപ്പെട്ടു. മലബാർ കാൻസർ സെന്റർ കമ്മ്യൂണിറ്റി മെഡിസിൻ വിഭാഗത്തിലെ ഡോക്ടർ ഫിൻസിന്റെയും ടീമംഗങ്ങളുടെയും നേതൃത്വത്തിലാണ് ക്യാമ്പ് നടത്തിയത്. അടുത്ത മാസത്തെ കാൻസർ ക്യാമ്പ് ജനുവരി 5-ന് തോമാപുരത്ത് വച്ച് നടത്തപ്പെടുന്നതാണ്.

TSSS ഗവേർണിംഗ് ബോഡിയോഗം നടത്തി

ഡിസംബർ 3-ന് TSSSന്റെ ഗവേർണിംഗ് ബോഡിയോഗം TSSS ന്റെ കോൺഫറൻസ് ഹാളിൽ വെച്ച് നടത്തപ്പെട്ടു. TSSS പ്രസിഡന്റ് മോൺ. ആന്റണി മുതുകുന്നേൽ അധ്യക്ഷത വഹിച്ചു. യോഗത്തിൽ TSSS ഡയറക്ടർ, ഫാ. ബിബിൻ ആന്റണി, ഫാ. ഫിലിപ്പ് കവിയിൽ, ഫാ. ബിജു മുട്ടത്തുകുന്നേൽ, TSSS അസിസ്റ്റന്റ് ഡയറക്ടർ, ഫാ. ആൽബിൻ എന്നിവരും പങ്കെടുത്തു. സംഘടനയുടെ പ്രവർത്തന പുരോഗതി, ഭാവിപദ്ധതികൾ, ഭരണപരവും സാമ്പത്തികവുമായ വിഷയങ്ങൾ എന്നിവയെക്കുറിച്ച് യോഗത്തിൽ വിശദമായ ചർച്ചകൾ

നടന്നു. TSSSന്റെ പ്രവർത്തനങ്ങൾ കൂടുതൽ ശക്തിപ്പെടുത്തുന്നതിനും സംഘടനയുടെ ദൗത്യലക്ഷ്യങ്ങൾ കാര്യക്ഷമമായി നടപ്പിലാക്കുന്നതിനുമായി ആവശ്യമായ നിർദേശങ്ങളും തീരുമാനങ്ങളും യോഗത്തിലുണ്ടായി.

പ്രതിമാസപ്രവർത്തനങ്ങൾ

2025 ജനുവരി മാസത്തിൽ നടത്തേണ്ട പ്രവർത്തനം ചുവടെ ചേർക്കുന്നു.

ജനുവരി 15: ഇന്ത്യൻ സൈനികദിനം (Indian Army Day)

എല്ലാ യൂണിറ്റുകളുടെയും അതിർത്തിക്കുള്ളിലുള്ള എല്ലാ സൈനികർക്കും അഭിനന്ദനവും നന്ദിയും രേഖപ്പെടുത്തുന്ന ഒരു ഔപചാരിക പ്രശംസാകത്ത് തയ്യാറാക്കുക. കത്തിൽ സൈനികരുടെ മഹത്തായ സേവനങ്ങൾക്കും അനവദ്യമായ പരിശ്രമങ്ങൾക്കും നന്ദി രേഖപ്പെടുത്തുന്നതോടൊപ്പം പ്രസ്തുത യൂണിറ്റിലെ അംഗങ്ങളുടെ ഒപ്പുകൾകൂടി കത്തിൽ രേഖപ്പെടുത്താൻ ശ്രദ്ധിക്കുമല്ലോ.

Radio 4U 89.6 FM കമ്മ്യൂണിറ്റി റേഡിയോസ്റ്റേഷൻ

കാസർഗോഡ് ജില്ലയിലെ ആദ്യത്തെ കമ്മ്യൂണിറ്റി റേഡിയോയായ റേഡിയോ ഫോർ യു 89.6 എഫ് എം പ്രവർത്തന മികവുകൊണ്ട് മാധ്യമ പ്രവർത്തനരംഗത്ത് നവോത്ഥാനം തീർക്കുകയാണ്. നിരവധി കുട്ടികളും മുതിർന്നവരും തങ്ങളുടെ കഴിവുകൾ പ്രകടിപ്പിക്കാനുള്ള വേദിയായി റേഡിയോ ഫോർ യുവിനെ തിരഞ്ഞെടുത്ത് കഴിഞ്ഞു. കാസർഗോഡ് ജില്ലയിലെ സാമൂഹിക സാസ്കാരികപരമായ പരിപാടികൾ കോർത്തെടുത്തുകൊണ്ടു നിരവധി പ്രോഗ്രാമുകൾ ചെയ്യാൻ ഈ കഴിഞ്ഞകാലങ്ങളിൽ സാധിച്ചിട്ടുണ്ട്.

ക്രിസ്തുമസ് കരോൾ ഗാനം മത്സരം സംഘടിപ്പിച്ചു

പൊതുജനങ്ങൾക്കായി ഈ വർഷത്തെ ക്രിസ്തുമസിനോട് അനുബന്ധിച്ച് റേഡിയോ ഫോർ യു 89.6 ആദ്യമായി, കരോൾ ഗാനം മത്സരം സംഘടിപ്പിച്ചു. തലശ്ശേരി അതിരൂപതയിലെ നിരവധി പള്ളികൾ കേന്ദ്രീകരിച്ച് നടത്തിയ പരിപാടിയിൽ കണ്ണൂർ കാസർഗോഡ് ജില്ലകളിൽ നിന്നായി വിവിധ ടീമുകൾ പങ്കെടുത്തു.

അക്ഷരമുറ്റം: കുറച്ച് മാസങ്ങളായി സ്കൂളുകൾ കേന്ദ്രീകരിച്ച് അക്ഷരമുറ്റം എന്ന പേരിൽ നടത്തുന്ന ക്യാമ്പയിനോട് അനുബന്ധിച്ച് കാസർഗോഡ് ജില്ലയിലെ വിവിധ സ്കൂളുകളിലെ വിദ്യാർത്ഥികൾ റേഡിയോയിൽ പരിപാടി അവതരിപ്പിച്ചു. വിദ്യാർത്ഥികളുടെ സർഗ്ഗശേഷി വളർത്തുവാനുള്ള ഒരുമാർഗ്ഗമായിട്ടാണ് "അക്ഷരമുറ്റം" ആരംഭിച്ചത്. ഒരു വിദ്യാലയത്തിൽ നിന്ന്തന്നെ നിരവധി പരിപാടികൾ ഒരു ദിവസം തന്നെ റെക്കോർഡ് ചെയ്യാൻ സാധിച്ചു. തുടർന്നും ഏതെങ്കിലും വിദ്യാഭ്യാസസ്ഥാപനങ്ങൾക്ക് റേഡിയോയിൽ പരിപാടി അവതരിപ്പിക്കാൻ താല്പര്യമുണ്ടെങ്കിൽ 9400608896 എന്ന നമ്പറിൽ ബന്ധപ്പെടുക.

തിരുനാളുകളോട് അനുബന്ധിച്ചോ, മറ്റേതെങ്കിലും ഫെസ്റ്റിവലിനോട് അനുബന്ധിച്ചോ, ഏതെങ്കിലും വ്യക്തിക്കോ ഗ്രൂപ്പിനോ റേഡിയോയിൽ പരസ്യം നൽകാനും അതിലൂടെ മാർക്കറ്റിംഗ് വിപുലപ്പെടുത്താനും താല്പര്യം ഉണ്ടെങ്കിൽ റേഡിയോയുമായി ബന്ധപ്പെടാവുന്നതാണ്. വിളിക്കേണ്ട നമ്പർ 7067625028

കരോൾ അനൗൺസ്മെന്റ്സ്: വിവിധ ഇടവകകളിലെ കരോളിനോട് അനുബന്ധിച്ചുള്ള കരോൾ അനൗൺസ്മെന്റ്സ് റേഡിയോ മുഖേന ചെയ്യാൻ സാധിച്ചു.

ജോബ് അലേർട്ട്: റേഡിയോയിൽ ആർജെ ആയിട്ടോ മാർക്കറ്റിംഗ് എക്സിക്യൂട്ടീവ് ആയിട്ടോ ജോലി ചെയ്യാൻ താല്പര്യമുള്ളവർ ഉണ്ടെങ്കിൽ റേഡിയോയുമായി ബന്ധപ്പെടുക.

രോഗീസന്ദർശനം & ചികിത്സാസഹായം

ചുണ്ടപറമ്പ്, ചെമ്പന്തൊട്ടി MSS, പടുപ്പ്, മണിക്കടവ്, മണ്ടളം CU, കള്ളാർ, അറബി എന്നീ യൂണിറ്റുകൾ, കിടപ്പുരോഗികളെ സന്ദർശിക്കുകയും സാമ്പത്തിക സഹായം നൽകുകയും ചെയ്തു.

അഗതിമന്ദിരം & അനാഥാലയം സന്ദർശനം

പാടിച്ചാൽ, ചെമ്പേരി MSS, പടുപ്പ്, നാട്ടക്കൽ, പുല്ലടി, കനകപ്പള്ളി, പുന്നക്കുന്ന്, ചെമ്പന്തൊട്ടി എന്നീ യൂണിറ്റുകൾ അഗതി മന്ദിരങ്ങളും അനാഥാലയങ്ങളും സന്ദർശിച്ച് സാമ്പത്തിക സഹായവും ആവശ്യമായ സാധനങ്ങളും നൽകി.

വിദ്യാഭ്യാസസഹായം: മുണ്ടാനൂർ, കരുവഞ്ചാൽ എന്നീ യൂണിറ്റുകൾ കുട്ടികൾക്ക് പഠന സഹായം നൽകി.

മെഡിക്കൽക്യാമ്പ്

ഡിസംബർ മാസത്തെ സൈക്യാട്രിക് മെഡിക്കൽക്യാമ്പ് ഈ മാസം 28ന് ചെമ്പേരി വിമല ആശുപത്രിയിൽ വെച്ച് ഉച്ചയ്ക്ക് 2:30 ന് ഡോക്ടർ സിസ്റ്റർ വിനീതയുടെ നേതൃത്വത്തിലുള്ള സംഘം നടത്തുന്നതാണ്.

ബോധവത്കരണ ക്ലാസ്

- ചെമ്പേരി CUവിന്റെ നേതൃത്വത്തിൽ, എയ്ഡ്സ്, പ്രമേഹം, മഞ്ഞപ്പിത്തം, കുട്ടികൾക്കുള്ള വാക്സിൻ, തുടങ്ങിയ വിഷയങ്ങളെ പറ്റി ക്ലാസ് സംഘടിപ്പിച്ചു.
- പാടിച്ചാൽ യൂണിറ്റിന്റെ നേതൃത്വത്തിൽ, നാൽപ്പത് വയസിനുമുകളിലുള്ള സ്ത്രീകളിൽ കൂടുതലായി കാണപ്പെടുന്ന രോഗങ്ങളെയും അവയുടെ ലക്ഷണങ്ങളെയും കുറിച്ച് സെന്റ് സെബാസ്റ്റ്യൻ ഹോസ്പിറ്റലിലെ ഡോക്ടറുടെ സഹായത്തോടെ ബോധവത്കരണ ക്ലാസ് സംഘടിപ്പിച്ചു.
- വേൾഡ് എയ്ഡ്സ് ഡേയുടെ ഭാഗമായി, കരുവഞ്ചാൽ, കുന്നുംകൈ തുടങ്ങിയ യൂണിറ്റുകൾ, ബോധവത്കരണ ക്ലാസുകൾ സംഘടിപ്പിച്ചു.

- കുന്നുംകൈ ക്രെഡിറ്റ് യൂണിയന്റെ നേതൃത്വത്തിൽ HPV വാക്സിനേഷൻ സംബന്ധിച്ച് അമ്മമാർക്ക് ബോധവത്കരണ ക്ലാസ് സംഘടിപ്പിച്ചു.
- എടൂർ ക്രെഡിറ്റ് യൂണിയൻ യൂണിറ്റ് ശാക്തീകരണത്തിന്റെ ഭാഗമായി വിവിധ വാർഡുകളിൽ ബോധവത്കരണ ക്ലാസ്സ് സംഘടിപ്പിച്ചു.

വിവിധ ദിനാഘോഷങ്ങൾ

ലോകഭിന്നശേഷിദിനം: ഡിസംബർ 3

മണ്ടളം MSS, നടുവിൽ, ചന്ദനക്കാംപാറ തുടങ്ങിയ യൂണിറ്റുകൾ ലോകഭിന്നശേഷി ദിനത്തോട് അനുബന്ധിച്ച്, ഭിന്നശേഷിക്കാരായവരെ ആദരിക്കുകയും സാധിക്കുന്ന സഹായങ്ങൾ നൽകുകയും ചെയ്തു.

മറ്റ് പ്രവർത്തനങ്ങൾ

- കനീലടുക്കം യൂണിറ്റ്, നവംബർ മാസത്തിൽ 50 സംഘാംഗങ്ങൾ ഒരുമിച്ച്പഠനയാത്രനടത്തി.
- നടുവിൽ, ചെമ്പന്തൊട്ടി MSS, ചെമ്പന്തൊട്ടി CU, ചെമ്പേരി CU, ചെമ്പേരി MSS, നെല്ലിക്കുറ്റി, അരീക്കമല, ലിസിഗിരി ഗ്രാമിക, മണ്ടളം MSS, കുടിയാന്മല എന്നീ യൂണിറ്റുകൾ, പ്രമേഹരക്തസമ്മർദ്ദ പരിശോധന ക്യാമ്പും ബോധ വത്കരണക്ലാസുംനടത്തി.
- ചുണ്ടപറമ്പ് ട്രസ്റ്റിന്റെ ആഭിമുഖ്യത്തിൽ കണ്ണൂർ ജില്ല ഹോസ്പിറ്റലിലെ ഡോക്ടർമാർ പുതുക്കാട് എസ്റ്റേറ്റിലെ അന്യസംസ്ഥാന തൊഴിലാളി കൾക്കുവേണ്ടി, വിവിധ രോഗനിർണായ ക്യാമ്പ് സംഘടിപ്പിച്ചു
- ചെമ്പേരി യൂണിറ്റ് സൗജന്യ തൈറോയ്ഡ് രോഗനിർണയ ക്യാമ്പ് സംഘ ടിപ്പിച്ചു.
- മണ്ടളം യൂണിറ്റ് വിവാഹആവശ്യങ്ങൾക്കായി സാമ്പത്തിക സഹായം നൽകി
- പാടിച്ചാൽ യൂണിറ്റ്, സ്റ്റേറ്റ് ബോക്സിംഗിൽ സ്വർണമെഡൽ നേടിയ വിദ്യാർത്ഥിക്ക്, ക്യാഷ് പ്രൈസും മെമെന്റോയും നൽകി അഭിനന്ദിച്ചു.
- കാർത്തികപുരം യൂണിറ്റിന്റെ നേതൃത്വത്തിൽ രോഗനിർണയക്യാമ്പും രക്തദാനക്യാമ്പും സംഘടിപ്പിച്ചു.
- ലിസ്സിഗിരി യൂണിറ്റ് ലഹരിഉപയോഗത്തിനെതിരെ പോസ്റ്ററുകൾ തയ്യാറാക്കി പ്രചരണം നടത്തി
- വനിതകൾക്കായി നടത്തിയ റബ്ബർ ടാപ്പിംഗ് പരിശീലനപരിപാടിയിൽ കരുവഞ്ചാൽ യൂണിറ്റിലെ 6 വനിത അംഗങ്ങൾ പരിശീലനം പൂർത്തി യാക്കി സർട്ടിഫിക്കറ്റുകൾ കരസ്ഥമാക്കി.
- കരുവഞ്ചാൽ യൂണിറ്റ്, SIR ഫോം പൂരിപ്പിക്കുന്നതിനായുള്ള ക്യാമ്പ് സംഘടിപ്പിക്കുകയും ബിഎൽഒയുടെ കൂടെ ഫോമുകൾ പൂരിപ്പിക്കുന്ന തിന് സഹായിക്കുകയും ചെയ്തു

- നെടുംപുറംചാൽ ക്രെഡിറ്റ് യൂണിയന്റെ നേതൃത്വത്തിൽ ജീവിതശൈലി രോഗനിർണയ ക്യാമ്പും പരിശോധനയും സംഘടിപ്പിച്ചു.
- കനീലടുക്കം യൂണിറ്റ് സാമ്പത്തികമായി ബുദ്ധിമുട്ടനുഭവിക്കുന്ന ഒരു കുടുംബത്തെ അവരുടെ വീട്ടിൽപോയി സന്ദർശിച്ച് ആവശ്യമായ സാമ്പത്തിക സഹായം നൽകി. ഈ സഹായം എല്ലാ മാസവും തുടരുവാനും തീരുമാനിച്ചു.
- അറബി ക്രെഡിറ്റ് യൂണിയന്റെ നേതൃത്വത്തിൽ നേത്രരോഗനിർണയ ക്യാമ്പും ആയുർവേദ മെഡിക്കൽ ക്യാമ്പും സംഘടിപ്പിച്ചു
- കരുവഞ്ചാൽ യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ പച്ച പപ്പായയിൽനിന്ന് മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ ഉണ്ടാക്കുന്നതിനുള്ള പരിശീലന ക്ലാസിന് കൃഷിവിജ്ഞാനകേന്ദ്രത്തിൽ നിന്നുള്ള ഡോ. ശ്രുതി നേതൃത്വം നൽകി
- കരുവഞ്ചാൽ ട്രസ്റ്റിന്റെആഭിമുഖ്യത്തിൽ കൂൺ കൃഷി സംബന്ധമായ പരിശീലന ക്ലാസ്സ് സംഘടിപ്പിച്ചു.
- പഞ്ചായത്ത്തലത്തിൽ നടത്തിയ വയോജനപ്രസംഗ മത്സരത്തിൽ കരുവഞ്ചാൽ ഗ്രാമികാംഗം ചപ്പാരപ്പടവ് പഞ്ചായത്തിൽ ഒന്നാം സ്ഥാനം കരസ്ഥമാക്കി.
- കീഴ്പ്പള്ളി യൂണിറ്റ് കുട്ടികൾക്കായുള്ള സമ്പാദ്യപദ്ധതിയുടെ ഉദ്ഘാടനം നടത്തുകയും, കുട്ടികൾക്കായി അക്കൗണ്ടുകൾ ആരംഭിക്കുകയും ചെയ്തു.
- മണിക്കടവ്, പടുപ്പ് യൂണിറ്റുകൾ സ്വാഭിമാൻ, ബയോമൗണ്ടൻ ഉൽപ്പന്നങ്ങൾ യൂണിറ്റുകളിൽ വിതരണം ചെയ്തു.
- മഞ്ഞുകാലം ആരംഭിച്ചതിനെ തുടർന്ന്, കുട്ടികളിൽ തണുപ്പ് മൂലമുണ്ടാകുന്ന പനി, ജലദോഷം എന്നിവ ഒഴിവാക്കുന്നതിനുള്ള മുൻകരുതലെടുത്തുകൊണ്ട്, നെടുംപുറംചാൽ ക്രെഡിറ്റ് യൂണിയന്റെ നേതൃത്വത്തിൽ, തുടിയാട് അങ്കണവാടിയിലെ കുട്ടികൾക്കും ടീച്ചർക്കും ഹെൽപ്പർമാർക്കും മഫ്ളയർ വിതരണം ചെയ്തു.
- മണിക്കടവ് യൂണിറ്റിന്റെ നേതൃത്വത്തിൽ, മണിക്കടവിൽ പ്രവർത്തിച്ചിരുന്ന മൃഗാശുപത്രി അടച്ചുപൂട്ടലിനെതിരെ, മറ്റ് സംഘടനകളുമായി ചേർന്ന് മണിക്കടവ് ടൗണിൽ പ്രതിഷേധയോഗവും ധർണയും സംഘടിപ്പിച്ചു.
- ദേശിയ വിദ്യാഭ്യാസദിനത്തോട് അനുബന്ധിച്ച് നടുവിൽ CU വിന്റെ നേതൃത്വത്തിൽ മൂന്ന് കുട്ടികളെ ആദരിച്ചു.

ഫാ. ജോർജ് തെങ്ങുംപള്ളിൽ
അസ്സോസിയേറ്റ് ഡയറക്ടർ, TSSS

ഫാ. സ്കറിയ വരമ്പകത്ത്
ഡയറക്ടർ, TSSS

ഫാ. തോമസ് കളത്തിൽ
സ്റ്റേഷൻ ഡയറക്ടർ, റേഡിയോ ഫോർ യു

ബയോമൗണ്ടൻ ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനി

ക്രിസ്തുമസ് പുതുവത്സരാശംസകൾ

തലശ്ശേരി അതിരൂപത മെത്രപ്പോലീത്ത അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവിനും മുൻ മെത്രാപ്പോലീത്തമാരായ മാർ ജോർജ് ഞറളക്കാട്ട് പിതാവിനും മാർ ജോർജ് വലിയമറ്റം പിതാവിനും ബയോ മൗണ്ടൻ കമ്പനിയുടെ ഭാഗമായി പ്രവർത്തിക്കുന്ന ബഹു. വൈദികർക്കും മറ്റെല്ലാ അംഗങ്ങൾക്കും ബയോമൗണ്ടൻ ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനിയുടെ ഹൃദയം നിറഞ്ഞ ക്രിസ്തുമസ് പുതുവത്സരാശംസകൾ പ്രാർത്ഥനാപൂർവ്വം നേരുന്നു.

ബയോമൗണ്ടൻ കമ്പനി അഭിമാനത്തോടെ

ബഹു. ഇന്ത്യൻ വൈസ് പ്രസിഡണ്ട് ശ്രീ. സി. പി. രാധാകൃഷ്ണ നിൽനിന്നും ക്രിസ്തുമസ് ആഘോഷങ്ങളിൽ പങ്കെടുക്കുന്നതിനായി തിരഞ്ഞെടുക്കപ്പെടുകയും അതിനായി ഡൽഹിയിലെ വൈസ് പ്രസിഡന്റ് എൻക്ലേവിലേക്ക് ക്ഷണം ലഭിക്കുകയും ചെയ്ത ബയോമൗണ്ടൻ ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനി മാനേജിംഗ് ഡയറക്ടർ ഫാ. ബെന്നി നിരപ്പേലിന് ബയോമൗണ്ടൻ കുടുംബത്തിന്റെ അഭിനന്ദനങ്ങൾ.

ബയോമൗണ്ടൻ കമ്പനിയിൽനിന്നും കാർഷിക ലോണും മെംബർഷിപ്പും

തലശ്ശേരി അതിരൂപതയിലെ കർഷകരുടെ ക്ഷേമത്തിനായി നമ്മൾ ആരംഭിച്ച സംരംഭമാണല്ലോ ബയോമൗണ്ടൻ ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനി. നാളിതുവരെ ഉള്ള പ്രവർത്തനങ്ങളിലൂടെ ഏഴായിരത്തോളം അംഗങ്ങളെ കമ്പനിയിൽ ചേർക്കാനും ബയോമൗണ്ടൻ കമ്പനിയെ ഏറ്റവും നല്ല ഫാർമർ പ്രൊഡ്യൂസർ കമ്പനിയായി വളർത്തുവാനും നമുക്ക് സാധിച്ചു.

നമ്മുടെ എല്ലാ ഇടവകകളിലും ബയോമൗണ്ടൻ കമ്പനിയുടെ കർഷക ഗ്രൂപ്പുകൾ ഉണ്ടാകേണ്ടത് കർഷകർക്കും കമ്പനിയുടെ വളർച്ച ക്കും ആവശ്യമാണ്. അതിനായി നിങ്ങളെല്ലാവരുടെയും സഹകരണം അപേക്ഷിക്കുന്നു. സെപ്റ്റംബർ മാസത്തോടുകൂടി നമ്മുടെ എല്ലാ ഇടവകകളിലും കമ്പനിയുടെ ഗ്രൂപ്പുകൾ രൂപീകരിക്കാൻ നമുക്ക് സാധി ക്കണം. അതിനുള്ള ഒരു പദ്ധതി കാനറ ബാങ്കുമായി സംസാരിച്ച് നമ്മൾ തയ്യാറാക്കിയിട്ടുണ്ട്.

നമ്മുടെ കർഷകർ എല്ലാരുംതന്നെ വലിയ പലിശക്ക് പണം എടുത്ത് കടത്തിലാകുന്ന സാഹചര്യത്തിൽ, കുറഞ്ഞ പലിശയിൽ ലോൺ എളുപ്പത്തിൽ ലഭിക്കുവാനും തിരച്ചടവുകൾ എളുപ്പത്തിൽ പൂർത്തിയാക്കാനും വലിയ നടപടി ക്രമങ്ങളില്ലാതെ ലഭിക്കുന്നതും ഗ്രൂപ്പ് ലോണുകളാണ്.

ഒരു ലക്ഷം രൂപയുടെയോ രണ്ട് ലക്ഷം രൂപയുടെയോ ലോണുകൾ എടുക്കാൻ കർഷകരെ സഹായിച്ചാൽ നമ്മുടെ ഗ്രാമത്തിൽ സാമ്പത്തിക വളർച്ച കൊണ്ടുവരുവാനും ഒപ്പം കർഷകരെ ശാസ്ത്രീയമായി ലോൺ കൈകാര്യം ചെയ്യാനും അവരിൽ സാമ്പത്തിക അച്ചടക്കം രൂപീകരിക്കാനും സാധിക്കും. ഈ കാലഘട്ടത്തിൽ കർഷകരെ സാമ്പത്തിക ഭദ്രതയിലേക്ക് കൊണ്ടു വരിക എന്നത് ആവശ്യമാണ്. ലോൺ തിരിച്ചടവുകൾ എല്ലാ ദിവസമോ, ആഴ്ചയിലോ ലഭിക്കുന്ന മുറയ്ക്ക് ഗൂഗിൾ പേയ് വഴി നടത്താനുമുള്ള സംവിധാനവും ഒരുക്കിയിട്ടുണ്ട്.

പത്ത് പേരടങ്ങുന്ന ഗ്രൂപ്പിന് പ്രസിഡന്റ്, സെക്രട്ടറി എന്ന രീതിയിൽ 2 ലീഡർമാർ ഉണ്ടായിരിക്കും. അവരുടെ നമ്പറിലേക്ക് തുകൾ അടക്കുന്ന ഗ്രൂപ്പ് അംഗങ്ങളുടെ വിവരങ്ങൾ ലഭിക്കും. അതിനാൽ ആരെല്ലാം എത്ര രൂപ വെച്ച് അടച്ചു എന്നതിന്റെ കൃത്യവിവരങ്ങൾ അറിയുവാൻ സാധിക്കും.

നിലവിൽ ബാങ്ക് ലോൺ എടുക്കുമ്പോൾ ലോൺ ചാർജും ഡോക്യുമെന്റേഷൻ ചാർജും ബാങ്ക് വ്യക്തികളിൽ നിന്നും എടുക്കാറുണ്ട്. എന്നാൽ ഈ ചിലവുകളെല്ലാം കർഷകർക്കുവേണ്ടി കമ്പനി വഹിക്കുന്നതിനാൽ ഒരു ലക്ഷം രൂപ ലോൺ എടുക്കുന്നവർ ₹ 2500/ രൂപയുടെയും രണ്ട് ലക്ഷം രൂപ എടുക്കുന്നവർ ₹ 5000/ രൂപയുടെയും ഷെയറുകൾ എടുക്കേണ്ട ആവശ്യമേ ഉള്ളൂ. ഈ തുക നഷ്ടമാകുന്നില്ല. മറിച്ച് കർഷകന് കമ്പനിയുടെ ഷെയർ ലഭിക്കുകയും കമ്പനിയുടെ ഡിവിഡന്റ് കിട്ടാൻ അർഹനാക്കുകയും ചെയ്യുന്നു. ആയതിനാൽ നിലവിൽ ഗ്രൂപ്പ് ഉള്ളവർക്കോ പുതുതായി ഗ്രൂപ്പ് തുടങ്ങുന്നവർക്കോ ഈ സൗകര്യം ഉപയോഗപ്പെടുത്താവുന്നതാണ്.

സാമ്പത്തിക അച്ചടക്കമുള്ള വ്യക്തികളെ ഉൾക്കൊള്ളിച്ചുകൊണ്ട് പത്ത് പേരടങ്ങുന്ന രണ്ടോ മൂന്നോ ഗ്രൂപ്പുകളാക്കുകയാണെങ്കിൽ നമ്മുടെ എല്ലാ ഇടവകകളിലും ആഗസ്റ്റ് മാസത്തോടെ യാതൊരു ബുദ്ധിമുട്ടും കൂടാതെ ബയോമൗണ്ടൻ യൂണിറ്റുകൾ തുടങ്ങാൻ സാധിക്കും. ഗ്രൂപ്പുകൾ രൂപീകരിച്ചാൽ തുടർന്ന് വേണ്ട എല്ലാ ക്രമീകരണങ്ങളും ബഹു. വൈദികർക്ക് ബുദ്ധിമുട്ട് വരാത്ത രീതിയിൽ ബയോമൗണ്ടൻ ഓഫീസ് നേരിട്ട് ചെയ്തുകൊള്ളും. നമ്മുടെ എല്ലാ കർഷകരും ലോണുകൾ എടുക്കുന്നവരാണ്. അതിനാൽ ഈ അവസരം കമ്പനിക്കും ഇടവകയ്ക്കും കർഷകർക്കും ഉപകാരപ്രദമാകും. നിങ്ങളുടെ ഓരോരുത്തരുടെയും ആത്മാർഥമായ സഹകരണം അപേക്ഷിക്കുന്നു.

ലോണിന് വേണ്ടിയുള്ള നിർദ്ദേശങ്ങൾ

കാർഷിക മേഖലയുടെ വളർച്ചക്കും കർഷകരുടെ ഉന്നമനത്തിനും വേണ്ടി നൽകുന്ന ലോൺ ഷെയർ എടുത്ത് മെമ്പർഷിപ്പ് നേടുന്ന കർഷകർക്ക് പത്ത്

പേരടങ്ങുന്ന ബയോമൗണ്ടൻ ഗ്രൂപ്പുകൾ രൂപികരിച്ച് ബയോമൗണ്ടൻ കമ്പനി യുടെ പ്രവർത്തനങ്ങൾ ആരംഭിക്കുന്നു ഗ്രൂപ്പുകൾക്കായിരിക്കും ലോണിനായി മുൻഗണന. 2 ലോണുകളാണ് ഉള്ളത്

1. ഒരു ലക്ഷം രൂപയുടെയും
2. രണ്ട് ലക്ഷം രൂപയുടെയും

ഏതെങ്കിലും ഒരു ലോണാണ് ഗ്രൂപ്പിലെ ഒരു വ്യക്തിക്ക് ലഭിക്കുക.

1. ഒരു ലക്ഷം രൂപയുടെ ലോൺ എടുക്കുന്നവർക്ക് പ്രതിമാസം ₹3600/ രൂപ വെച്ച് 32 തവണയായി അടച്ചു ലോൺ ക്ലോസ് ചെയ്യാവുന്നതാണ്.
2. രണ്ട് ലക്ഷം രൂപയുടെ ലോൺ എടുക്കുന്നവർക്ക് പ്രതിമാസം ₹6500/ രൂപ വെച്ച് 36 തവണയായി അടച്ചു ലോൺ ക്ലോസ് ചെയ്യാവുന്നതാണ്.
3. ഒരു ലക്ഷം രൂപയുടെ ലോൺ എടുക്കുന്ന എല്ലാവരും ₹2500/ രൂപയുടെ ഷെയർ എടുക്കണം.
4. രണ്ട് ലക്ഷം രൂപയുടെ ലോൺ എടുക്കുന്ന എല്ലാവരും ₹5000/ രൂപയുടെ ഷെയർ എടുക്കണം.
5. കാനറ ബാങ്ക് വഴി കുടുംബശ്രീ ലിംഗേജ് ലോൺ ഉള്ളവർക്ക് SHG ലോൺ എടുക്കാൻ സാധിക്കുന്നതല്ല.

ഷെയർ എടുക്കുന്നവർക്കുള്ള ആനുകൂല്യങ്ങൾ

1. ലോണിന് ആവശ്യമായ ബാങ്ക് ഡോക്യുമെന്റുകളുടെയും, മുദ്ര പേപ്പറി ന്റെയും, ഓരോ ഗ്രൂപ്പിനും ബാങ്ക് അക്കൗണ്ട് തുറക്കാനുമുള്ള ചിലവു കളും ബയോമൗണ്ടൻ കമ്പനി വഹിക്കുന്നതാണ്.
2. വ്യക്തികൾക്ക് ഷെയർ എടുക്കുന്നതിന്റെ ചിലവുകൾ മാത്രമേ വരു ന്നുള്ളൂ. മറ്റു ചിലവുകൾ ഉണ്ടാകില്ല.
3. ഷെയർ എടുക്കുന്ന തുക നഷ്ടം ആകുന്നില്ല. കമ്പനിയുടെ ഡിവിഡെന്റ് ലഭിക്കുന്നതാണ്.
4. ലോൺ തിരിച്ചടവ് ഓരോ ഗ്രൂപ്പിനും ബാങ്കിലേക്ക് നേരിട്ട് ഗൂഗിൾ പേയ് വഴി ചെയ്യാൻ ഉള്ള സൗകര്യം ഉണ്ടാവുന്നതാണ്.
5. ലോൺ തിരിച്ചടവ് എളുപ്പത്തിലക്കാൻ

* ഒരു ലക്ഷം രൂപ എടുക്കുന്നവർക്ക് പ്രതിദിനം 120 രൂപയും

* രണ്ട് ലക്ഷം രൂപ എടുക്കുന്നവർക്ക് പ്രതിദിനം 200 രൂപയും വെച്ച് ഗൂഗിൾ പേയ് വഴി അതാത് ഗ്രൂപ്പിന്റെ അക്കൗണ്ടിലേക്ക് അടക്കാനുള്ള സൗകര്യം ഉണ്ടായിരിക്കുന്നതാണ്.

ബയോ മൗണ്ടൻ SHG ലോൺ സംബന്ധമായ എല്ലാ വിവരങ്ങൾക്കും വിളിക്കുന്നതിനായി 9526054322 (ഉഷ/കമൽ) എന്ന നമ്പർ ഉപയോഗി ക്കാവുന്നതാണ്.

പുട്ടുപൊടി യൂണിറ്റ്

ബയോ മണ്ടൻ കമ്പനിയുടെ പുതിയ സംരംഭമായ പുട്ടുപൊടി യൂണി റ്റിന്റെ പ്രവർത്തനങ്ങൾ മികച്ച രീതിയിൽ പുരോഗമിക്കുന്നു. ഡിസംബർ മാസം അവസാനത്തോടുകൂടി പുട്ടുപൊടി യൂണിറ്റിന്റെ നിർമ്മാണ പ്രവർ

ത്തനങ്ങൾ പൂർത്തീകരിച്ച് പ്രൊഡക്ഷൻ തുടങ്ങാൻ സാധിക്കുന്നതാണ്. നമ്മുടെ ഈ സംരംഭത്തിന്റെ വിജയത്തിനായി നിങ്ങളുടെ എല്ലാവരുടെയും പ്രാർഥനയും സഹകരണവും അപേക്ഷിക്കുന്നു.

നമ്മുടെ അതിരൂപതയിലെ കർഷകരുടെ ക്ഷേമത്തിനും സാമ്പത്തിക വളർച്ചയ്ക്കുംവേണ്ടി നമ്മൾ ആരംഭിച്ച ബയോമാണ്ടൻ കമ്പനിയുടെ പ്രവർത്തനങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുവാൻ എല്ലാ അച്ചന്മാരുടെയും ഇടവക അംഗങ്ങളുടെയും സഹകരണം അപേക്ഷിക്കുന്നു. ആയതിനാൽ ഇടവകകളുടെ ഷെയറുകൾ എടുത്ത് എല്ലാവരും സഹകരിക്കണമെന്ന് അപേക്ഷിക്കുന്നു. കമ്പനി ഷെയറുകൾ എടുക്കുമ്പോൾ വികാരിയച്ചന്റെ പേരും പള്ളിയുടെ അഡ്രസ്സും ഫോൺനമ്പറും ഇമെയിൽ ഐഡിയും നല്കാൻ ശ്രദ്ധിക്കണം. ആളുകളെ കൂട്ടിയാണ് ഷെയർ എടുക്കുന്നതെങ്കിൽ അംഗങ്ങളുടെ എല്ലാവരുടെയും പേരും ഫോൺനമ്പറും പ്രസിഡന്റ്, സെക്രട്ടറി എന്നിവരുടെ പേരും നല്കണം. ഗ്രൂപ്പുകൾ ആണെങ്കിൽ വികാരിയച്ചന്റെ പേരും പള്ളിയുടെ ഫോൺനമ്പറും ഇമെയിൽ ഐഡിയും നല്കണം. അൻപത് പേരടങ്ങുന്ന ഗ്രൂപ്പിൽ ഒരു ഷെയർ അച്ചന്റെ പേരിൽ എടുക്കുകയും ചെയ്യണം. എങ്കിലെ വികാരിയച്ചന്റെയും പള്ളിയുടെയും പേരിൽ ഷെയർ സർട്ടിഫിക്കറ്റ് നൽകാൻ സാധിക്കുകയുള്ളൂ. നമ്മുടെ ഈ സംരംഭം വിജയിപ്പിക്കാൻ എല്ലാ വൈദികരുടെയും എല്ലാ സന്യാസഭവനങ്ങളുടെയും സ്ഥാപനങ്ങളുടെയും അല്മായ നേതാക്കളുടെയും ഭക്ത സംഘടനകളുടെയും സഹായം അപേക്ഷിക്കുന്നു. നമ്മുടെ ഉല്പന്നങ്ങൾ എല്ലാ ഇടവകകളിലും സ്ഥാപനങ്ങളിലും വാങ്ങി ഉപയോഗിച്ചുകൊണ്ട് കമ്പനിയുടെ പ്രവർത്തനങ്ങളെ പ്രോത്സാഹിപ്പിക്കണം. മായമില്ലാത്ത ഉല്പന്നങ്ങളാണ് നമ്മൾ വിതരണം ചെയ്യുന്നത്. മാർക്കറ്റിനെക്കാളും വിലക്കുറവും നമ്മുടെ ഉല്പന്നങ്ങൾക്കുണ്ട്. ഒപ്പം ഗുണമേന്മയിൽ ഏറ്റവും മികച്ചതുമാണ്. ഓർഡറുകൾ നൽകുമ്പോൾ താഴെ തന്നിരിക്കുന്ന നമ്പറിലേക്ക് ഓർഡറുകൾ അയച്ചാൽ സാധനങ്ങൾ അതാത് സ്ഥലങ്ങളിൽ എത്തിക്കുന്നതായിരിക്കും. ഫോൺ: 9656054322. Mail.id: tsssbiomountain@gmail.com

ഡിസംബർ മാസത്തിൽ എല്ലാ ഫൊറോനകളിലേക്കും ഇടവകകളിലേക്കും നേരിട്ടുവരുവാനും ബഹു. വൈദികരുടെ നിർദേശങ്ങളും അഭിപ്രായങ്ങളും സ്വീകരിക്കാനും ആഗ്രഹിക്കുന്നുണ്ട്. ഈ അവസരത്തിൽ ഇടവക ഷെയറുകൾ എടുത്ത് സഹകരിച്ചുകൊണ്ട് നമ്മുടെ ഈ സംരംഭത്തെ മലബാറിന്റെ തന്നെ മാതൃകയാക്കിമാറ്റുവാൻ നിങ്ങളുടെ എല്ലാവരുടെയും സ്നേഹവും പ്രോത്സാഹനവും അപേക്ഷിക്കുന്നു.

മോൺ. സെബാസ്റ്റ്യൻ പാലാക്കുഴി
ചെയർമാൻ

ഫാ. സ്കറിയ നിരപ്പേൽ
മാനേജിംഗ് ഡയറക്ടർ

ഫാ. ജോസഫ് മുണ്ടപ്ലാക്കൽ
എക്സിക്യൂട്ടീവ് ഡയറക്ടർ

ഇൻഫാം

കേരളത്തിലെ കർഷകസമൂഹം ഇന്ന് തങ്ങളുടെ നിലനില്പിനെയും ജീവിതവ്യവസ്ഥയെയും തളർത്തുന്ന പല വിധത്തിലുള്ള പ്രതിസന്ധികളുടെ ഭാരം സഹിച്ചുകൊണ്ടിരിക്കുകയാണ്. ഉല്പാദന ചെലവുകളുടെ ഉയർച്ച, വിപണിയിലെ അനിശ്ചിതത്വം, ആവശ്യമായ പിന്തുണാ സംവിധാനങ്ങളുടെ അഭാവം, വന്യമൃഗങ്ങളുടെ ശല്യം എന്നിവ ഇവരെ കൂടുതൽ നിരാശയിലേക്ക് നയിക്കുന്നു. കർഷകരുടെ പ്രശ്നങ്ങൾക്ക് സമഗ്രമായ പരിഹാരങ്ങൾ മുന്നോട്ട് വെയ്ക്കാതെയും, അവരെ സ്ഥിരമായ സുരക്ഷാവലയത്തിലേക്ക് കൊണ്ടുവരാതെയും തുടരുന്ന സമീപനം ഈ മേഖലയിലെ പുരോഗതിയെതന്നെ തടസ്സപ്പെടുത്തുന്നു. കർഷകർക്ക് സ്ഥിരതയുള്ള വരുമാനം ഉറപ്പാക്കാനും, ആധുനിക കൃഷിയിലേക്ക് അവരെ പ്രാപ്തരാക്കാനും ശക്തമായ നയങ്ങളും കൂട്ടായ ഇടപെടലുകളും അത്യാവശ്യമാണ്. നാം ഒരുമിച്ചു നിന്നാൽ മാത്രമേ കർഷകരുടെ ഭാവിയും കൃഷി മേഖലയുടെ നിലനിൽപ്പും ഉറപ്പാക്കാൻ കഴിയൂ. അതിനായി നമുക്ക് ഐക്യത്തോടെ മുന്നോട്ട് നീങ്ങാം...

ഇൻഫാം മലബാർ മേഖലാ ജൂബിലി വിളംബര ജാഥയും ദീപശിഖാ പ്രയാണവും തേർത്തല്ലിയിൽ സമാപിച്ചു

കർഷകരുടെ അവകാശ സംരക്ഷണത്തിനായി പ്രവർത്തിക്കുന്ന ഇന്ത്യൻഫോർ മേഴ്സ്മൂവ്മെന്റ് (ഇൻഫാം) സിൽവർ ജൂബിലി ആഘോഷങ്ങളുടെ ഭാഗമായി നടത്തപ്പെട്ട വിളംബരജാഥയും ദീപശിഖാപ്രയാണവും തേർത്തല്ലിയിൽ സമാപിച്ചു. തലശ്ശേരി കാർഷിക ജില്ലയുടെ ആഭിമുഖ്യത്തിൽ ഇരിട്ടി, പയ്യാവൂർ, നടുവിൽ എന്നി വിടങ്ങളിലെ സ്വീകരണങ്ങൾക്കും പൊതുസമ്മേളങ്ങൾക്കുംശേഷം തേർത്തല്ലിയിലുള്ള ഇൻഫാം കർഷകരുടെ കടയോട് അനുബന്ധിച്ചു സംഘടിപ്പിച്ച പൊതുസമ്മേളനത്തോടെ സമാപിച്ചത്. സിൽവർ ജൂബിലി ആഘോഷങ്ങളുടെ ഭാഗമായി മലബാർ മേഖലയിൽ നടത്തിയ വിളംബരജാഥയും ദീപശിഖാപ്രയാണവും ഇൻഫാമിന്റെ സ്ഥാപക പിതാക്കന്മാരിൽ ഒരാളായ മോൺ. ആന്റണി കൊഴുവനാലിന്റെ കബറിടത്തിൽനിന്നും കഴിഞ്ഞ ദിവസം ആരംഭിച്ചിരുന്നു. താമരശ്ശേരി, കോഴിക്കോട്, കണ്ണൂർ

രൂപതകളിലെ സ്വീകരണങ്ങൾ കഴിഞ്ഞാണ് തലശ്ശേരി കാർഷിക ജില്ലയിൽ എത്തിച്ചേർന്നത്.

സമാപന സമ്മേളനത്തിൽ ദേശീയ ജനറൽ സെക്രട്ടറി ഫാ. ജോസഫ് കാവനാടി അധ്യക്ഷത വഹിച്ചു. തലശ്ശേരി അതിരൂപതാ വികാരി ജനറാൾ മോൺ. ആന്റണി മുതുകുന്നേൽ ഉദ്ഘാടനം നിർവഹിച്ചു. തലശ്ശേരി കാർഷിക ജില്ലാ ഡയറക്ടർ ഫാ. ബിബിൻ വരമ്പകത്ത് വിഷയാവതരണം നടത്തി. ഇൻഫാമിന്റെ മുൻദേശീയ ചെയർമാൻ ഫാ. ജോസഫ് ഒറ്റപ്ലാക്കൽ, മലബാർ മേഖലാ ഡയറക്ടർ ഫാ. ജോസ് പെണ്ണാപറമ്പിൽ, ഫാ. അബ്രഹാം മഠത്തിമ്യാലിൽ, ഫാ. തോമസ് ചെരുവിൽ, അഡ്വ. ബിനോയ് തോമസ് എന്നിവർ പ്രസംഗിച്ചു. ജാഥാ ക്യാപ്റ്റൻ ശ്രീ. സ്കറിയ നെല്ലംകുഴി മറുപടിയും, തലശ്ശേരി കാർഷിക ജില്ല സെക്രട്ടറി ശ്രീ. ഗിരി മാത്യു തിരുതാലിൽ നന്ദിയും രേഖപ്പെടുത്തി.

കർഷകരുടെ പ്രശ്നങ്ങൾ പൊതുസമൂഹത്തിന്റെയും സർക്കാരിന്റെയും ശ്രദ്ധയിൽപ്പെടുത്തുമെന്ന് ഇൻഫാം ഭാരവാഹികൾ അറിയിച്ചു. കർഷകരുടെ അവകാശസംരക്ഷണത്തിനുള്ള ഇൻഫാമിന്റെ പ്രതിബദ്ധത ആവർത്തിച്ചുറപ്പിച്ചത് കർഷക സമൂഹത്തിനും പൊതുജനങ്ങൾക്കും ആത്മവിശ്വാസം പകരുന്നതായിരുന്നു. കണ്ണൂർ, കാസറഗോഡ് ജില്ലകളിൽ നിന്നുള്ള കർഷകരുടെ സജീവപങ്കാളിത്തം ഇൻഫാം സിൽവർ ജൂബിലി വിളംബരജാഥയിലും സമാപനസമ്മേളനത്തിലുമുണ്ടായിരുന്നു.

ഇൻഫാം രജതജൂബിലി പ്രോഗ്രാമുകൾ

- 2026 ജനുവരി 03 ശനി – കട്ടപ്പനയിൽ കർഷകറാലി
- 2026 ജനുവരി 20 ചൊവ്വ – കുട്ടിക്കാനത്ത് കിസാൻ ഭൂമിപുത്രഅവാർഡ് ദാനം
- 2026 ജനുവരി 23 വെള്ളി – കാഞ്ഞിരപ്പള്ളിയിൽ ലീഡേഴ്സ് മീറ്റ്
- 2026 ജനുവരി 27 ചൊവ്വ – പൊടിമറ്റത്ത് കർഷകസമ്മേളനം
- 2026 ജനുവരി 29 വ്യാഴം – പൊടിമറ്റത്ത് പച്ചപ്പൊലിമ
- 2026 ജനുവരി 31 ശനി – നാഷണൽകിസാൻകാർണിവൽ പൊടിമറ്റം
- 2026 ഫെബ്രുവരി 1 ഞായർ – സമാപനസമ്മേളനം പൊടിമറ്റം

ശ്രീ. സ്കറിയ നെല്ലംകുഴി
പ്രസിഡണ്ട്, തലശ്ശേരി അതിരൂപത

ഫാ. സ്കറിയ വരമ്പകത്ത്
ഡയറക്ടർ, തലശ്ശേരി അതിരൂപത

ധ്യാനകേന്ദ്രങ്ങളിലൂടെ

2026 ജനുവരി

1. മദർഹോം, പരിയാരം; ഫോൺ: 9446567101, 8606603101

ജനുവരി 03 : ഏകദിന കൺവെൻഷൻ
04–08 : ആന്തരിക സൗഖ്യ ധ്യാനം
09 : ഏകദിന ധ്യാനം (2 pm – 8 pm)
10 : ഏകദിന കൺവെൻഷൻ
11–14 : കന്നഡ ധ്യാനം
17 : ഏകദിന കൺവെൻഷൻ
18–22 : ആന്തരിക സൗഖ്യ ധ്യാനം
23 : ഏകദിന ധ്യാനം (2 pm – 8 pm)
23 : ഏകദിന കൺവെൻഷൻ
25–28 : വചന ധ്യാനം
31 : ഏകദിന കൺവെൻഷൻ

2. വിമലഗിരി ധ്യാനകേന്ദ്രം, പട്ടാരം – ഇരിട്ടി, ഫോൺ: 6282732852

02 : ഏകദിന ധ്യാനം
09 : ഏകദിന ധ്യാനം
16 : ഏകദിന ധ്യാനം
17–20 : ആന്തരിക സൗഖ്യ ധ്യാനം
23 : ഏകദിന ധ്യാനം
30 : ഏകദിന ധ്യാനം

3. ഐഎംഎസ് ധ്യാനകേന്ദ്രം, കൂട്ടുപുഴ (പേരട്ട), ഫോൺ: 8281272873

03 : ഏകദിന ധ്യാനം (9 am – 2 pm)
04–06 : ആന്തരിക സൗഖ്യാനുഭവ ധ്യാനം
09 : ജാഗരണ പ്രാർത്ഥന (06 pm – 09 pm)

4. ദർശന ധ്യാനകേന്ദ്രം, പുഷ്പഗിരി, തളിപ്പറമ്പ് ഫോൺ: 6238303093

02 : ജാഗരണ പ്രാർത്ഥന
15–18 : വചനാഭിഷേക ധ്യാനം
25–30 : വചനാഭിഷേക ധ്യാനം

5. സിയോൻ ധ്യാനകേന്ദ്രം, നെല്ലിക്കുറ്റി, ഫോൺ: 7306859339

12 : ജാഗരണ പ്രാർത്ഥന (06 pm – 10.30 pm)
19–23 : ആന്തരിക സൗഖ്യ ധ്യാനം

നവംബർ 2025

21 എറണാകുളം-അങ്കമാലി അതിരൂപതാ കേന്ദ്രത്തിലെ വിവിധ ചുമതലകൾ നിർവ്വഹിച്ചു.

22 തലശ്ശേരി അതിരൂപതാ വൈദിക സമ്മേളനത്തിന് അധ്യക്ഷത വഹിച്ചു. വൈകുന്നേരം ബഹു. പയസ് പടിഞ്ഞാറെമുറിയിൽ അച്ചന്റെ ഭവനം വെഞ്ചരിച്ചു. തുടർന്ന് പുറവയൽ ഇടവകയിൽവച്ച് വഴുവേലിൽ മാത്യുവിന്റെയും പേരൂക്കുന്നേൽ എൻറിറ്റായുടെയും വിവാഹം ആശീർവ്വദിച്ചു.

23 രാവിലെ വിളക്കന്നൂർ ദൈവാലയത്തിലേക്ക് മിഷൻലീഗിന്റെ നേതൃത്വത്തിൽ നടത്തിയ രാജത്വ റാലിക്കെത്തിയ കുട്ടികളെ അഭിസംബോധന ചെയ്ത് സംസാരിച്ചു. ഉച്ചയ്ക്കുശേഷം ചട്ടമല ഇടവകയിലെത്തി മതാധ്യാപകർക്കുള്ള ധ്യാനത്തിനെത്തിയവരുമായി സംവദിച്ചു. തുടർന്ന് മാലോം ദർക്കസ് കുരിശുപള്ളിയുടെ വെഞ്ചരിപ്പു കർമ്മം നിർവ്വഹിച്ചു.

24 രാവിലെ അങ്ങാടിക്കടവ് ഇടവകാ ദൈവലായത്തിൽവച്ച് ബഹു. ഡീക്കൻ ജോമോൻ മങ്കുഴിക്കരിയുടെ പൗരോഹിത്യ സ്വീകരണ ശുശ്രൂഷയിൽ മുഖ്യകാർമ്മികത്വം വഹിച്ചു. തുടർന്ന് തലശ്ശേരി അതിരൂപതാംഗങ്ങളായ ഡീക്കൻ അജോയിസ് പൊട്ടംകുളം, ഡീക്കൻ മെൽവിൻ തുറക്കൽ, ഡീക്കൻ അരുൺ അയിലൂക്കുന്നേൽ എന്നിവരുടെ ഭവനങ്ങൾ സന്ദർശിച്ചു. വൈകുന്നേരം തലശ്ശേരിയിലെത്തി മൈനർ സെമിനാരി ഹോം ഡേ മീറ്റിംഗിന് അധ്യക്ഷത വഹിച്ചു.

25-26 എറണാകുളം-അങ്കമാലി അതിരൂപതാ കേന്ദ്രത്തിലെ വിവിധ ചുമതലകൾ നിർവ്വഹിച്ചു.

27 തലശ്ശേരി അതിരൂപതാ കേന്ദ്രത്തിൽവച്ച് ചേർന്ന ഇന്റർ കൂരിയാ മീറ്റിംഗിന് അധ്യക്ഷത വഹിച്ചു. വൈകുന്നേരം തലശ്ശേരി സാൻജോസ് മെട്രോപ്പോളിറ്റൻ സ്കൂളിന്റെ വാർഷികം ഉദ്ഘാടനം ചെയ്തു.

28 തലശ്ശേരി അതിരൂപതാ കേന്ദ്രത്തിൽ വിവിധ സന്ദർശകരെ സ്വീകരിച്ചു. വൈകുന്നേരം കൂട്ടുമുഖം (പൊടിക്കളം) മേരിഗിരി സ്കൂളിൽ പുതുതായി നിർമ്മിച്ച ചാപ്പലിന്റെ കൂദാശാകർമ്മം നിർവ്വഹിച്ചു.

29 രാവിലെ തളിപ്പറമ്പിൽവച്ച് ചേർന്ന പാസ്റ്ററൽ കൗൺസിൽ യോഗത്തിന് അധ്യക്ഷത വഹിച്ചു. ഡീക്കൻ ആൽവിൻ കാശാൻകാട്ടിലിന്റെ ഭവനം

സന്ദർശിച്ചു. വൈകുന്നേരം കരിക്കോട്ടക്കരിയിൽ പുതുതായി നിർമ്മിച്ച കുരിശുപള്ളിയുടെ കൂദാശാകർമ്മം നിർവ്വഹിച്ചു.

30 പുലിക്കുരുമ്പ ഇടവകയിൽ നിര്യാതനായ ശ്രീ. ജോസഫ് വെളിയത്തിന്റെ ഭവനത്തിലെത്തി ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. തുടർന്ന് മതാധ്യാപകർക്കുള്ള ധ്യാനം നടക്കുന്ന കാർത്തികപുരം, പെരുമ്പടവ്, ചെറുപുഴ ഇടവകകൾ സന്ദർശിച്ചു. ഉച്ചയ്ക്കുശേഷം തുടർന്ന് തലശ്ശേരി അതിരൂപതാംഗങ്ങളായ ഡീക്കൻ ജേക്കബ് തുണ്ടിയിൽ, ഡീക്കൻ ക്ലെമന്റ് നരിക്കുഴി, ഡീക്കൻ ബോവിൻ പുലിയുറുമ്പിൽ, ഡീക്കൻ അമൽ, ഡീക്കൻ അരുൺ പൂക്കുളത്തേൽ, ഡീക്കൻ ആൽബർട്ട് മാപ്പിളപറമ്പിൽ എന്നിവരുടെ ഭവനങ്ങൾ സന്ദർശിച്ചു.

ഡിസംബർ 2025

01 തലശ്ശേരി അതിരൂപതാംഗങ്ങളായ ഡീക്കൻ സെബിൻ പാലക്കൽ, ഡീക്കൻ റോഷൻ പാറക്കാലായിൽ, ഡീക്കൻ അരുൺ കുരുവിളാനിക്കൽ എന്നിവരുടെ ഭവനങ്ങൾ സന്ദർശിച്ചു. വൈകുന്നേരം ഓൺലൈനായി ചേർന്ന പെർമനെന്റ് സിനഡ് മീറ്റിംഗിൽ പങ്കെടുത്തു.

02 തലശ്ശേരി അതിരൂപതാ കേന്ദ്രത്തിൽ വിവിധ സന്ദർശകരെ സ്വീകരിച്ചു.

03-04 എറണാകുളം-അങ്കമാലി അതിരൂപതാ കേന്ദ്രത്തിലെ വിവിധ ചുമതലകൾ നിർവ്വഹിച്ചു.

05 എടൂരിൽനിന്നും ചെമ്പേരിയിലേക്ക് മരിയൻ തീർത്ഥാടനം നടത്തി.

06 മരിയൻ തീർത്ഥാടനത്തിനെത്തിയവർക്കായി ചെമ്പേരി ബസിലിക്കാ ദൈവാലയത്തിൽ ദിവ്യബലിയർപ്പിച്ച് വചനസന്ദേശം നൽകി.

07 രാവിലെ തൃശൂർ ജെറുസലേം ധ്യാനകേന്ദ്രത്തിൽവച്ച് നടത്തിയ ബൈബിൾ കൺവെൻഷന്റെ സമാപന സന്ദേശം നൽകി. ഉച്ചയ്ക്കുശേഷം കൊച്ചി രൂപതയുടെ പുതിയ ബിഷപ്പായി ചുമതലയേൽക്കുന്ന അഭിവന്ദ്യ ആന്റണി കാട്ടിപ്പറമ്പിൽ പിതാവിന്റെ സ്ഥാനാരോഹണ ചടങ്ങിൽ വചനസന്ദേശം നൽകി.

08 എറണാകുളം-അങ്കമാലി അതിരൂപതാ കേന്ദ്രത്തിലെ വിവിധ ചുമതലകൾ നിർവ്വഹിച്ചു.

09 തലശ്ശേരി അതിരൂപതാ കേന്ദ്രത്തിൽ വിവിധ സന്ദർശകരെ സ്വീകരിച്ചു. ഉച്ചയ്ക്കുശേഷം ചേർന്ന വിമൽജ്യോതി എഞ്ചിനീയറിംഗ് കോളേജ് ഗവേണിംഗ് കമ്മറ്റി മീറ്റിംഗിന് അധ്യക്ഷത വഹിച്ചു. വൈകുന്നേരം ഓൺലൈനായി ചേർന്ന പെർമനെന്റ് സിനഡ് മീറ്റിംഗിൽ പങ്കെടുത്തു.

10 മണിക്കടവ് ഇടവകയിൽ നിര്യാതനായ ശ്രീ. ജോയി പുള്ളോലിക്കലിന്റെ മൃതസംസ്കാര ശുശ്രൂഷാകർമ്മം നിർവ്വഹിച്ചു.

11–17 പരിശുദ്ധ ലെയോ മാർപാപ്പയെയും ഓറിയെന്റൽ കോൺഗ്രിഗേഷൻ പ്രീഫെക്ടിനെയും സന്ദർശിച്ചു.

18 എറണാകുളം-അങ്കമാലി അതിരൂപതാ കേന്ദ്രത്തിലെ വിവിധ ചുമതലകൾ നിർവ്വഹിച്ചു.

19 രാവിലെ കരിക്കോട്ടക്കരി ദൈവാലയത്തിൽവച്ച് ഇമ്മാനുവേൽ കണ്ടത്തിലച്ചന്റെ മൃതസംസ്കാര ശുശ്രൂഷാകർമ്മം നിർവ്വഹിച്ചു. വൈകുന്നേരം തലശ്ശേരി ടൗണിൽ സംഘടിപ്പിച്ച കരോൾ പ്രോഗ്രാമിൽ സന്ദേശം നൽകി.

20 പ്രതീക്ഷാ ഡീ അഡിക്ഷൻ സെന്ററിന്റെ ജനറൽ ബോഡി യോഗത്തിന് അധ്യക്ഷത വഹിച്ചു. വൈകുന്നേരം കുന്നോത്ത് പുതുതായി നിർമ്മിക്കുന്ന ദൈവാലയത്തിന്റെ തറക്കല്ലിടൽ കർമ്മം നിർവ്വഹിച്ചു. തുടർന്ന് ഇരിട്ടിയിൽവച്ച് അതിരൂപതാ കെ.സി.വൈ.എം സംഘടിപ്പിച്ച ബോൺ നത്താലെ ക്രിസ്തുമസ് ആഘോഷം ഉദ്ഘാടനം ചെയ്തു.

JANUARY 2026 ENGAGEMENTS
ARCHBISHOP JOSEPH PAMPLANY

01	09:00 am	- Vellarikkund: Ordination
	12:00 pm	- Mulapra: Marriage
	02:30 pm	- Cherupuzha: Church Foundation stone laying ceremony
02	10:00 am	- Consultors Meet
	02:30 pm	- AKM Trust Meeting
03	09:00 am	- Rajagiri: Ordination
	05:00 pm	- Thiruvambadi: Marriage
04-05		- Ernakulam
06-10		- Syro-Malabar Synod

12	09:00 am	- Vayattuparamba: Ordination
	01:30 pm	- Marygiri
13	09:00 am	- Peravoor: Ordination
	12:00 pm	- Edoor
	04:30 pm	- Badiyadka
14		- Ernakulam
15-16		- GSMS Commission
17	10:00 am	- Pilathara
	11:30 am	- Vennakkallu: Jubilee
	05:00 pm	- Kunnumkai: Jubilee
18	08:30 am	- Marygiri: Presbytery Blessing
	04:00 pm	- Karthikapuram: Jubilee
19	04:00 pm	- Mananthavady: Jubilee
20		- Priest Regional Meet
21	09-12 pm	- Thalassery: Visitors Day
22	10:00 am	- Thalipparamba
23-24		- Ernakulam
25	10:00 am	- Padimaruth: Jubilee
	03:00 pm	- Chully: Jubilee
26	11:00 am	- Minor Seminary Benefactors Day
	03:30 pm	- Velimanam: Church Foundation stone laying ceremony
27		- Priest Regional Meet
28-29		- Ernakulam
30	09-12 pm	- Thalassery: Visitors Day
	04:00 pm	- Vellarikkund: Bible Convention
31	06:30 am	- Kadumeni: Alter Blessing
	10:00 am	- Kannivayal: Jubilee
	04:00 pm	- Kalichanadukkom: Jubilee

Secretary to the Archbishop

വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന്

മാർ ജോർജ് ഞറളക്കാട്ട്

ഡിസംബർ 2025

02 പെരുമ്പടവിനടുത്ത് തലവിൽ സി എസ് ടി അച്ചന്മാർ നടത്തുന്ന ഗുഡ് സമരിറ്റൻ സെന്ററിന്റെ വാർഷിക സമ്മേളനം ഉദ്ഘാടനം ചെയ്തു.

03 രാവിലെ കുന്നോത്ത് GSMS-ൽ ക്ലാസ് എടുത്തു.

വൈകുന്നേരം എടൂർ ഫൊറോനാ പള്ളിയിൽ നടന്ന മരിയൻ കൺവെൻഷൻ സമാപന ദിനത്തിൽ വിശുദ്ധ കുർബാന അർപ്പിച്ച് സന്ദേശം നൽകി.

04 ഉച്ചകഴിഞ്ഞ് തലശ്ശേരി കത്തീഡ്രൽ ഇടവകയിലെ മതബോധന പ്രധാന അധ്യാപികയായ അന്നമ്മ പാലക്കുന്നേൽ ടീച്ചറിന്റെ മൃതസംസ്കാര കർമ്മത്തിൽ പങ്കെടുത്തു.

05 വൈകുന്നേരം എടൂർ നിന്ന് ചെമ്പേരിയിലേക്ക് നടത്തിയ മരിയൻ തീർത്ഥാടനത്തോടനുബന്ധിച്ച് ആനപ്പന്തി വിശുദ്ധ യൂദാ തദേവൂസിന്റെ കപ്പേളയിൽ വിശുദ്ധ കുർബാന അർപ്പിച്ച് സന്ദേശം നൽകി.

08 രാവിലെ വിളമനയിലുള്ള പ്രൊവിഡൻസ് കോൺവെന്റിൽ വിശുദ്ധ കുർബാന അർപ്പിക്കുകയും പുതുതായി നിർമ്മിച്ച മാതാവിന്റെ ഗ്രോട്ടോയുടെ വെഞ്ചിരിപ്പ് കർമ്മം നിർവഹിക്കുകയും ചെയ്തു.

തുടർന്ന് വിളമന ഇടവകയിൽ പുതുതായി നിർമ്മിക്കുന്ന ദൈവാലയത്തിന്റെ കുറ്റിയടിക്കൽ കർമ്മത്തിൽ സംബന്ധിച്ച് പ്രാർത്ഥിച്ച് വെഞ്ചരിച്ചു.

10 രാവിലെ GSMSൽ ക്ലാസ് എടുത്തു.

13 മണിക്കടവ് സെന്റ് തോമസ് ഇടവകയിൽ 170 പേർ ഒരുമിച്ച് ചേർന്ന് തിരുവെഴുത്ത് 2025 എന്ന ബൈബിൾ പകർത്തി എഴുതൽ പരിപാടി ഉദ്ഘാടനം ചെയ്യുകയും ഒരു ചെറിയ ഭാഗം എഴുതുകയും ചെയ്തു.

14 ഉച്ചകഴിഞ്ഞ് മണക്കടവ് ഇടവകയിൽ നിര്യാതനായ തോമസ് കാടാശ്ശേരിയുടെ മൃതസംസ്കാര ശുശ്രൂഷയ്ക്ക് നേതൃത്വം നൽകി.

18 ഉച്ചയ്ക്ക് മുമ്പ് ഈ വർഷം തിരുപ്പട്ടം സ്വീകരിക്കുന്ന ഡീക്കന്മാരുടെ ഭവനങ്ങൾ സന്ദർശിച്ചു.

വൈകുന്നേരം മാനന്തവാടി രൂപതയിൽ ചെറുകാട്ടൂർ സിസ്റ്റേഴ്സ് ഓഫ് സെന്റ് ജോസഫ് ഓഫ് ലിയോൺസ് നടത്തുന്ന സിബിഎസ്ഇ സ്കൂൾ വാർഷികാഘോഷത്തിൽ പങ്കെടുത്തു.

19 രാവിലെ ബഹുമാനപ്പെട്ട മാണി കണ്ടത്തിൽ അച്ചന്റെ മൃതസംസ്കാരകർമത്തിന്റെ രണ്ടാം ഭാഗത്തിന് കരിക്കോട്ടക്കരിയിൽ നേതൃത്വം നൽകി.

വൈകുന്നേരം മക്കിയാട് ബെനഡിറ്റൈൻസിന്റെ ഹോളി ഫേസ് സ്കൂൾ ആനിവേഴ്സറിയിൽ പങ്കെടുത്തു.

20 വൈകുന്നേരം കുന്നോത്ത് ഇടവകയിൽ നിർമ്മിക്കുന്ന പുതിയ ദൈവാലയത്തിന്റെ ശിലാസ്ഥാപന കർമ്മത്തിൽ പങ്കെടുത്തു.
രാത്രിയിൽ 1700 ദിവസങ്ങളായി ബൈബിൾ പാരായണത്തിലുള്ള ഒരു ഗ്രൂപ്പുമായി ഓൺലൈൻ മീറ്റിംഗ് നടത്തി.

21 വയനാട് പുൽപ്പള്ളിയിൽ നടത്തിയ എക്യുമെനിക്കൽ ക്രിസ്മസ് ആഘോഷത്തിൽ ക്രിസ്തുമസ് സന്ദേശം നൽകി.

23 രാത്രിയിൽ ഹോളി ഹോം മിനിസ്ട്രിയുടെ ഓൺലൈൻ മീറ്റിങ്ങിൽ പങ്കെടുത്ത് സന്ദേശം നൽകി.

24 ക്രിസ്തുമസ് തിരുകർമ്മങ്ങൾക്ക് ഇരിട്ടി ദൈവാലയത്തിൽ കാർമികത്വം വഹിച്ചു.

27 രാവിലെ മാട്ടറ ഇടവകയിൽ വച്ച് ഡീക്കൻ ആൽബിൻ പുതുപ്പറമ്പിൽ V C- ക്ക് പൗരോഹിത്യ പട്ടം നൽകി.
വൈകുന്നേരം നെല്ലിപ്പാറ ഇടവക തിരുനാളിന് വിശുദ്ധ കുർബാന അർപ്പിച്ച് സന്ദേശം നൽകി.

28 രാവിലെ മാനന്തവാടി രൂപതയിലെ കടൽമാട് ഇടവകയിൽ കുട്ടികളുടെ ആദ്യകുർബാന സ്വീകരണത്തിന് കാർമികത്വം വഹിച്ചു.
വൈകുന്നേരം ചെമ്പേരി കരുണാലയത്തിന്റെ സുവർണ്ണ ജൂബിലി ആഘോഷത്തിൽ പങ്കെടുത്തു.

29 പേരാവൂരിൽ ഡീക്കൻ മെൽവിൻ തുറക്കലിന് പൗരോഹിത്യ പട്ടം നൽകി.

30 രാവിലെ കാർത്തികപുരം ഇടവകയിൽ ആൻസൻ പന്നകത്തിൽ CST-ക്ക് പൗരോഹിത്യ പട്ടം നൽകി.
ഉച്ചയ്ക്ക് രത്നഗിരി ഇടവകയിൽ വെള്ളർവള്ളി കുടുംബ യോഗത്തിൽ പങ്കെടുത്തു.

31 രാവിലെ മേരിഗിരി ഇടവകയിൽ ഡീക്കൻ ജിബിൻ മാന്തറ CST-ക്ക് പൗരോഹിത്യ പട്ടം നൽകി.
ഉച്ചയ്ക്ക് ഇരിട്ടി അമല ആശുപത്രിയുടെ ഒരു സമ്മേളനത്തിൽ പങ്കെടുത്തു.

JANUARY 2026 ENGAGEMENTS

ARCHBISHOP EMERITUS GEORGE NJARALAKATT

01	09:00 am	-	Ordination: Dn. Bobin Puliyanapalli, Kozhichal
	02:30 pm	-	Ordination: Dn. Albert Kalloor CST, Dn. Alen Kanjiramattathil, Palavayal
02	08:40 am	-	Ordination: Dn. Jacob Thundathil, Perumbadavu
	04:30 pm	-	Baptism at Kalanki
03	08:45 am	-	Ordination: Dn. Albert Mappilaparambil, Palavayal
	04:00 pm	-	Betrothal & Marriage at Panathoor
04	09:30 am	-	Feastal Mass at Padannakadu
05	09:00 am	-	Ordination: Dn. John Chellamkottu CST, Dn. Anugrah Valiyaveettil CST, Konnakadu
06-10		-	Synod at Kakkanad
11	09:00 am	-	Feastal Mass at Ulikkal
13	10:00 am	-	School Anniversary at Kunnoth
	02:00 pm	-	School Anniversary at Palavayal
14	09:00 am	-	School Anniversary at Chemperi
	10:30 am	-	Marriage at Areekamala
15	05:30 pm	-	School Anniversary at Kallady
17	04:00 pm	-	Feastal Mass at Deepthagiri
18	04:00 pm	-	Feastal Mass at karmalaram, Bangalore
20	04:00 pm	-	Feastal Mass at Kottiyoor
21	01:00 pm	-	Feastal Mass at Marygiri
23	04:00 pm	-	Feastal Mass at Thundiyil
24	07:30 am	-	Solemn Communion at Chemperi
	04:30 pm	-	Feastal Mass at Padimaruth
25	10:30 am	-	Feastal Mass at Cherupuzha
26	10:00 am	-	Feastal Mass at Manimooli
27	10:00 am	-	School Anniversary at Kunnoth
	10:30 am	-	Marriage at Areekamala
31	05:00 pm	-	Feastal Mass at Cathedral, Thalassery

Secretary to the Archbishop Emeritus

വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന്

മാർ ജോർജ് വലിയമറ്റം

നവംബർ 2025

09 കല്ലുമുതിരക്കുന്ന് പള്ളിയിൽ വച്ച് ബഹുമാനപ്പെട്ട ജോസഫ് കക്കാട്ടിൽ അച്ചന്റെ സുവർണ്ണ ജൂബിലിയോട് അനുബന്ധിച്ച് വി. കുർബാന അർപ്പിക്കുകയും തുടർന്നുള്ള പൊതുസമ്മേളനത്തിൽ പങ്കെടുക്കുകയും ചെയ്തു.

23 കരുവഞ്ചാൽ പ്രീസ്റ്റ് ഹോമിൽ വെച്ച് നടന്ന ബഹു. ഇളയാനിതോട്ടത്തിൽ അച്ചന്റെ പൗരോഹിത്യ സുവർണ ജൂബിലിയോട് അനുബന്ധിച്ച് നടന്ന വി. കുർബാനയിലും തുടർന്നുള്ള മീറ്റിങ്ങിനും പങ്കുചേർന്നു. ഉച്ചകഴിഞ്ഞ് വിളക്കന്നൂർ ക്രിസ്തുരാജ് ദൈവാലയം സന്ദർശിച്ചു വൈകുന്നേരം 4 മണിക്ക് തലശ്ശേരി കത്തീഡ്രൽ പള്ളിയിൽ വച്ച് സ്നേഹയുടെയും വിൻസിന്റെയും വിവാഹ വാഗ്ദാനം നടത്തുകയുണ്ടായി.

24 തളിപ്പറമ്പ് പള്ളിയിൽ വച്ച് മൂന്നുപീടികയിൽ മാത്യു സാറിന്റെ മൃത സംസ്കാര ശുശ്രൂഷയിൽ നേതൃത്വം നൽകി.

26 കുന്നോത്ത് ഗുഡ് ഷെപ്പേർഡ് മേജർ സെമിനാരിയിൽ ഹോം ഡേ അനുബന്ധിച്ച് വി. കുർബാന അർപ്പിച്ച് വചനസന്ദേശം നൽകുകയും പുതിയതായി നിർമ്മിച്ച മിനി ഓഡിറ്റോറിയത്തിന്റെ വെഞ്ചിരിപ്പ് കർമ്മം നിർവഹിച്ചു.

28 കുളത്തുവയൽ പള്ളിയിൽ വെച്ച് സി. ആഗ്നസ് മരിയ എസ്.എച്ച്. മൃതസംസ്കാര ശുശ്രൂഷയിൽ പങ്കുചേർന്നു.

30 മാവുള്ളാൽ സെന്റ് ജൂഡ് പള്ളിയിൽ വെച്ച് വി. കുർബാന അർപ്പിച്ചു ഉച്ചകഴിഞ്ഞ് പുലിക്കുരുമ്പ പള്ളിയിൽ വച്ച് വെളിയത്ത് ജോസഫ് സാറിന്റെ ശവസംസ്കാര ശുശ്രൂഷയിൽ പങ്കുചേർന്നു. വൈകുന്നേരം മണിപ്പാറ പള്ളിയിൽ വെച്ച് 15 കുടുംബങ്ങൾ എഴുതി തയ്യാറാക്കിയ ബൈബിൾ പ്രകാശനം ചെയ്തു.

ഡിസംബർ 2025

02 കോടഞ്ചേരി പള്ളിയിൽ വച്ച് ത്രേസ്യാമ്മ ചെമ്മാമ്പള്ളിക്കുവേണ്ടി അർപ്പിച്ച് പ്രാർത്ഥിച്ചു.

04 തലശ്ശേരി കത്തീഡ്രൽ പള്ളിയിൽ വച്ച് ആനി കുര്യൻ പാലക്കുന്നേലിന്റെ സംസ്കാര ശുശ്രൂഷയിൽ പങ്കുചേരുന്നു.

07 താമരശ്ശേരി രൂപതയിലെ മൈലള്ളാംപാറ പള്ളിയിൽ വെച്ച് ആന്റണി

പുരയിടത്തിൽ അച്ചന്റെ ജേഷ്ഠസഹോദരന്റെ മൃതസംസ്ക്കാര ശുശ്രൂഷയിൽ പങ്കുചേർന്നു. മുക്കുഴി പിതാവിന്റെ യാത്രയപ്പ് സമ്മേളനത്തിലും സംബന്ധിച്ചു.

07 കരുവഞ്ചാൽ പ്രീസ്റ്റ് ഹോമിൽ വച്ച് ഡോ. മൈക്കിൾ കാരിമറ്റം അച്ചന്റെ ശവസംസ്കാര ശുശ്രൂഷയുടെ ആദ്യപാദം ദിവ്യബലിയും അർപ്പിച്ചു. തുടർന്ന് തലശ്ശേരി കത്തീഡ്രൽ പള്ളിയിൽ വച്ച് ശവസംസ്കാര ശുശ്രൂഷയിൽ പങ്കെടുത്തു.

08 തലശ്ശേരി കത്തീഡ്രൽ പള്ളിയിൽ വച്ച് ആനി കുര്യൻ പാലക്കുന്നിലിന്റെ അഞ്ചാം ചരമദിനത്തോടനുബന്ധിച്ച് വിശുദ്ധ കുർബാന അർപ്പിച്ചു. ഭവനത്തിൽ പോയി പ്രാർത്ഥനയും നടത്തി.

10 മണിക്കടവ് പള്ളിയിൽ വച്ച് തോമസ് പുള്ളോലിക്കൽ അച്ചന്റെ പിതാവിന്റെ മൃതസംസ്കാര ശുശ്രൂഷയിൽ പങ്കെടുത്തു.

11 ചെറിയ അരീക്കമല പള്ളിയിൽ വച്ച് ഐക്കരപ്പറമ്പിൽ ജോസഫ് അച്ചന്റെ വല്യച്ചാച്ചന്റെ മൃതസംസ്കാര ശുശ്രൂഷിൽ പങ്കെടുത്തു.

16 രത്നഗിരി പള്ളിയിൽ വച്ച് ജേക്കബ് വെണ്ണായപ്പിള്ളി അച്ചന്റെ വല്യമ്മയുടെ മൃതസംസ്കാര ശുശ്രൂഷയിൽ പങ്കെടുത്തു.

JANUARY 2026 ENGAGEMENTS

ARCHBISHOP EMERITUS GEORGE VALIAMATTAM

03	-	Marriage: Karunapuram
06 - 10	-	Syro Malabar Synod
11	-	Holy Mass: Kottody
26	-	Marriage: Kanhangad
31	-	Bible convention: Vellarikund

Secretary to the Archbishop Emeritus

തലശ്ശേരി അതിരൂപത
കെ സി വൈ എം / എസ് എം വൈ എം ന്റെ നേതൃത്വത്തിൽ
2025 ഡിസംബർ 20 ന് ഇരിട്ടിയിൽ നടന്ന
ബോൺ നത്താലെ
ക്രിസ്തുമസ് ആഘോഷത്തിൽ നിന്ന്...

2025 ഡിസംബർ 05, 06 തീയതികളിൽ
ചെമ്പേരി ലൂർദ്ദ് മാതാ ബസിലിക്കയിലേക്ക് നടന്ന മരിയൻ തീർത്ഥാടനം

റോമിൽ വച്ച് അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവ്
പരിശുദ്ധ പിതാവ് മാർ ലെയോ പതിനാലാമൻ പാപ്പായ്ക്ക് വിളക്കന്നൂർ
തിരുമുഖ അടയാളം പതിപ്പിച്ച മെഡൽ നൽകുന്നു.

തലശ്ശേരി അതിരൂപത 19-ാം പാസ്റ്ററൽ കൗൺസിലിന്റെ 6-ാം സമ്മേളനം
അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവ് ഉദ്ഘാടനം ചെയ്യുന്നു.
തളിപ്പറമ്പ്, 29 നവംബർ 2025

RNI Reg. No. 5910 Date of Publication: 28/12/2025
Registered KL/TLY/20/25-27
Licensed to post without prepayment of postage
No. KL/PMG/NR/WPP/2/TLY/2025-27
വാല്യം : 09 ലക്കം : 01 വില : ₹10

ജനുവരി 03

വി. ചാവറ കുര്യാക്കോസ് ഏലിയാസ്

Published & Printed by Fr. Sajan George Thengumpally on behalf of Fr. Jacob Narikuzhy. Printed at Vimala Offset Press, Thalassery.
Published from Archbishop's House, Hollow Way Road, Thalassery - 670 101.
Editor- Fr. Sajan George Thengumpally.